വാല്യം 131

ബാലുശ്ശേരി ബ്ലോക്ക്

(കോഴിക്കോട് ജില്ല)

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പനങ്ങാട്
8. കൂരാച്ചുണ്ട്

ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത്

വികസന രേഖ

ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസനരേഖ

വികസന സെമിനാർ

1996 നവംബർ 21

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ, കോക്കല്ലൂർ

എഡിറ്റോറിയൽ ബോർഡ്

എൻ.കെ. മധുസൂദനൻ

പി.കെ. ബാലകൃഷ്ണൻ

എൻ.പി.നദീഷ് കുമാർ

പി.പി. രവീന്ദ്രനാഥ്

കെ. പത്മരാജൻ, ബി.ഇ.ഒ.

സി. സത്യൻ

കെ.കെ. ഇസ്മയിൽ

കെ. ഷാജി

പി. പുഷ്പരാജൻ

ഗിരിജാ പാർവ്വതി

കെ.കെ. ശിവദാസൻ

നിങ്ങൾക്ക് വിടർന്ന പനിനീർ
പൂവിന്റെ സൗരഭ്യം വേണോ?
എങ്കിൽ അതിന്റെ മുള്ളുകളെക്കൂടി
സ്വീകരിക്കണം. നിങ്ങൾക്ക് പുഞ്ചിരിക്കുന്ന
പുലരിയുടെ മാധുര്യം വേണോ?
എങ്കിൽ രാത്രിയുടെ ഇരുണ്ട
യാമങ്ങളിൽകൂടി കടന്നുപോകണം.
നിങ്ങൾക്ക് സ്വാതന്ത്ര്യത്തിന്റെ
ആനന്ദവും ആശ്വാസവും വേണോ?
എങ്കിൽ അതിനുള്ള വില
കൊടുക്കണം. സ്വാതന്ത്ര്യത്തിന്റെ
വില ത്യാഗവും യാതനയുമാണ്.


കോഴിക്കോട് ജില്ല
N
കണ്ണൂർ ജില്ല
വയനാട് ജില്ല
കൊയിലാണ്ടി
ബാലുശ്ശേരി
ഗ്രാമപഞ്ചായത്ത്
കോഴിക്കോട്
മലപ്പുറം ജില്ല
ബാലുശ്ശേരി
ഗ്രാമപഞ്ചായത്ത്

ഭരണസമിതി അംഗങ്ങൾ



പ്രസിഡണ്ട്

എം. രാഘവൻ



വൈസ് പ്രസിഡണ്ട്

പി. സുധാകരൻ

സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ

കെ. ഗംഗാധരൻ

അംഗങ്ങൾ

ടി.കെ. തങ്കമണി
എൻ.പി. സരോജിനി
വി.സി. വിജയൻ
മന്ദത്ത് സുകുമാരൻ നായർ
വി.പി. വത്സല
കെ.കെ. ഉണ്ണീരിക്കുട്ടി
ടി.പി. ആലി
എൻ.വി. സുമതി

ഗ്രാമങ്ങളെ അവയുടെ ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിൽ ഞാൻ വിജയിക്കുമ്പോൾ ഞാൻ സ്വാതന്ത്ര്യം കൈവരിച്ചിരിക്കും.

ഉള്ളടക്കം

1. ആമുഖം 11
2. പഞ്ചായത്ത്: പൊതുവിവരണം 12
3. സാമൂഹ്യ സാംസ്കാരിക ചരിത്രം 13
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി 16
5. സാമൂഹിക സാമ്പത്തിക മേഖലകൾ 22
   - കൃഷിയും ജലസേചനവും 23
   - മൃഗസംരക്ഷണവും മത്സ്യബന്ധനവും 29
   - വ്യവസായം 32
   - വിദ്യാഭ്യാസം 37
   - കുടിവെള്ളവും പൊതുജനാരോഗ്യവും 45
   - ഗതാഗതവും ഊർജവും 50
   - പാർപ്പിടവും സാമൂഹ്യക്ഷേമവും 56
   - സംസ്കാരണമേഖല 60
   - വനിതാ ക്ഷേമം 65
   - സഹകരണം 70
   - പട്ടികജാതി- പട്ടികവർഗ ക്ഷേമം 73
   - വിഭവ സമാഹരണം 76


I
II
III
IV
V
VI
VII
VIII
IX
X
XI

ആമുഖം

ആസൂത്രണപ്രക്രിയയിൽ കേരളം പുതിയൊരു മാതൃക സൃഷ്ടിക്കുകയാണ്. സ്വയം സമ്പൂർണമായ ഗ്രാമങ്ങളായിരുന്നു മഹാത്മജി സ്വപ്നം കണ്ടത്. സ്വാതന്ത്ര്യത്തിന്റെ അമ്പതാം പിറന്നാൾ ആഘോഷിച്ചെങ്കിലും ഈ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടില്ല. വൈവിധ്യമേറിയ ഭൂപ്രദേശങ്ങളും ജനവിഭാഗങ്ങളുമുള്ള ഇന്ത്യയിൽ ഇതുവരെയും കേന്ദ്രീകൃതമായ പദ്ധതികളാണ് നടപ്പാക്കിയത്. വിവിധ വകുപ്പുകൾ തമ്മിൽ പരസ്പരബന്ധമില്ലാതെ, ജനകീയാവശ്യങ്ങൾ വേണ്ടപോലെ പരിഗണിക്കാതെ നടന്ന ആസൂത്രണം പല സന്ദർഭങ്ങളിലും വിഫലമായി.

ഇതിന്റെ ഫലമായി പദ്ധതികൾ ജനങ്ങളിൽനിന്നും അന്യവൽക്കരിക്കപ്പെട്ടു. പുതിയ നയങ്ങൾ കാർഷിക വ്യാവസായിക രംഗങ്ങളിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുകയും ഊർജ്ജം,വിദ്യാഭ്യാസം തുടങ്ങിയ മേഖലയാകെ കുത്തഴിഞ്ഞ അവസ്ഥയിലെത്തിക്കുകയും ചെയ്തു.ഈ സ്ഥിതിയിൽനിന്ന് കേരളത്തെ കരകയറ്റുകയും സംസ്ഥാനത്തിന്റെ സമഗ്രവികസനം ഉറപ്പുവരുത്തുകയും ചെയ്യുകയെന്ന ഭാരിച്ച കടമ നിർവ്വഹിക്കുന്നതിന് ജനകീയ ആസൂത്രണപ്രസ്ഥാനം സഹായിക്കുമെന്നത് നിസ്തർക്കമാണ്.വികേന്ദ്രീകൃതമായി, ജനപങ്കാളിത്തത്തോടുകൂടി താഴെ തട്ടിൽനിന്നും മുകളിലേക്കുള്ള ആസൂത്രണമാണ് ഒമ്പതാം പദ്ധതിയിൽ കേരളസംസ്ഥാനത്ത് ലക്ഷ്യമിട്ടിരിക്കുന്നത്.

അടുത്ത പഞ്ചവത്സരപദ്ധതിയിൽ സംസ്ഥാന വിഹിതത്തിന്റെ 35-40% വരെ തുക ചെലവഴിക്കുക ത്രിതല പഞ്ചായത്ത് സമിതികളായിരിക്കുമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് വ്യക്തമാക്കിക്കഴിഞ്ഞു. ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പിൽ വരുത്താനും ജനങ്ങളിൽ പ്രതീക്ഷയും ശുഭാപ്തിവിശ്വാസവും ദിശാബോധവും വളർത്തിയെടുത്ത് പ്രാദേശിക വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനും പഞ്ചായത്ത് സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും നിലവിലുള്ള സ്കീമുകൾ കൂടുതൽ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിൽവരുത്താനും ഇതുവഴി സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളും പരിപാടികളും വിശദീകരിക്കുന്നതിനു വേണ്ടി 1996 സപ്തംബർ 11-ന് ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വിവിധ രാഷ്ട്രീയ ബഹുജനസംഘടനകളുടെയും സാസ്കാരിക പ്രവർത്തകരുടെയും യോഗം ചേർന്നു. ഈ യോഗത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ആസൂത്രണപ്രക്രിയ ത്വരിതപ്പെടുത്താൻ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടു. ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിനു വേണ്ടി എല്ലാ വാർഡുകളിലും സ്വാഗതസംഘം രൂപീകരിച്ചു.വിവിധ ഗ്രാമസഭകളിലായി 2109 പേർ പങ്കെടുത്തു.ഇവരിൽ 1594 പേർ പുരുഷന്മാരും 515 പേർ സ്ത്രീകളുമായിരുന്നു.ഒന്നാം ഘട്ട ജില്ലാതല പരിശീലനത്തിൽ 49 പേരും പങ്കെടുത്തു.രണ്ടാം ഘട്ടത്തിൽ യഥാക്രമം 11 ഉം 46 ഉം വീതമാണ് പങ്കാളിത്തം.

പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി ഭൂപ്രകൃതി, പ്രകൃതി വിഭവങ്ങൾ തുടങ്ങിയവ അവലോകനം നടത്തുന്നതിനുവേണ്ടി മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞ് പഞ്ചായത്തിനകത്ത് പഠന പര്യടനം നടത്തുകയുണ്ടായി.പ്രധാന മൺതരങ്ങൾ, ജലവിഭവങ്ങൾ, വിളകൾ എന്നിവയെക്കുറിച്ചുള്ള സാമാന്യവിവരങ്ങൾ ശേഖരിക്കാൻ ഈ പര്യടന പരിപാടികൊണ്ട് സാധിച്ചു. പഞ്ചായത്തിലെ നിലവിലുള്ള സ്ഥിതി പഠിക്കുന്നതിനായി ആപ്പീസുകൾ കേന്ദ്രീകരിച്ച് ദ്വിതീയ വിവരശേഖരണവും സംഘടിപ്പിക്കുകയുണ്ടായി.

രാജ്യവും ജനങ്ങളും കടുത്ത പരീക്ഷണങ്ങളെയാണ് നേരിടുന്നത്. രാഷ്ട്രീയ പ്രശ്നങ്ങൾ, വർഗീയതയുടെ ഭീഷണി, സാമ്രാജ്യത്വ സമ്മർദ്ദം അതോടൊപ്പം രാഷ്ട്രശരീരത്തെയാകെ വ്രണപ്പെടുത്തിയിരിക്കുന്ന അഴിമതി- ഇവയാണ് നാം നേരിടുന്ന മുഖ്യവെല്ലുവിളികൾ.ഇവയെ അതിജീവിക്കുക, ജനങ്ങൾക്ക് ആശ്വാസം നൽകുക, നാടിന്റെ സമഗ്രപുരോഗതിക്ക് നേതൃത്വം കൊടുക്കുക എന്നീ ഭാരിച്ച കടമകളാണ് നമുക്ക് നിർവ്വഹിക്കാനുള്ളത്. അവ പൂർത്തിയാക്കുന്ന പ്രക്രിയയിൽ ഉയർന്നുവരുന്ന ഏതു പ്രതിബന്ധത്തെയും മറികടക്കാമെന്ന പൂർണവിശ്വാസവും നിശ്ചയദാർഢ്യവും ജനപങ്കാളിത്തം ഉറപ്പുനൽകുന്നു. ഈ ദൃഢനിശ്ചയത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സമ്പൂർണ പിന്തുണയുണ്ടാകുമെന്ന പ്രത്യാശയോടെയാണ് ഈ വികസന റിപ്പോർട്ട് അവതരിപ്പിക്കുന്നത്.

ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത്
പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	ബാലുശ്ശേരി
ബ്ലോക്ക് പഞ്ചായത്ത്	:	ബാലുശ്ശേരി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	ബാലുശ്ശേരി, കക്കഞ്ചേരി.
ജില്ലാ പഞ്ചായത്ത്	:	കോഴിക്കോട്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	ബാലുശ്ശേരി, നടുവണ്ണൂർ
താലൂക്ക്	:	കൊയിലാണ്ടി
അസംബ്ലി മണ്ഡലം	:	ബാലുശ്ശേരി
വിസ്തീർണം	:	22.44 ച.കി.മീ
അതിരുകൾ	:	വടക്ക്- മഞ്ഞപ്പുഴ തെക്ക് - തരിപ്പാക്കുനിമല, ചെകിടൻമല, ഉപ്പൂത്തിക്കണ്ടിമല. കിഴക്ക് - പനങ്ങാട് പഞ്ചായത്ത് പടിഞ്ഞാറ് - ഉള്ളേ്യരി, അത്തോളി ഗ്രാമപഞ്ചായത്തുകൾ.
ജനസംഖ്യ	:	24113 (1991-ലെ സൻസസ്)
പുരുഷന്മാർ	:	11972
സ്ത്രീകൾ	:	12141
ജനസാന്ദ്രത	:	1074.5 ച.കി.മീ.
സാക്ഷരർ	:	19733
പുരുഷന്മാർ	:	10174
സ്ത്രീകൾ	:	9559
വാർഡുകൾ	:	11
പ്രസിഡണ്ട്	:	എം.രാഘവൻ
വൈസ് പ്രസിഡണ്ട്	:	പി. സുധാകരൻ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	:	ഗംഗാധരൻ കാഞ്ഞിക്കാവ്
പഞ്ചായത്ത് സെക്രട്ടറി	:	സി.കെ.സുശീല

സാമൂഹ്യ സാംസ്കാരിക ചരിത്രം

ഭാരതത്തിൽ വേദകാലഘട്ടം മുതൽതന്നെ ഗ്രാമം, ഘോഷം, തുടങ്ങിയ പേരുകൾ പഞ്ചായത്ത് സംവിധാനം നടപ്പിലുണ്ടായിരുന്നതായി ചരിത്രരേഖകളിൽ കാണാവുന്നതാണ്. പഞ്ചായത്ത് എന്ന വാക്കുകൊണ്ട് 'അഞ്ച് അംഗങ്ങളുടെ സഭ' എന്നാണ് പൊതുവിൽ അർത്ഥമാക്കിയിരുന്നത്. ഇത്തരം സഭകൾ ഗ്രാമീണ ജീവിതത്തിന്റെ അവിഭാജ്യഘടകമായിരുന്നെങ്കിലും അവയുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേക നയമ വ്യവസ്ഥകളൊന്നുമുണ്ടായിരുന്നില്ല.

എ.ഡി. 1600 ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി കച്ചവടത്തിനായി ഇന്ത്യയിൽ വന്നതോടെയാണ് ഈ നിലമാറിയത്. അവർ പ്രദേശിക ഭരണം, കൂടി കയ്യടക്കാൻ തുടങ്ങി. 1919ലെ ഇന്ത്യാ ഗവർമെണ്ട് ആക്ടിനെ തുടർന്ന് 1920ൽ ബ്രീട്ടീഷ് ഗവർമെണ്ട് പഞ്ചായത്ത് നിയമങ്ങൾക്കും ഭേതഗദി വരുത്തി. അതോടെ പരമ്പരാഗതമായ വിശേഷാധികാര സ്ഥാപനങ്ങൾ എന്നിതിനു പകരം പഞ്ചായത്തുകൾ നയമപരമായ സ്ഥാപനങ്ങളായി മാറി.

മൊണ്ടേഗു-ചെംസ്ഫോർഡ് ഭരണ പരിഷ്കാരത്തിന്റെ ഭാഗമായി ഉടലെടുത്ത മദ്രാസ് ലോക്കൽ ബോർഡ് ആക്ട് പ്രകാരം പഴയ മദിരാശി സംസ്ഥാനത്ത് ജില്ലാ-താലൂക്ക് പഞ്ചായത്ത് ബോർഡുകൾ നിലവിൽ വന്നു. കുറമ്പ്രനാട് താലൂക്കിലെ ബാലുശ്ശേലി, കോക്കല്ലൂർ, പനങ്ങാട്, കിനാലൂർ എന്നീ അംശങ്ങൾ ചേർന്നതായിരുന്നു അന്നത്തെ ബാലുശ്ശേരി പഞ്ചായത്ത്.

58 വർഷം മുമ്പ് 1938 ജൂലൈ 16 ശനിയാഴ്ച ഉച്ചക്ക് 1 മണിക്ക് ബാലുശ്ശേരി ഹിന്ദു ബോർഡ് എലിമെന്ററി സ്കൂളിൽ (ബാലുശ്ശേരി ഗവ.എൽ.പി. സ്കൂൾ) ചേർന്ന പ്രഥമയോഗത്തിലാണ് ബാലുശ്ശേരി പഞ്ചായത്തിന്റെ ഒന്നാമത്തെ ഭരണസമിതി രൂപം കൊണ്ടത്.

ബ്രിട്ടീഷ് സർക്കാരിനാൽ സ്ഥാപിതമായ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽപെട്ട ബാലുശ്ശേരി പഞ്ചായത്ത് ഭരണ സമിതി ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് മുമ്പ് പാസ്സാക്കിയ പ്രമേയങ്ങളിൽ പലതും വിദേശഭരണകൂടത്തെ വെല്ലുവിളിക്കുന്നവയായിരുന്നു.

'പഞ്ചായത്ത് ഓഫീസിൽ ത്രിവർണ്ണ പതാക ഉയർത്തണം'.

'മഹാത്മജിയുടെ ഛായാപടം തൂക്കണം'.

'ബ്രിട്ടീഷ് ഗവർമെണ്ടിന്റെ യുദ്ധ ലക്ഷ്യങ്ങൾ സംബന്ധിച്ച് ഇന്ത്യാ വൈസ്രോയിയുടെ വിശദീകരണം തൃപ്തികരമല്ല'.

'അഖിലേന്ത്യാ കോൺഗ്രസ് കമ്മറ്റിയുടെ നടപടിക്കോട് പൂർണ്ണമായി യോജിക്കുന്നു'.

അക്കാലത്ത് പാസ്സാക്കിയ പ്രമേയങ്ങളിലെ ചില വരികളാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഇത്തരം കാര്യങ്ങൾ ആരെങ്കിലുമൊന്ന് പതുക്കെ പറഞ്ഞുപോയാൽ പോലും പോലീസ് മർദ്ദനവും ജയിലറയും ഉറപ്പായിരുന്ന കാലത്ത് ഈ തീരുമാനങ്ങൾ ദേശീയ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന് ആവേശം പകർന്നു.

1931ൽ ബാലുശ്ശേരിയിൽ നടന്ന കോൺഗ്രസ് പൊയുയോഗത്തിനു നേരെ പോലീസ് സർക്കിൾ ഇൻസ്പെക്ടർ കുഞ്ഞുമേനോന്റെ നേതൃത്വത്തിൽ നടന്ന ലാത്തിചാർജ് അതിഭീകരമായിരുന്നു. നിസ്സഹകരണ സമരവും ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭവും ജനജീവിതത്തെ ഇളക്കി മറിച്ചു.

കോക്കല്ലൂർ അംശക്കച്ചേരി തീവെപ്പും, ഉള്ളേരി പാലം തകർത്ത സംഭവവും വിദേശഭരണത്തിനെതിരായ ശക്തമായ പ്രതിഷേധത്തിന്റെ ഭാഗമായിരുന്നു.

കാർഷിക രംഗത്ത് ഉയർന്നുവന്ന സമരങ്ങൾ നിരവധിയാണ്. കൂത്താളി സമരത്തിൽ ബാലുശ്ശേരി നിന്ന് നിരവധി വളണ്ടിയർമാർ പങ്കെടുത്തു. രാമയ്യരുടെ കൈവശമുണ്ടായിരുന്ന മിച്ച ഭൂമി വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭം ശക്തമായിരുന്നു. ഇതിന്റെ ഫലമായി മിച്ചഭൂമി പതിച്ചു കൊടുക്കാൻ അധികാരികൾ തയ്യാറായി. നേരിയ തോതിലാ

ണെങ്കിലും. കാർഷിക ഉൽപാദന വളർച്ചക്ക് ഇത് കാരണമായി.

കടികിടപ്പിനുവേണ്ടി 10 സെന്റ് വളച്ചുകെട്ടൽ സമരം നമ്മുടെ പഞ്ചായത്തിലും ശക്തമായിതന്നെ നടന്നു. ചൂണ്ടിക്കാണിക്കൽ സമരം, ആദായമെടുക്കൽ സമരം എന്നിവ ഘട്ടം ഘട്ടമായി നടന്നു. ഇത്തരം സമരങ്ങൾ താഴെ തട്ടിലുള്ള ജനങ്ങളെ സംഘടിത പ്രസ്ഥാനങ്ങളിലേക്ക് കൂടുതൽ അടുപ്പിച്ചു.

ബാലുശ്ശേരി കോട്ട പതദേവതാക്ഷേത്രം ഇപ്പോൾ പനങ്ങാട് പഞ്ചായത്തിലാണെങ്കിലും ബാലുശ്ശേരിയുടെ അവിഭാജ്യഘടകമാണ്. കോട്ടയുടെ ചരിത്രവും ബാലുശ്ശേരിയുടെ ചരിത്രവും പരസ്പര പൂരകങ്ങളാണ്.

മരുമക്കത്തായ സമ്പ്രദായം നിലവിലുണ്ടായിരുന്ന കാലത്ത് കൂട്ടുകുടുംബങ്ങളുടെ അനേകം തറവാട്ടു ക്ഷേത്രങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. ഇന്ന് പലതും നാമാവശേഷമായി. സർപ്പക്കാവുകളും മറ്റും ഇവയുടെ പ്രതീകമായി ഇപ്പോഴും നിലനിൽക്കുന്നു.

ക്ഷേത്ര പ്രവേശനവുമായി ബന്ധപ്പെട്ട് സംഘർഷപൂർണ്ണമായ പല സംഭവങ്ങളും അക്കാലത്തുണ്ടായി. സവർണ്ണരുടെ കൈവശത്തിലായിരുന്ന കോങ്കോട്ടുകുന്നു ഭഗവതി ക്ഷേത്രത്തിലേക്ക്. അവർണ്ണർ പ്രവേശിച്ചത് അക്കാലത്തെ ഒരു പ്രധാന സംഭവമായിരുന്നു.

ആദ്യകാലത്തെ ആരാധനാലായങ്ങളുടെ കൂട്ടത്തിൽ എരമംഗലം മുസ്ലീം പള്ളിക്ക് പ്രത്യേക സ്ഥാനമുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ച ഒന്നാമത്തെ വിദ്യാലയം കോക്കല്ലൂർ എലിമെന്ററി സ്കൂളാണെന്ന പറയപ്പെടുന്നു. ഇന്നും പറമ്പിന്റെ മുകളിൽ പ്രവർത്തിക്കുന്ന സി.കെ.ആർ വായനശാല ആദ്യത്തെ വായനശാലയായും വിവിധോദ്ദേശ്യ ഐക്യ നാണയ സംഘം ആദ്യത്തെ സഹകരണ സംഘമായും കരുതപ്പെടുന്നു.

പഞ്ചായത്ത് ഭരണ ചരിത്രം.

16-7-1938ൽ ജില്ലാ പഞ്ചായത്ത് ഓഫീസറുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ശ്രീ.പി.ഉക്കപ്പക്കുറുപ്പിനെ അവിഭക്ത ബാലുശ്ശേരിയുടെ ഒന്നാമത്തെ പ്രസിഡണ്ടായും കണിയാങ്കണ്ടി ചോയിയെ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുത്തു. നിയമപ്രകാരം അന്ന് ഭരണസമിതിയുടെ കാലാവധി മൂന്ന് വർഷമായിരുന്നു. എന്നാൽ ആദ്യഭരണ സമിതി അധികാരത്തിൽ വന്ന്, ഒരു കൊല്ലവും ഒമ്പത് മാസവും പൂർത്തിയായപ്പോൾ രണ്ടാമത്തെ ഭരണ സമിതി നിലവിൽ വന്നതായാണ് കാണുന്നത്.

16.3.1940 ന് രാത്രി 8 മണിക്ക് ഇലക്ഷൻ ആഫീസർ പി.ജെ.തോമസ്സിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എ.കെ.കൃഷ്ണൻ നായരും പി.അപ്പുണ്ണി മേനോനും തമ്മിൽ പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരം നടന്നു. രണ്ടുപേർക്കും തുല്യവോട്ടു ലഭിച്ചതിനെ തുടർന്ന് നറുക്കെടുപ്പിലൂടെ കൃഷ്ണൻ നായർ പ്രസിഡണ്ടായി. എടത്തിൽ മമ്മദ് സാഹിബ് വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു.

വോട്ടർമാർ കൈപൊക്കി വോട്ടു ചെയ്ത് അംഗങ്ങളെ തെരഞ്ഞെടുക്കുന്ന സമ്പ്രദായമായിരുന്നു ഒന്നും രണ്ടും ഭരണസമിതികളുടെ കാലത്ത് ഉണ്ടായിരുന്നത്. താഴെ പറയുന്ന യോഗ്യതകളുള്ള 21 വയസ്സ് പൂർത്തിയായവർക്ക് മാത്രമെ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ.

1. ഇന്ത്യൻ വംശജനോ, ബ്രട്ടീഷ് വംശജനോ.
2. സർക്കാരിലേക്ക് നികുതി അടക്കുന്നവൻ
3. ഭൂസ്വത്തിന്റെ ഉടമയോ, കൈവശക്കാരനോ
4. ബ്രിട്ടീഷ് പട്ടാളത്തിൽ നിന്നും പിരിഞ്ഞവർ.
5. കൂട്ടു ജന്മി കുടുംബത്തിൽ നിന്നും ഒരു പ്രതിനിധി.

ഇന്നത്തെപോലെ രഹസ്യ ബാലറ്റ് സമ്പ്രദായം നിലവിൽ വന്ന് 1953ൽ മദ്രാസ് വില്ലേജ് പഞ്ചായത്ത് നിയമമനുസരിച്ച് നടന്ന തെരഞ്ഞെടുപ്പിൽ മൂന്നാമത്തെ ഭരണ സമിതി അധികാരത്തിൽ വന്നു. ഈ നിയമമനുസിച്ചു പ്രസിഡണ്ടിനെ നേരിട്ടു തെരഞ്ഞെടുക്കുകയാണ് ചെയ്തത്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒന്നാമത്തെയും അവിഭക്ത ബാലുശ്ശേരി പഞ്ചായത്തിന്റെ അവസാനത്തേതുമായ ഈ ഭരണ സമിതിയുടെ പ്രസിഡണ്ട് ശ്രീ.വി.വി.ബാലകൃഷ്ണനായിരുന്നു.

1962ലെ പഞ്ചായത്ത് പുനഃസംഘടനയോടെ അവിഭക്ത ബാലുശ്ശേരി പഞ്ചായത്തിലെ പനങ്ങാട്, കിനാലൂർ അംശങ്ങൾ ചേർന്ന് പനങ്ങാട് പഞ്ചായത്തും, ബാലുശ്ശേരി, കോക്കല്ലൂർ അംശങ്ങൾ ചേർന്ന് ബാലുശ്ശേരി പഞ്ചായത്തും നിലവിൽ വന്നു.

1963 ലെ തെരഞ്ഞെടുപ്പിലൂടെ അഡ്വ. എം.ചോയിക്കുട്ടി പ്രസിഡണ്ടും, എ.എം.ഗോപാലൻ വൈസ് പ്രസിഡണ്ടുമായി എട്ടംഗഭരണസമിതി അധികാരത്തിൽ വന്നു. നോമിനേഷനിലൂടെ ഒരു വനിതാ പ്രതിനിധിയും- ശ്രീമതി.കമലമ്മ- ഈ ഭരണസമിതിയിൽ ഉണ്ടായിരുന്നു.

ഇന്നത്തെ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം ഒരു ചെറിയ കെട്ടിടം ഉൾപ്പെടെ വിലയ്ക്കുവാങ്ങിയത് ഇക്കാലത്തായിരുന്നു. അഡ്വ.ചോയിക്കുട്ടി രാജിവെച്ച ഒഴിവിൽ 1973ൽ ഡോ.ഒ.കെ.ഗോവിന്ദൻ പ്രസിഡണ്ടായി. ശുദ്ധജല വിതരണം, ബസ് സ്റ്റാന്റ് വികസനം എന്നിവക്കാവശ്യമായ പ്രാഥമിക നടപടി

കൾ പൂർത്തിയാക്കുന്നതിന് ഈ ഭരണസമിതിയ്ക്കു കഴിഞ്ഞു.

16 വർഷങ്ങൾക്കുശേഷം 1979ൽ നടന്ന തെരഞ്ഞെടുപ്പിൽ എ.എം.ഗോപാലൻ പ്രസിഡണ്ടും, പാടമ്പത്ത് രാജൻ വൈസ് പ്രസിഡണ്ടും ആയി 9 അംഗ ഭരണസമിതി അധികാരത്തിൽ വന്നു. തെരഞ്ഞെടുപ്പിലൂടെ ഒരു വനിത ആദ്യമായി ഭരണസമിതി അംഗമായത്ത് ഇക്കാലത്താണ് (ഇ.കെ.സുധ)

ബസ് സ്റ്റാന്റ് വികസനത്തിന് 26 സെന്റ് ഭൂമി പൊന്നും വിലയ്ക്കെടുത്തതും, പൊതുശ്മശാനം, മിനി സ്റ്റേഡിയം, പൊതുമാർക്കറ്റ് എന്നിവക്കു വേണ്ടി സ്ഥലം അക്വയർ ചെയ്യാൻ നടപടിയെടുത്തതും ഈ ഭരണ സമിതിയാണ്.

1988ൽ എം.രാഘവൻ പ്രസിഡണ്ടും, കെ.ദാക്ഷായണി അമ്മ വൈസ് പ്രസിഡണ്ടുമായി 10 അംഗ ഭരണ സമിതി നിലവിൽ വന്നു. സബ്ട്രഷറി, എരമംഗലം പ്രാഥമികാരോഗ്യ കേന്ദ്രം, ഫിനാൻഷ്യൽ എന്റർപ്രൈസ് ശാഖ, കോക്കല്ലൂർ കന്നുകാലി വികസന ഓഫീസ്, ഇലക്ട്രിക്കൽ റൂറൽ ഡിവിഷൻ ഓഫീസ്, മാവേലി സ്റ്റോർ എന്നിവ പഞ്ചായത്തിൽ ആരംഭിച്ചത് ഇക്കാലത്താണ്.

ദീർഘകാലം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കേണ്ടിവന്ന പഞ്ചായത്ത് ഓഫീസ് സ്വന്തമായി കെട്ടിടം പണിഞ്ഞതും, പഞ്ചായത്തിലെ പ്രധാന കുളങ്ങൾ കെട്ടി സംരക്ഷിക്കാനുള്ള പ്രവർത്തനം നടത്തിയതും, കമ്യൂണിറ്റി ഹാൾ, കളിസ്ഥലം എന്നിവ നിർമ്മിക്കുന്നതിന് രണ്ടര ഏക്കർ സ്ഥലം പൊന്നും വലക്കെടുക്കാൻ തീരുമാനിച്ചതും പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കാനുള്ള സ്ഥലത്തിന്റ ജന്മപ്രതിഫലസംഖ്യ കൊടുത്തതും കെട്ടിടം പണിയുടെ ടെണ്ടർ നൽകിയതും ഈ ഭരണസമിതിയുടെ കാലത്ത് നടന്ന പ്രധാന പ്രവർത്തനങ്ങളാണ്.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു ബഹുനില കെട്ടിടം നിർമ്മിച്ചതും മുഖ്യമന്ത്രി ഇ.കെ.നായനാർ അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചതും 1990ലാണ്.

1993 ജനുവരി 1 മുതൽ 26 വരെ നീണ്ടുനിന്ന ബാലുശ്ശേരി ഗ്രമാഞ്ചായത്തിന്റെ 55-ാം വാർഷികാഘോഷ പരിപാടികൾ അവസ്മരണീയമായ ഒരനുഭവമായിരുന്നു. ജനപങ്കാളിത്തത്തിന്റെ ഉത്തമ മാതൃകയായി ഈ പരിപാടികൾ ശ്രദ്ധിക്കപ്പെട്ടു.

73ാം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി നടന്ന തെരഞ്ഞെടുപ്പിലൂടെയാണ് ഇന്നത്തെ ഭരണ സമിതി അധികാരത്തിൽ വന്നത്. 11 അംഗ ഭരണ സമിതിയിൽ 4 പേർ വനിതകളാണ്.

ഭൂപ്രകൃതി, ജനപ്രകൃതി ജലപ്രകൃതി

ചരിത്ര പ്രസിദ്ധമായ കോഴിക്കോട് നഗരത്തിൽ നിന്നും 25 കി.മീ. വടക്കുമാറി സ്ഥിതിചെയ്യുന്ന പ്രശാന്തസുന്ദരമായ ഭൂപ്രദേശമാണ് ബാലുശ്ശേരി. പടിഞ്ഞാറ് ഉള്ളേരി, അത്തോളി ഗ്രമാപഞ്ചായത്തുകളും തെക്ക് നന്മണ്ട ഗ്രമാപഞ്ചായത്തും, കിഴക്ക് പനങ്ങാട ഗ്രാമപഞ്ചായത്തും വടക്ക് മഞ്ഞപ്പുഴയുമാണ് പഞ്ചായത്തിന്റെ അതിരുകൾ.

ഭൂപ്രകൃതി അനുസരിച്ച് ബാലുശ്ശേരിയ എട്ട് മേഖലകളായി തിരിക്കാം.

1. മലമ്പ്രദേശം, 2,വലിയ ചെരിവ്, 3.കുന്നിൻ പ്രദേശം, 4.ചെറിയ ചെരിവ്, 5.സമതലം, 6.വയൽ, 7.ഉയർന്ന സമതലം, 8.ചതുപ്പ് നിലം.

തരിപ്പാക്കുനിമല, ഉപ്പൂത്തിക്കണ്ടി മല, ചെകിടൻ മല, ചുള്ളിയുള്ള മല, പങ്ങിണി മല, അരിമ്പമല എന്നിവയാണ് മലമ്പ്രദേശത്തിന്റെ പട്ടികയിൽ വരുന്നത്.

എരമംഗലം മിച്ചഭൂമി, കവ്വക്കാട് മല, കോങ്കോട് കുന്ന്, കോറോത്ത് പാറ, കോണങ്കോട് കുന്ന് എന്നിവയാണ് കുന്നിൻ പ്രദേശങ്ങൾ. കുന്നിൻ ചെരിവുകളും ഉയർന്ന സമതലങ്ങളുടെ ചെരിവുകളുമാണ് പഞ്ചായത്തിലെ ചെരിവുപ്രദേശങ്ങൾ. മലമ്പ്രദേശത്തിന്റെ ചെരിവുകളാണ് വലിയ ചെരിവിൽ ഉൾപ്പെടുന്നത്. പഞ്ചായത്തിലൂടെ കടന്നു പോകുന്ന സംസ്ഥാന ഹൈവേയുടെ ഇരുഭാഗങ്ങളിലുമായി സമതലം വ്യാപിച്ചുകിടക്കുന്നു.

തുരുത്യാട് വയൽ, തത്തമ്പത്ത് വയൽ, കുന്നക്കൊടി വയൽ, എരമംഗലം വയൽ, മുത്തപ്പൻ തോട് വയൽ, കൂനഞ്ചേരി വയൽ, പനായി- മണ്ണാമ്പൊയിൽ വയൽ, കുറ്റ്യാട്ടു വയൽ, കാറാലപ്പൊയിൽ, എടപ്പാടിത്താഴെ വയൽ, കാഞ്ഞിക്കാവ് വയൽ, വൈകുണ്ഠം-താഴത്തുവീട്ടിൽ വയൽ, മരക്കാട്ടുവയൽ, തൂർത്തവയൽ, കുന്നംകുളം വയൽ, കണ്ണപ്പൻകണ്ടി വയൽ, പടിഞ്ഞാറെ വീട്ടിൽ താഴെ വയൽ തുടങ്ങിയവയാണ് പ്രധാന വയലുകൾ.

പറമ്പിന്റെ മുകൾ, കോക്കല്ലൂർ പ്രദേശങ്ങൾ ഉയർന്ന സമതലങ്ങളാണ്. പാടമ്പത്ത് താഴെ ചുതുപ്പു പ്രദേശമാണ്.

മൺതരങ്ങൾ

പഞ്ചായത്തിൽ പ്രധാനമായും കരിമണ്ണ്, ചെമ്മണ്ണ്,ചെളിമണ്ണ്, ചരൽ നിറഞ്ഞ് മണ്ണ്, മണൽ മണ്ണ്, കളിമണ്ണ് എന്നീ വിഭാഗങ്ങളിൽ പെടുത്താവുന്ന മൺതരങ്ങളുണ്ട്.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ തെക്കുഭാത്തുള്ള മലമ്പ്രദേശത്ത് ഇരുൾ, തേക്ക്, നെല്ലി, മാവ്, കശുമാവ് എന്നിവ കൂടുതലായി കാണുന്നു. ചെരിവ് പ്രദേശത്തും സമതലങ്ങളിലും തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ് എന്നീ മരങ്ങളും ഇടവിളകളായി കുരുമുളക്, വാഴ, ചേമ്പ്, ചേന തുടങ്ങിയവയും ഉണ്ട്. ഇടവിളകൾ പൊതുവെ കുറഞ്ഞുവരുന്നതായാണ് കാണുന്നത്. വയൽ പ്രദേശത്ത് നെല്ല് കൂടുതലായി കൃഷി ചെയ്യുന്നു. കുറഞ്ഞ തോതിൽ വാഴകൃഷിയും പച്ചക്കറി കൃഷിയും കൂർക്ക കൃഷിയും വയലുകളിൽ ചെയ്തു വരുന്നുണ്ട്. വയൽ നികത്തുന്ന പ്രവണത പല സ്ഥലങ്ങളിലും കാണപ്പെടുന്നു.

ജലപ്രകൃതി

ബാലുശ്ശേരി പഞ്ചായത്തിൽ ശരാശറി 3667 മി.മീ

മഴ ലഭിക്കുന്നുണ്ട്. സംസ്ഥാന ശരാശരി 3063 മി.മീ ആണ്. ജൂൺ, ജൂലൈ മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. അതിർത്തിയിലൂടെ ഒഴുകുന്ന മഞ്ഞപുഴ ഒരു പ്രധാന ജല സ്രോതസ്സാണ്. ലഭിക്കുന്ന മഴ വെള്ളം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. വേനലിൽ പല കിണറുകളും വറ്റിപ്പോകുന്നു.

ജല ലഭ്യതയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ മൂന്ന് വിഭാഗമായി തരംതിരിക്കാം.

1. വർഷത്തിൽ മുഴുവൻ മഴ ലഭിക്കുന്ന പ്രദേശം.

2. മിതമായ മഴ ല്ഭിക്കുന്ന പ്രദേശം.(പത്ത് മാസമെങ്കിലും ലഭിക്കുന്ന പ്രദേശം)

3. ജല ലഭ്യതയിൽ ദരിദ്രമായ പ്രദേശം

(4 മാസോ, അധികമോ ജലം ലഭിക്കാത്ത പ്രദേശം)

വയലുകൾക്ക് തൊട്ടുള്ള സമതലങ്ങളും കനാലിന് തൊട്ടുള്ള പ്രദേശങ്ങളും ഒന്നാമത്തെ വിഭാഗത്തിലും സമതലങ്ങൾ പൊതുവെ രണ്ടാമത്തെ വിഭാഗത്തിലും ഉയർന്ന സമതലങ്ങളിലെ ചില പ്രദേശങ്ങൾ മൂന്നാമത്തെ വിഭാഗത്തിലും ഉൾപ്പെടുന്നു.

പഞ്ചായത്തിലെ പ്രധാന കുളങ്ങൾ

1. താഴെ കുറുങ്ങോട്ടുകുളം
2. വൈകുണ്ഠം ചിറ
3. പൊന്നരം കുളം
4. ചിറക്കൽ ചിറ
5. മാട്ടുക്കുളം.
6. കണ്ണൻ ചിറ
7. ഇരട്ടകുളം
8. പുതിയേടത്ത് കുളം
9. കൂട്ടാക്കുളം
10. നെരോത്ത് കുളം.
11. ചിറക്കൽ കുളം
12. കോക്കല്ലൂർ കുളം.
13. മുതിരക്കൽ കോവിലകം കുളം.
14. അത്തിക്കോട്ടു കുളം

ഇവ കൂടാതെ ഇരുപത്തഞ്ചോളം ചെറിയ കുളങ്ങൾകൂടി നമ്മുടെ പഞ്ചായത്തിലുണ്ട്.

പ്രധാന തോടുകൾ

1. വെള്ളിയം തോട്
2. മണ്ണാമ്പൊയിൽ-ആറാടിക്കൽ താഴെ തോട്
3. വൈകുണ്ഠം-താഴത്തുവീട്ടിൽ തോട്
4. ബാലുശ്ശേരി-പള്ളിത്താഴ തോട്
5. മെടങ്ങ്യോണ്ടം തോട്

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 24113 ആണ്. ഇതിൽ 11972 പുരുഷന്മാരും 12141 സ്ത്രീകളുമാണ്. 169 സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതലുണ്ട്. ആകെ വീടുകൾ 4726. വീട് ഒന്നിന് ശരാശരി 5 ആളുകൾ.

ജനസാന്ദ്രത ച.കി.മീറ്ററിന് 1075 ആണ് 60 വയസ്സിനു താഴെയുള്ള കുട്ടികൾ 2685. ഇതിൽ1383 ആൺകുട്ടികൾ 1292 പെൺകുട്ടികൾ.

പട്ടികജാതി ജനസംഖ്യ 3472 അതിൽ പുരുഷന്മാർ 1756 സ്ത്രീകൾ 1716.

പട്ടിക വർഗ്ഗത്തിൽ പെട്ട ജനവിഭാഗം ഇല്ല.

ആകെ ജനസംഖ്യയിൽ 19733 പേർ സാക്ഷരരാണ്. പുരുഷന്മാർ 10174. സ്ത്രീകൾ 9559.

തൊഴിൽ രഹിതരായി 17064 പേരുണ്ട്. 6230 പുരുഷന്മാരും 10834 സ്ത്രീകളും. തൊഴിലുള്ളവർ 6063 പേർ. പുരുഷന്മാർ 5172 സ്ത്രീകൾ 891.

ഭാഗികമായി മാത്രം തൊഴിലുള്ളവർ 986. പുരുഷന്മാർ 570, സ്ത്രീകൾ 416.

1996ൽ ICDS നടത്തിയ സർവ്വെ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 24574 ആണ്. 12187 പുരുഷന്മാരും 12387 സ്ത്രീകളും. 6 വയസ്സിനു താഴയുള്ള കുട്ടികളുടെ എണ്ണം 1909 ആണ്.

1990 ലെ സാക്ഷരാതാ സർവ്വെ പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 541 നിരക്ഷരർ ഉണ്ടായിരുന്നു. (6 വയസ്സിനു 60 വയസ്സിനും ഇടയിൽ) ഇവരിൽ 92% പേരെയെങ്കിലും സാക്ഷരരാക്കാൻ സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ വിവിധ മേഖലകളിലെ തൊഴിലാളികളുടെ വിശദ വിവരം

	പു	സ്ത്രീ
കൃഷിക്കാർ	295	15
കർഷകത്തൊഴിലാളികൾ	607	152
കന്നുകാലി-നാണ്യവിള മേഖല	662	36
ചെങ്കൽ-കരിങ്കൽ ക്വാറി	192	115
കുടിൽ വ്യവസായം	153	36
മറ്റുവ്യവസായം	488	135
നിർമ്മാണത്തൊഴിൽ	420	54
വ്യാപാരം	934	25
ഗതാഗതം-വാർത്താവിനിമയം	549	33
മറ്റു മേഖല	863	290
ആകെ	**5172**	**891**

ജനപ്രകൃതി

* വാർഡ്	വീടുകളുടെ	ജനസംഖ്യ		0-6 വയസ്സുവരെ		SC		ST	സാക്ഷരത	
		ആ	പെ	ആ	പെ	ആ	പെ		ആ	പെ
1	555	1428	1411	127	138	107	113	-	1235	1095
2	469	1196	1203	134	118	217	193	-	1028	973
3	413	1029	1082	106	113	221	226	-	889	890
4	560	1490	1399	176	145	227	200	-	1280	1114
5	489	1224	1263	128	125	131	124	-	1061	1020
6	393	941	1003	146	99	101	117	-	767	815
7	361	863	937	98	94	140	141	-	750	766
8	627	1643	1579	206	192	363	344	-	1338	1131
9	443	1095	1192	139	132	154	175	-	913	907
10	416	1063	1071	133	136	90	83	-	913	845

* പഴയ വാർഡുകൾ: അവലംബം സെൻസസ് റിപ്പോർട്ട് 1991)

ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

— പഠനപര്യടനം —

①



ഭൂപ്രകൃതി	മല	വലിയ ചെരിവ്	കുന്ന്	ചെറിയ ചെരിവ്	സമതലം	വയൽ	കുന്ന്	വയൽ	പീഠഭൂമി	ചെരിവ്	സമതലം	വയൽ	പറമ്പ്	വയൽ	പറമ്പ്	കുളം
മൺതരം	പാറപ്പൂഴി മണ്ണ്	പാറപ്പൂഴി മണ്ണ്	ചെങ്കൽ മണ്ണ്	ചെങ്കൽ മണ്ണ്	ചെങ്കൽ മണ്ണ്	ചെളി മണ്ണ്	ചരൽ നിറഞ്ഞ ചെങ്കൽ മണ്ണ്	ചെളി മണ്ണ്	കരിന്തരി ചെങ്കൽ മണ്ണ്	പശിമ രാശി മണ്ണ്	പശിമ രാശി മണ്ണ്	ചെളി മണ്ണ്	ചെങ്കൽ മണ്ണ്	ചെളി മണ്ണ്	ചെങ്കൽ മണ്ണ്	കളിമണ്ണ്
സസ്യാവരണം	ഈറ്റ, തേങ്ങ, മാവ്, നെല്ലി, കശുമാവ്	തെങ്ങ്, ഇടവിളകൾ	തരിശ് (മിച്ചഭൂമി)	തെങ്ങ്, ഇടവിളകൾ	തെങ്ങ്, കവുങ്ങ്	നെല്ല്	തെങ്ങ്, വെങ്ങ് (പരിമിതം)	നെല്ല്, വാഴ, കവുങ്ങ്	തെങ്ങ്, കവുങ്ങ്, കശുമാവ്	തെങ്ങ്, കവുങ്ങ്, ഇടവിള	തെങ്ങ്, കവുങ്ങ്	നെല്ല്, വാഴ	തെങ്ങ്	നെല്ല്, വാഴ	തെങ്ങ്	–
* ജലസ്രോതസ്സ്	ദരിദ്രം	ദരിദ്രം	ദരിദ്രം	മിതം	മിതം	മിതം	മിതം, ദരിദ്രം	മിതം	മിതം, ദരിദ്രം, ധാരാളം	മിതം	ധാരാളം	ധാരാളം	മിതം, ദരിദ്രം	ധാരാളം	ദരിദ്രം, മിതം	–
പരിസ്ഥിതി ക്ലേശനം	—	മണ്ണൊലിപ്പ്	—	മണ്ണൊലിപ്പ്	—	—	ചെങ്കൽ വെട്ട്	—	—	മണ്ണൊലിപ്പ്	—	—	ചെങ്കൽ വെട്ട്	—	ചെങ്കൽ വെട്ട്	–

* ജലസ്രോതസ്സ് – ധാരാളം: എപ്പോഴും, മിതം: 10 മാസം, ദരിദ്രം: 10 ൽ താഴെ

— പഠനപര്യടനം —

(2)



ഭൂപ്രകൃതി	സമതലം ചെറുചെരിവ്	കുത്തനെ ചെരിവ്	ചെരിവ്	സമതലം	സമതലം	ചരിവ്	ചതുപ്പ് നിലം	ചെറുകുഴികൾ	കുത്തനെ യുള്ള ചെരിവ്	കുന്നിൻമണ്ട	ചെരിവ്	സമതലം	ചെരിവ്	സമതലം	പുഴ
മണ്ണിനം	ചെമ്മണ്ണ്. കുന്നിപ്പാറ	ചെമ്മണ്ണ്, കരിങ്കൽപാറ മണ്ണ്	പാറപ്പൊടി ചെമ്മണ്ണ്	ചെമ്മണ്ണ് പാറപ്പൊടി	ചെമ്മണ്ണ് ചെളി	ചെങ്കൽമണ്ണ്	കളിമണ്ണ് കലർന്നമണ്ണ്	ചെങ്കൽ	ചെങ്കൽ മണ്ണ്	ചെമ്മണ്ണ്.	ചെമ്മണ്ണ്	ചെളി	പാറ	കളിമണ്ണ്	കളിമണ്ണ്
സസ്യാവരണം	നെല്ല് കുരുമുളക് കവുങ്ങ് മധുരക്കിഴങ്ങ്	നെല്ല് കുരുമുളക് കവുങ്ങ് മധുരക്കിഴങ്ങ്	തെങ്ങ് കവുങ്ങ് വാഴ	തെങ്ങ് കവുങ്ങ്	തെങ്ങ് കവുങ്ങ്	തെങ്ങ് കവുങ്ങ്	—	—	—	—	—	—	—	—	—
ജലസ്രോതസ്	മിതം	ധാരാളം	മിതം	മിതം	മിതം	ധാരാളം	ധാരാളം	മിതം	ധാരാളം	മിതം	ധാരാളം	ധാരാളം	മിതം	ധാരാളം	—
പരിസ്ഥിതിപ്രശ്നം	വയൽനികത്തൽ	മണ്ണിടിച്ചിൽ	മണ്ണിടിച്ചിൽ	വയൽനികത്തൽ	—	—	—	—	മണ്ണിടിച്ചിൽ	—	—	വയൽനികത്തൽ	—	—	—


താരാട്ടുപാറ
പുളിക്കുത്തൽ പാറ
അത്തിത്തോട്ട്
കോത്തോട്ട് കുന്ന്
കുന്നഞ്ചേരി
പറമ്പിൻമുകൾ
താഞ്ഞിഞ്ഞ്
ഇരുമ്പുപാറ
തോപ്പിപ്പാറ
വലിയ ചെരിവ്
വയൽ
ഉയർന്ന പ്രദേശം
ചെരിവ്
വയൽ
ഉയർന്ന പ്രദേശം
ചരിവ്
വയൽ
താഴ്ന്ന പ്രദേശം
ഉയർന്ന പ്രദേശം
ചരിവ്
ചരിവ്
ചരിവ്
വയൽ
കുന്ന്
വയൽ
വയൽ
മണ്ണ്
കരിമണ്ണ്
ചെങ്കൽ മണ്ണ്
ചെങ്കൽ മണ്ണ്
ചെങ്കൽ മണ്ണ്
കളിമണ്ണ്
ചെങ്കൽ മണ്ണ്
ചെങ്കൽ മണ്ണ്
കളിമണ്ണ്
കളിമണ്ണ്
തരിമണ്ണ്
തരിമണ്ണ്
ചെങ്കൽ മണ്ണ്
ചെളി മണ്ണ്
ചെളി-തരിമണ്ണ്
ചെളി മണ്ണ്
പരിചരാശി മണ്ണ്
സസ്യ-വരണം
തെങ്ങ്, വെറ്റില, മാവ്, കശുമാവ്
നെല്ല്, കുരുമുളക്
തെങ്ങ് കവുങ്ങ് മാവ് റബ്ബർ
തെങ്ങ് കവുങ്ങ് മാവ് റബ്ബർ
നെല്ല്, പച്ചക്കറി
തെങ്ങ് കവുങ്ങ് മാവ് പ്ലാവ് കശുമാവ്
നെല്ല് തെങ്ങ്
തെങ്ങ് കവുങ്ങ് മാവ് പ്ലാവ് നെല്ല്
തെങ്ങ് കവുങ്ങ് മാവ് പ്ലാവ് നെല്ല് കവുങ്ങ്
തെങ്ങ് മാവ് പ്ലാവ് കശുമാവ് നെല്ല് കവുങ്ങ്
തെങ്ങ് നെല്ല് കവുങ്ങ്
തെങ്ങ് മാവ് പ്ലാവ് കശുമാവ് കവുങ്ങ്
നെല്ല്, ആർക്കിൽ
നെല്ല്, ആർക്കിൽ
ജല ലഭ്യതാ രീതി
ദരിദ്രം
ദരിദ്രം
ദരിദ്രം
ദരിദ്രം
മിതം
ദരിദ്രം
ധാരാളം
ധാരാളം
ദരിദ്രം
മിതം
ധാരാളം
ദരിദ്രം
ദരിദ്രം
ദരിദ്രം
പരിസ്ഥിതി പ്രശ്നം
കരിങ്കൽ ഖനനം
മണ്ണ് ഒലിപ്പ്
മണ്ണ് ഒലിപ്പ്
മണ്ണൊലിപ്പ്
മണ്ണൊലിപ്പ്
മണ്ണൊലിപ്പ്
മണ്ണൊലിപ്പ്

സാമൂഹിക

സാമ്പത്തിക

മേഖലകൾ

കൃഷി ജലസേചനം

ഈ നൂറ്റാണ്ടിന്റെ തുടക്കം മുതൽ തന്നെ നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഉൽപ്പാദന മേഖല കാർഷിക മേഖലയാണ്. റവന്യൂ പുറമ്പോക്കുഭൂമിയായ ചുരുക്കം സ്ഥലങ്ങളിലൊഴികെ കൃഷി വ്യാപിച്ചിട്ടുണ്ട്. കൃഷി യോഗ്യമായ തരിശ് നമ്മുടെ പഞ്ചായത്തിൽ കാര്യമായി ഇല്ല എന്നു പറയാം. അതുകൊണ്ട് കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്ന ആശയത്തിന് നമ്മുടെ പഞ്ചായത്തിൽ കാര്യമായ പ്രസക്തി ഇല്ല. അതുകൊണ്ട് കാർഷിക വിളകളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയും കൃഷിഭൂമിയുടെ കാര്യക്ഷമമായ വിനിയോഗത്തിലൂടെയും മാത്രമെ നമ്മുടെ പഞ്ചായത്തിലെ കാർഷിക രംഗത്തെ മുരടിപ്പിന് തെല്ലെങ്കിലും പരിഹാരം കാണാൻ കഴിയൂ.

പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ

റോഡ്	32.57
തോട്	1.99
കുളം	45 സെന്റ്
പുഴ	3.01
ഇറിഗേഷൻ	7.44
മറ്റുളവ	43.00
ആകെ	88.46

നാടിന്റെ കാർഷിക ചരിത്രം പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത് പാടങ്ങളിലെ പ്രധാന കൃഷി നെല്ല് ആയിരുന്നു എന്നാണ്. പറമ്പുകളിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്, എന്നിവയും ഇടവിളകളായി മരച്ചീനി, ചേന, ചേമ്പ്, വാഴ, ഇഞ്ചി, മഞ്ഞൾ, കൂർക്കൽ എന്നിവയും കൃഷിചെയ്തിരുന്നു. കുന്നിൻ പ്രദേശങ്ങളിൽ പ്രധാനമായി കൃഷിചെയ്തിരുന്നത് കശുമാവ് ആണ്. പുരയിടങ്ങളിൽ പ്ലാവ്, മാവ്, എന്നിവയും വ്യാപകമായി കാണാമായിരുന്നു. ഒറ്റപ്പെട്ട ചില പ്രദേശങ്ങളിൽ പറമ്പുകളിലും നെൽകൃഷി നടത്തിയിരുന്നു. പറമ്പിന്റെ മുകൾ, ബാലുശ്ശേരി പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്ന ഗ്രമാചന്തകളിൽ തങ്ങളുടെ ഉൽപ്പനങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യവും കൃഷിക്കാർക്കുണ്ടായിരുന്നു.

പരമ്പരാഗത കാർഷിക മുറകൾ ഉപയോഗിച്ചാണ് കൃഷി നടന്നുവന്നത്. ഉൽപാദനക്ഷമത കുറഞ്ഞയിനം വിത്തുകളായിരുന്നു ഉപയോഗിച്ചിരുന്നതെങ്കിലും രോഗപ്രതിരോധ ശേഷിയുടെ കാര്യത്തിലും ഗുണമേന്മയുടെ കാര്യത്തിലും അവ താരതമ്യേന മെച്ചപ്പെട്ടവയായിരുന്നു. കൂടാതെ അവ പ്രാദേശികമായ പ്രകൃതി സവിശേഷതകൾക്കനുയോജ്യമായവുയം കൂടി ആയിരുന്നു. കാർഷികേതരമായ മറ്റു തൊഴിൽ മേഖലകൾ കാര്യമായി ഇല്ലാതിരുന്നതിനാലും, കാർഷിക വൃത്തി മാന്യമായ ഒരു തൊഴിലായി സമൂഹം അംഗീകരിച്ചിരുന്നതിനാലും സ്വന്തം ഭൂമിയിലും പാട്ടഭൂമിയിലും അധ്വാന പ്രക്രിയയിലേർപ്പെടാൻ ജനങ്ങൾ തൽപരരായിരുന്നു. ജന്മിമാരുടെ വരുമാനം പ്രധാനമായും കാർഷിക മേഖലകളിൽ നിന്നായിരുന്നതുകൊണ്ട് കൃഷിക്കാരുടെ അധ്വാനശേഷിയെ പരമാവധി ഉപയോഗപ്പെടുത്താൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഭൂപരിഷ്കരണം വന്നതോടെ കൃഷിക്കാരന് കൃഷിഭൂമി സ്വന്തമായി ലഭിക്കുകയും ഇത് കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വ് സൃഷ്ടിക്കുയും ചെയ്തു. പക്ഷെ, ഈ ഉണർവ് സ്ഥായിയായി നിലനിർത്താൻ പലകാരണങ്ങളാലും നമുക്ക് കഴിഞ്ഞില്ല. ഭൂപരിഷ്കരണത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മെച്ചപ്പെട്ട ഒരു കാർഷിക വ്യാവസായിക സമൂഹമായി വളർന്നുവരുന്നതിനു പകരം മറ്റു സംസ്ഥാനങ്ങളുടെ ഒരു വിപണിയായി കേരളം മാറുകയാണ് ചെയ്തത്. ഇതിന്റെ പ്രതിഫലനങ്ങൾ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്. കാർഷികവൃത്തി മോശമായി കണക്കാക്കപ്പെടുന്ന തെറ്റായ മൂല്യബോധം വളർന്നുവന്നതിന്റെ ഫലമായി കൂടുതൽ അധ്വാനവും ശ്രദ്ധയും ആവശ്യ

മുള്ള ഹ്രസ്വകാല വിളവുകളെ ഉപേക്ഷിക്കുകയും ദീർഘകാല വിളവുകളിൽ നാം കേന്ദ്രീകരിക്കുയും ചെയ്തു. തുടർന്ന് ഇടവിളകൾ പൊതുവെ അപ്രത്യക്ഷമായി. കൃഷി ആദയകരമല്ലാതായി. ഭക്ഷ്യോൽപ്പന്നനങ്ങൾ ഉൽപാദിപ്പിക്കുന്നതിന് പ്രാധാന്യം കുറഞ്ഞു. പാടങ്ങൾ നികത്തി പറമ്പുകളാക്കി തെങ്ങ്, കവുങ്ങ് തുടങ്ങിയ നാണ്യവിളകൾ കൃഷിചെയ്യുന്നിതിനുള്ള പ്രവണത വർദ്ധിച്ചു. ഇത് മണ്ണിന്റെ ജലസംഭരണ ശേഷി കുറയുന്നതുൾപെടെയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവണതകൾ കർശനമായി നിയന്ത്രിക്കുന്നില്ലെങ്കിൽ അത് നമ്മുടെ നാടിന്റെ പരിസ്ഥിതിയെ പൊതുവെയും നെൽകൃഷിയെ പ്രത്യേകിച്ചും ദോഷകരമായി ബാധിക്കും. ഗൾഫ് പണത്തിന്റെയും കള്ളപണത്തിന്റെയും മറ്റു സ്വാധീനഫലമായി ഭൂമിയുടെ ഉപയോഗ മൂല്യം കുറയുകയും വിനിമയ മൂല്യം കൂടുകയും ചെയ്തത് നമ്മുടെ കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ള മറ്റൊരു പ്രധാന പ്രശ്നമാണ്.

ഇന്നത്തെ വിളകളും ഉൽപാദന ക്ഷമതയും

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ കൃഷിചെയ്തുവരുന്ന പ്രധാന വിളകൾ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, ഇഞ്ചി, കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയാണ്. പരിമിതമായ തോതിൽ റബ്ബർ കൃഷിയും ഉണ്ട്. നമ്മുടെ ഉപഭോഗത്തിനും, കാർഷിക ചിലവുകൾക്കും ആനുപാതികമായ വിധത്തിൽ നമ്മുടെ വിളകളുടെ ഉൽപാദനക്ഷമത വർദ്ധിച്ചിട്ടില്ല. ശാസ്ത്രീയമായ വള പ്രയോഗത്തിന്റെ അഭാവം, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, ശാസ്ത്രീയ കൃഷിരീതിയിൽ ഉപയോഗിക്കാത്തത്, കൃഷിയോടുള്ള വിമുഖത, രോഗങ്ങൾ, ശരിയായ രോഗ നിവാരണ മാർഗ്ഗങ്ങളുടെ അഭാവം, അശാസ്ത്രീയമായ കീടനാശിനി പ്രയോഗം തുടങ്ങിയവയാണ്. ഉൽപാദന ക്ഷമത കുറയുന്നതിന് ഇടയാക്കിയിട്ടുള്ള പ്രധാനകാരണങ്ങൾ.

ജലസേചന സൗകര്യങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ജലസേചന സൗകര്യങ്ങൾ പൊതുവെ കുറവാണ്. കൃഷി പൊതുവെ മഴയെ ആശ്രയിച്ചാണ് നടക്കുന്നത്. കുടിവെള്ളത്തിന് വേണ്ടിയുള്ള ചില പദ്ധതികൾ അല്ലാതെ ജലസേചന സൗകര്യം മുൻ നിർത്തിയുള്ള പദ്ധതികൾ പഞ്ചായത്തിൽ വളരെ പരിമിതമാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ മെയിൻ കനാൽ നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ കൂടിയാണ് കടന്നു പോകുന്നത്. ഒന്നാം വാർഡിൽ പെട്ട കാഞ്ഞിക്കാവ് പ്രദേശത്തിന്റെ ചിലഭാഗങ്ങളിലും 9ാം വാർഡിന്റെയും 11-ാം വാർഡിന്റെയും ചില ഭാഗങ്ങളിലും ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്. കനാൽ കടന്നു പോകുന്നത് പഞ്ചായത്തിന്റെ അതിർത്തിയിൽ കൂടി ആയതുകൊണ്ടും കൈകനാലുകൾ ഇല്ലാത്തതു കൊണ്ടും പഞ്ചായത്തിന് മൊത്തത്തിൽ ഇതിന്റെ ഗുണം ലഭിക്കുന്നില്ല. പഞ്ചായത്തിന്റെ ഭൂരി ഭാഗവും

ഭൂവിനിയോഗവും. ഉൽപ്പാദനക്ഷമതയും സംബന്ധിച്ച വിവരങ്ങൾ

വിള	വിസ്തീർണം ഹെക്ടർ	മൊത്തം ഉൽപാദനം കി.ഗ്രാം.	ഉൽപ്പാദനക്ഷമത ഹെക്ടറിൽ
നെല്ല് 1ാം വിള	35	63000 Kg	1800 Kg
നെല്ല് 2-ാം വിള	65	143000 Kg	2200 Kg
നെല്ല് 3-ാം വിള	6	10500 Kg	1750 Kg
പയർ	25	5500 kg	220 Kg
പച്ചക്കറി	9	13500 Kg	1500 Kg
തെങ്ങ്	1325	9275000 Kg	7000 Kg
വാഴ	40	640000 Kg	16000 Kg
മരച്ചീനി	14	70000 Kg	5000 Kg
കുരുമുളക്	26	14500 Kg	560 Kg
കശുമാവ്	12	9600 Kg	800 Kg
കവുങ്ങ്	1000	1600000 Kg	1600 Kg
ഇഞ്ചി	31	15500 Kg	5000 Kg
മഞ്ഞൾ	3	15000 Kg	5000 Kg
കിഴങ്ങ് വർഗ്ഗം	22	66000 Kg	3000 Kg

കനാലിനേക്കാൾ ഉയർന്നതാകയാൽ പുതുതായി കൈക്കനാലുകൾ ഉണ്ടാകുന്നതിനുള്ള ശ്രമങ്ങൾ വിജയിക്കുമെന്ന് കരുതാനാവില്ല.

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ കൂടിയാണ് മഞ്ഞപുഴ കടന്നുപോകുന്നത് 1,2,3,4 വാർഡുകളെ സ്പർശിച്ചുകൊണ്ടാണ് പുഴ കടന്നുപോകുന്നതെങ്കിലും ഇതിനെ ഉപയോഗപ്പെടുത്തി ഈ പ്രദേശങ്ങളിലെ കാർഷിക പുരോഗതി സാധ്യമാക്കാൻ കഴിയുന്ന പദ്ധതികളൊന്നും ഇന്ന് നിലവിലില്ല. പഞ്ചായത്തിന്റെ 11 വാർഡുകളിലായി ഒഴുകുന്ന തോടുകളെയും കുളങ്ങളെയും ജലസേചനത്തിന് ഉപയോഗപ്പെടുത്താൻ നമുക്ക് വേണ്ടത്ര കഴിഞ്ഞിട്ടില്ല. 4-ാം വാർഡിൽ കൂടി ഒഴുകുന്ന ഒരു തോടിൽ മാത്രമെ വെള്ളം തടഞ്ഞു നിർത്തുന്നതിനാവശ്യമായ ചീർപ്പുകൾ നിലവിലുള്ളൂ. ഇവയിലാകട്ടെ കൃത്യമായി പലകയിടുന്നതിനുള്ള സംവിധാനം നിലവിലില്ല. നവംബർ മാസം വരെ മാത്രമെ തോടുകളിൽ വെള്ളം ഉണ്ടാവാറുള്ളൂ. സർക്കാർ പദ്ധതികൾ ഇല്ലെങ്കിലും, ബാങ്കുകൾ മുഖേനയും മറ്റ് സർക്കാർ ഏജൻസികൾ മുഖേനയും വിതരണം ചെയ്ത ധനസഹായം ഉപയോഗിച്ച് പമ്പു സെറ്റുകൾ സ്ഥാപിച്ച് ജലസേചനം നടത്തുന്ന ചെറിയൊരു ശതമാനം ആളുകൾ പഞ്ചായത്തിലുണ്ട്.

ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും

തേങ്ങ ഒഴികെയുള്ള കാർഷികോൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള സൗകര്യം നമ്മുടെ പഞ്ചായത്തിലുണ്ട്. 4ാം വാർഡിലെ ബാലുശ്ശേരിയിൽ നടക്കുന്ന ആഴ്ചച്ചന്തകളിലാണ് കാർഷികോൽപ്പന്നങ്ങൾ പ്രധാനമായും വിൽപന നടത്തുന്നത്. പക്ഷെ, ഇടത്തട്ടുകാരുടെ ചൂഷണം ഈ മേഖലയിൽ വർദ്ധിച്ചതോതിൽ നിലനിൽക്കുന്നു. പല കാർഷികോൽപന്നങ്ങളിലും 30 % വരെ തുക ഇടത്തട്ടുകാർ ചൂഷണം ചെയ്യുകയാണ്. പച്ചക്കറികൾ, പഴം, നേന്ത്രക്കായ തുടങ്ങിയവയുടെ കാര്യത്തിലാണ് ഇത് ഏറ്റവും കൂടുതലായി നടക്കുന്നത്. നാളികേരവിപണനത്തിന് കോഴിക്കോട് അങ്ങാടിയെയാണ് കൃഷിക്കാർ കൂടുതലായി ആശ്രയിക്കുന്നത്. സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ ചെറിയ തോതിൽ പ്രാദേശികമായി കൊപ്ര സംഭരണം നടക്കുന്നുണ്ട്. എന്നാൽ ഇങ്ങനെ സംഭരിക്കുന്ന കൊപ്രയുടെ വില യഥാസമയം കൃഷിക്കാർക്ക് ലഭിക്കാത്ത പ്രശ്നം നിലനിൽക്കുകയാണ്. മാർക്കറ്റിംഗ് സൊസൈറ്റികളൊന്നും ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

കാർഷിക ബന്ധങ്ങൾ

ഭൂപരിഷ്കരണത്തെ തുടർന്ന് കൃഷിഭൂമിയുടെ തുണ്ടവൽക്കരണം കാര്യമായതോതിൽ നടന്നിട്ടുണ്ട്. ആകെയുള്ള 3968 കർഷകരിൽ 3109 പേരും നാമമാത്ര കർഷകരുടെ ഗണത്തിൽ പെടുന്നവരാണ്. സ്വന്തം തുണ്ട് ഭൂമിയിൽ കൃഷിനടത്തുന്നത് ലാഭകരമല്ലാതായി മാറിയതിനെ തുടർന്ന് കൃഷിക്കാർ പൊതുവെ കൃഷിയിൽ വിമുഖത കാണിക്കുകയാണ്. അതോടൊപ്പം തന്നെ സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണവും കുറഞ്ഞുവരികാണ്. കർഷകതൊഴിലാളികളെ വേണ്ട രീതിയിൽ ലഭിക്കാതിരിക്കുകയും ഉൽപാദനച്ചിലവ് വർദ്ധിക്കുകയും ചെയ്തിട്ട് പോലും കൃഷിക്കാർ സ്വയം ജോലിചെയ്യാൻ തയ്യാറാവാത്തത് അത്ഭുതകരമാണ്.

കൃഷി ഭൂമിവിതരണം സംബന്ധിച്ച വിവരങ്ങൾ

നാമമാത്ര കർഷകർ	3109
(ഹെക്ടറിൽ താഴെ)	
ചെറുകിട കർഷകർ	759
(1-2 ഹെക്ടർ)	
അർദ്ധമാധ്യമം	100
(2-4 ഹെക്ടർ)	-
വൻകിട	
10 ഹെക്ടറിന് മുകളിൽ	-
ആകെ	**3968**

1991 ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് 152 സ്ത്രീ തൊഴിലാളികളും 607 പുരുഷ തൊഴിലാളികളും ഉൾപ്പെടെ 759 കർഷകത്തൊഴിലാളികളാണ്. നമ്മുടെ പഞ്ചായത്തിലുള്ളത്. കർഷകത്തൊഴിലാളികൾ കൂടുതൽ വേതനം ലഭിക്കുന്ന കെട്ടിട നിർമ്മാണം പോലെയുള്ള മറ്റു മേഖലകളിലേക്ക് മാറിപ്പോകുന്നത് കാരണം അവരുടെ ലഭ്യത കുറഞ്ഞു വരികയാണ്. കാർഷിക മേഖലയിലെ യന്ത്രവൽക്കരണം വളരെ പരിമിതമായ തോതിൽ മാത്രമാണ്. ഉഴവുകാളകൾക്ക് ദൗർലഭ്യം നേരിടുന്നത് കാരണം ഈരംഗത്താണ് യന്ത്രങ്ങൾ ഉപോയോഗിക്കപ്പെടുന്നത്. കാഞ്ഞിക്കാവിലെയും, ബാലുശ്ശേരിയിലെയും പാടശേഖര കമ്മറ്റികൾ ട്രില്ലർ ഉപയോഗിക്കുന്നുണ്ട്.

വളത്തിന്റെ ഉപയോഗം

ജൈവ വളമാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതലായും കൃഷിക്ക് ഉപയോഗിക്കുന്നത്. എന്നാൽ വേണ്ട അളവിൽ ജൈവവളം ലഭിക്കാത്ത പ്രയാസം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും അനുഭവപ്പെടുന്നുണ്ട്. കൃഷിക്കാവശ്യമായ ജൈവവളം ഉൽപാദിപ്പിക്കുന്നതിനുവേണ്ടി പാടങ്ങളിലും പറമ്പുകളിലും പയർ എറിയുന്ന രീതി നമ്മുടെ പഞ്ചായത്തിൽ നിന്നും

പൊതുവെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. പറമ്പുകളിൽ ജൈവവളം ഉൽപാദിപ്പിക്കുന്നതിനനുയോജ്യമായ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്ന രീതിയും ഇന്ന് നിലവിലില്ല. ഈ അവസ്ഥ തുടർന്നാൽ നമ്മുടെ കൃഷിക്കാർക്ക് കൃഷി ആവശ്യത്തിന് രാസവളങ്ങളെ കൂടുതലായി ആശ്രയിക്കേണ്ട അവസ്ഥ വന്നുചേരും. ഇപ്പോൾ രാസവളങ്ങൾ ഉപയോഗിക്കുന്നവരാകട്ടെ, മണ്ണ് പരിശോധന നടത്തി മണ്ണിനാവശ്യമായ ഘടകങ്ങൾ ഏത് എന്ന് കണ്ടെത്തിയതിനുശേഷമല്ല വളപ്രയോഗം നടത്തുന്നത് രാസകീടനാശിനികളാണ്, നമ്മുടെ കൃഷിക്കാർ കൂടുതലായും ഉപയോഗിക്കുന്നത്. പച്ചക്കറികളിലും, പഴവർഗ്ഗങ്ങളിലും രാസകീടനാശിനികൾ ഉപയോഗിക്കുന്നത് ഒട്ടേറെ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ ജൈവ കീടനാശിനികളുടെ ഉൽപ്പാദനത്തേയും ഉപയോഗത്തെയും പറ്റി കൃഷിക്കാരെ ബോധവാന്മാരാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

രോഗങ്ങൾ

രോഗബാധ നമ്മുടെ പഞ്ചായത്തിലെ കാർഷിക വിളകളുടെ ഉൽപ്പാദന ക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ കൂമ്പു ചീയൽ, കറുവാർച്ച, മച്ചിങ്ങ കൊഴിച്ചിൽ എന്നിവയാണ്.

കവുങ്ങ്	–	മഹാളി
വാഴ	–	കൂമ്പടപ്പ്
കുരുമുളക്	–	ധ്രുതവാട്ടം, പൊള്ള രോഗം, മഹാളി
നെല്ല്	–	കണ്ടപ്പുഴു ബാധ, ഓലചുരുട്ടിപ്പുഴം ബാധ, മുഞ്ഞ
മാവ്	–	ഡൈബാക്ക് രോഗം, കുമിൾ രോഗം.

കൂടാതെ മരച്ചീനികൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് എലിശല്യം.

വായ്പാ സൗകര്യങ്ങൾ

കൊയിലാണ്ടി കാർഷിക വികസന ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കനറാ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് എന്നിവയാണ് നമ്മുടെ പഞ്ചായത്തിൽ കാർഷികരംഗത്ത് ധനസഹായം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ. 1995-96 വർഷത്തിൽ കൊയിലാണ്ടി കാർഷിക വികസന ബാങ്ക് മുഖേന മാത്രം 357 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇങ്ങനെ നൽകിയ സഹായം 32,30880 രൂപയാണ്. എന്നാൽ വിവിധ സ്ഥാപനങ്ങളിൽ നിന്ന് കാർഷികാവശ്യത്തിനായി ലഭിക്കുന്ന ധനസഹായം പൂർണ്ണമായും ഈ മേഖലയിൽ ചിലവഴിക്കപ്പെടുന്നില്ല. കൃഷി ആവശ്യത്തിനു വാങ്ങുന്ന സഹായം പൂർണ്ണമായും ആ ആവശ്യത്തിനു തന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പുണ്ടാക്കാനുള്ള സംവിധാനം ഉണ്ടാവണം.

നടപ്പുപദ്ധതികളുടെ അവലോകനം

കാർഷിക രംഗത്ത് കൂട്ടായ്മ വളർത്തിയെടുക്കുന്നതിനുള്ള ചിലശ്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടന്നുവരുന്നുണ്ട്. നെൽകൃഷിയുടെ രംഗത്താണ് ഇത്തരം ശ്രമങ്ങൾ ഫലപ്രദമായി നടന്നിട്ടുള്ളത് 10ം വാർഡിലെ തുരുത്യാട്, കാഞ്ഞിക്കാവ് പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന അന്നപൂർണ്ണ പാടശേഖര കമ്മറ്റി, 6ാം വാർഡിലെ പാനായി ഭാഗത്ത് പ്രവർത്തിക്കുന്ന പാനായി നെല്ലുൽപാദക സമിതി 4-ാം വാർഡിലെ ജ്യോതി പാടശേഖര കമ്മറ്റി എന്നിവ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച്ച വെച്ച സമിതികളാണ്. എന്നാൽ തുടർപ്രവർത്തനങ്ങളുടെ അഭാവം കാരണം ആരംഭകാലത്തുണ്ടായ വളർച്ച നിലനിർത്താൻ കഴിഞ്ഞിട്ടില്ല. കമ്മ്യൂണിറ്റി ഇറിഗേഷൻ, ഗ്രൂപ്പ് ഇറിഗേഷൻ തുടങ്ങിയ പല പദ്ധതികളും നടപ്പാക്കുന്നതിൽ കൃഷിക്കാരുടെ ഐക്യമില്ലായ്മ തടസ്സം സൃഷ്ടിക്കുന്നുണ്ട്. കേര വികസന സമിതി, കുരുമുളക് വികസന സമിതി തുടങ്ങിയ സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യമായ രീതിയിൽ നടക്കുന്നില്ല.

പുത്തൂർ വട്ടത്ത് പ്രവർത്തിച്ചുവരുന്ന കൃഷിഭവൻ കേന്ദ്രീകരിച്ചാണ് പഞ്ചായത്തിലെ കാർഷിക വികസന പദ്ധതികൾ നടന്നുവരുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് നീർമറി മേഖലയിൽ മാത്രമാണ് എന്നത് ഇതിന്റെ പരിമിതിയാണ്. പഞ്ചായത്തിലെ 1,2,3 എന്നീ വാർഡുകളും 5,10 എന്നീ വാർഡുകളുടെ ചുരുങ്ങിയ ഭാഗവും മാത്രമാണ് ഇപ്പോഴത്തെ നീർമറി മേഖലയിൽ ഉൾപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് തന്നെ പഞ്ചായത്തിലെ വലിയൊരു വിഭാഗം കർഷകർക്കും പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നില്ല.

ചില നടപ്പു പദ്ധതികൾ

1. നെൽകൃഷി വികസന പദ്ധതി
2. സമഗ്ര നാളികേര വികസന പദ്ധതി
3. പ്രത്യേക ഘടക പദ്ധതി
4. കശുമാവ് കൃഷിവികസനം
5. ബയോഗ്യാസ് വികസനം
6. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി
7. മരുന്നുതളി സഹായ പദ്ധതി

8. കമ്മ്യൂണിറ്റി ഇറിഗേഷൻ

9. ഗ്രൂപ്പ് ഇറിഗേഷൻ

10. കിണർ കുഴിക്കുന്നതിന് സഹായ പദ്ധതി

11. തെങ്ങ് കയറ്റ ഉപകരണം വാങ്ങാൻ സഹായം

12. പച്ചിലവളവിത്ത് വിതരണ പദ്ധതി

13. സ്പ്രെയറുകൾ വാങ്ങാൻ സഹായം

14. ട്രില്ലർ. ട്രാക്ടർ,മെതി യന്ത്രം വാങ്ങാൻ സഹായ പദ്ധതി.

പ്രശ്നങ്ങൾ

1. കൃഷി ആദായകരമല്ല

2. ഭൂമിയുടെ ഉപയോഗമൂല്യം കുറയുകയും വിനിമയ മൂല്യം കൂടുകയും ചെയ്യുന്നു.

3. അഭ്യസ്ത വിദ്യർക്ക് കൃഷിയിൽ താൽപര്യമില്ല.

4. കാർഷിക മേഖലയിലെ കൂട്ടായ്മയുടെ അഭാവം

5. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. വേണ്ടത്ര വിപണന സൗകര്യങ്ങളില്ല. ഇടത്തട്ടുകാരുടെ ചൂഷണം

6. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.

7. മണ്ണ് പരിശോധന നടക്കുന്നില്ല.

8. കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല.

9. മെച്ചപ്പെട്ട വിത്തിനങ്ങളുടെ ദൗർലഭ്യം

10. വളങ്ങളുടെ വില വർദ്ധനവ്

11. മണ്ണൊലിപ്പ് തടയാൻ ഫലപ്രദമായ മാർഗ്ഗങ്ങളില്ല. മണ്ണിലെ ജലാംശം കുറഞ്ഞുവരുന്നു.

12. ശാസ്ത്രീയ കൃഷിരീതികളെ കുറിച്ചുള്ള അറിവില്ലായ്മ. പരമ്പരാഗത കൃഷി രീതിയിൽ നിന്ന് നേടിയ നാട്ടറിവുകൾ കൈമോശം വന്നു.

13. പാടങ്ങൾ നികത്തി പറമ്പുകളാക്കുന്ന പ്രവണത.

14. വായ്പകൾ ലഭിക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ

15. വേണ്ട സമയത്ത് കർഷകതൊഴിലാളികളെ കിട്ടാത്ത അവസ്ഥ.

16. കർഷക-കർഷകത്തൊഴിലാളി ബന്ധത്തിലുണ്ടാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വേദികളില്ല.,

17. ഫലപ്രദമായ രോഗ നിയന്ത്രണ മാർഗ്ഗങ്ങളില്ല.

18. ചെറിയ ഇനം സ്പ്രെയറുകളുടെ ദൗർലഭ്യം

19. വേണ്ടത്ര ജൈവ വളം കിട്ടാനില്ല.

20. സമ്മിശ്ര കൃഷി രീതി ഉപയോഗിക്കുന്നില്ല. ഇടവിളകൾ കൃഷിചെയ്യുന്നതിൽ ശ്രദ്ധിക്കുന്നില്ല.

21. വർദ്ധിച്ചുവരുന്ന എലിശല്യം മരച്ചീനികൃഷിയെ നശിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയുടെ പൊതുസ്ഥിതിയും പ്രധാനപ്രശ്നങ്ങളും ആണ് ഇതുവരെ പ്രതിപാദിച്ചത്. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്; ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെയും തുടർന്നു നടത്തിയ അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ലഭ്യമായ ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

നിർദ്ദേശങ്ങൾ

*കാർഷിക രംഗത്തെ കൂട്ടായ്മ വിപുലപ്പെടുത്തുന്നതിനുവേണ്ടി വാർഡ് അടിസ്ഥാനത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും കർഷകസമിതികൾക്ക് രൂപം നൽകുക. കർഷക സമിതികളും കൃഷിഭവനുകളുമായി സജീവമായ ബന്ധം സ്ഥാപിക്കുക. സാധ്യമായ എല്ലാ പ്രദേശങ്ങളിലും പാടശേഖര കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തുക.

ജലസേചനം

*ജലലഭ്യത മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിലവിലുള്ള തോടുകളിൽ അറ്റകുറ്റപ്പണി നടത്തുകയും ആവശ്യമായ സ്ഥലങ്ങളിൽ തടയിണകൾ നിർമ്മിക്കുകയും ചെയ്യുക.

*നിലവിലുള്ള കുളങ്ങളുടെ ആഴംകൂട്ടി, അറ്റകുറ്റപ്പണികൾ നടത്തി, ഉപയോഗക്ഷമത വർദ്ധിപ്പിക്കുക. പഞ്ചായത്തിലെ വറ്റാത്ത മുഴുവൻ കുളങ്ങളും അടിസ്ഥാനമാക്കി ചെറുകിട പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരായണം.

*പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽകൂടി കടന്നുപോകുന്ന കുറ്റ്യാടി പദ്ധതിയുടെ ഭാഗമായ മെയിൻ കനാലിനെ ഉപയോഗിച്ച് 1,9, 11 വാർഡുകളിലെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

*പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിൽ കൂടി കടന്നു പോകുന്ന പുഴയിൽ ബണ്ടുകൾ നിർമ്മിച്ച് 1,2,3,4 വാർഡുകളിലെ ജലസേചന സാധ്യതകൾ മെച്ചപ്പെടുത്തുക.

*ആറാം വാർഡിൽ സ്ഥിതിചെയ്യുന്ന കണ്ണൻചിറയെ ഉപയോഗപ്പെടുത്തി ചെറുകിട ജലസേചന പദ്ധതി ആരംഭിച്ചാൽ 5,6 വാർഡുകളിൽ നെൽകൃഷിയും പച്ചക്കറികൃഷിയും മെച്ചപ്പെടുത്താം.

*തെങ്ങ്കൃഷി, കവുങ്ങ്കൃഷി എന്നിവ മെച്ചപ്പെടുത്താൻ ഡ്രിപ്പ് ഇറിഗേഷൻ രീതി പ്രചരിപ്പിക്കുക.

*മണ്ണൊലിപ്പ് തടയുന്നതിനും ജലസംഭരണം സാധ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുക.

*കൊപ്ര അടയ്ക്ക തുടങ്ങിയ നാണ്യവിളകൾക്ക് പഞ്ചായത്തുതലത്തിൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ജില്ലാ തലത്തിലെങ്കിലും അവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായം ആരംഭിക്കുകയും ചെയ്യുക.

*മാർക്കറ്റിംഗ് സൊസൈറ്റികൾ ആരംഭിക്കുക.

*മണ്ണുപരിശോധന നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുക.

*സഞ്ചരിക്കുന്ന മണ്ണുപരിശോധന യൂനിറ്റുകളെ ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ മണ്ണുപരിശോധന ക്യാമ്പുകൾ നടത്തുക. ഇതിനോടനുബന്ധിച്ച് ശാസ്ത്രീയ വളപ്രയോഗരീതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

*രാസവള സബ്സിഡി വർദ്ധിപ്പിക്കുകയും കൃഷിക്കാർക്ക് രാസവളം ലഭ്യമാക്കുന്നതിനുള്ള കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

*ജൈവവള ഉൽപ്പാദന സംരംഭങ്ങൾ ആരംഭിക്കുക പഞ്ചായത്തിലെ മാലിന്യങ്ങൾ സംഭരിച്ച് കമ്പോസ്റ്റ് നിർമ്മിക്കുന്നതിനുള്ള ഒരു മാതൃകായൂനിറ്റ് ആരംഭിക്കുക. വ്യക്തികൾക്ക് സ്വന്തമായി കമ്പോസ്റ്റ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക. പച്ചിലവളം ഉൽപ്പാദിപ്പിക്കാനാവശ്യമായ വിത്തുകളും, വൃക്ഷത്തൈകളും സൗജന്യമായി വിതരണം ചെയ്യുക. സസ്യവേലികൾ പ്രോത്സാഹിപ്പിക്കുക.

*ഫലപ്രദമായ രോഗനിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ച് കൃഷിക്കാരെ ബോധവാൻമാരാക്കുക. സന്നദ്ധ പ്രവർത്തകരെ തിരഞ്ഞെടുത്ത് ഉപയോഗം വിപുലപ്പെടുത്തുക.

*കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം നേരിടുന്ന മേഖലകളിൽ ആരോഗ്യകരമായ രീതിയിൽ യന്ത്രവൽക്കരണം നടത്തുക.

*കർഷക-കർഷകത്തൊഴിലാളി ബന്ധത്തിലുണ്ടാവുന്ന പ്രശ്നങ്ങൾ ന്യായമായി പരിഹരിക്കാൻ വേണ്ടി കർഷകപ്രതിനിധികളും, കർഷകത്തൊഴിലാളി പ്രതിനിധികളും, ജനപ്രതിനിധികളും, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരും അടങ്ങുന്ന പൊതുവേദികൾ രൂപീകരിക്കുക.

പച്ചക്കറികൃഷി

പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക. ഗുണമേന്മയുള്ള വിത്തുകളും സാമ്പത്തിക, സാങ്കേതിക സഹായങ്ങളും നൽകി പച്ചക്കറികൃഷി സഹകരണാടിസ്ഥാനത്തിൽ വിപുലപ്പെടുത്തുക. ഓരോ വീട്ടിലും ഒരു പച്ചക്കറിത്തോട്ടം എന്ന സന്ദേശം പ്രചരിപ്പിക്കുകയും ചെയ്യുക. കീടനാശിനി പ്രയോഗത്തിന് ചെറിയ ഇനം സ്പ്രെയറുകൾ കൂടുതലായി ലഭ്യമാക്കുക.

പഴവർഗ്ഗകൃഷി

ബാലുശ്ശേരി പ്രവർത്തിക്കുന്ന ഫുഡ്പ്രോസസ്സിംഗ് സെന്ററിന് അസംസ്കൃത സാധനങ്ങൾ വേണ്ടത്ര ലഭ്യമല്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ പഴവർഗ്ഗകൃഷിക്ക് നമ്മുടെ പഞ്ചായത്തിൽ വിപുലമായ സാധ്യതകൾ ഉണ്ട്. കൈതച്ചക്ക കൃഷിയ്ക്ക് അനുയോജ്യമായ ധാരാളം സ്ഥലങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

ഔഷധ സസ്യകൃഷി

ഔഷധ സസ്യങ്ങളുടെ കൃഷി നമ്മുടെ പഞ്ചായത്തിൽ സാധ്യതയുള്ള ഒരിനമാണ്. സമീപ പ്രദേശങ്ങളിലെ ആയുർവേദ ഔഷധ നിർമ്മാണ ശാലകൾ കേന്ദ്രീകരിച്ച് വിപണനം നടത്താം.

വെറ്റിലകൃഷി, കൂൺകൃഷി, പുഷ്പകൃഷി എന്നിവയ്ക്ക് നമ്മുടെ പഞ്ചായത്തിലുള്ള സാധ്യതകൾ ഗൗരവ പൂർവ്വം ചർച്ച ചെയ്യപ്പെടണം.

മൃഗസംരക്ഷണവും മത്സ്യബന്ധനവും

നമ്മുടെ പഞ്ചായത്തിലെ കർഷകകുടുംബങ്ങളിൽ പണ്ടുകാലത്ത് കാർഷികേതര വരുമാനത്തിന്റെ മോശമല്ലാത്ത ഉറവിടങ്ങളായിരുന്നു കന്നുകാലി വളർത്തലും കോഴിവളർത്തലും. പശു, ആട്, എരുമ എന്നിവയായിരുന്നു കന്നുകാലികളിൽ പ്രധാനമായവ. പശു, എരുമ തുടങ്ങിയവ ഇടത്തരം ധനിക കുടുംബങ്ങളിലായിരുന്നെങ്കിൽ, ദരിദ്ര കുടുംബങ്ങളിലാണ് ആടുവളർത്തൽ പൊതുവെ കണ്ടുവരുന്നത്. നാടൻ ഇനത്തിൽ പെട്ട കന്നുകാലികളാണ് അക്കാലത്ത് കൂടുതലായും പ്രചാരത്തിലുണ്ടായിരുന്നത്. ക്രമേണ നാടൻ ഇനങ്ങളിൽപെട്ട പശുക്കളുടെ എണ്ണം കുറഞ്ഞുവരികയും സങ്കരയിനം പശുക്കൾ അവയുടെ സ്ഥാനം കയ്യടക്കുകയും ചെയ്തു. നാടൻ പശുക്കളിൽനിന്നും മേൽത്തരം ജനുസ്സുകളിലേക്കുണ്ടായ പരിവർത്തനത്തിന്റേയും, അവയെ ഉപയോഗിച്ചുള്ള പാലുൽപ്പാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെയും ഫലമായി എരുമകൾ പൊതുവെ അപ്രത്യക്ഷമാവുകയും ആടുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വരികയും ചെയ്തു. കോഴിവളർത്തലിൽ ജനങ്ങൾക്കുണ്ടായിരുന്ന താൽപര്യവും ക്രമേണ കുറഞ്ഞുവന്നു. നാടൻ കോഴികളുടെ എണ്ണം ഗണ്യമായി കുറഞ്ഞപ്പോൾ പുതിയ ഇനം കോഴികളുടെ എണ്ണത്തിൽ അതിനനുസരിച്ച വർദ്ധനവുണ്ടായില്ല. എന്നാൽ പാലിന്റേയും മുട്ടയുടേയും ഇറച്ചിയുടേയും ഉപഭോഗത്തിൽ നാം വളരെയേറെ മുന്നോട്ടു പോയിട്ടുണ്ട്. ഉപഭോഗത്തിലെ വർദ്ധനവിനനുസരിച്ച് പാലിന്റേയും മുട്ടയുടേയും ഇറച്ചിയുടേയും ഉൽപ്പാദന രംഗത്ത് വളർച്ച കൈവരിയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ കന്നുകാലിവളർത്തലിനും, കോഴിവളർത്തലിനും ഉള്ള സാധ്യതകളിലേയ്ക്ക് ഇത് വിരൽ ചൂണ്ടുന്നു.

കന്നുകാലി കർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയും, ഗുണനിലവാരവുമുള്ള കാലിത്തീറ്റയുടെ ദൗർലഭ്യവും, കാലിത്തീറ്റയുടെ വിലവർദ്ധനവും ആണ്. തീറ്റപ്പുല്ലും, മറ്റു കാലിത്തീറ്റകളും വിലകൊടുത്തു വാങ്ങേണ്ട അവസ്ഥയാണ് ഇന്ന് കർഷകർക്കുള്ളത്. ജനസാന്ദ്രത വർദ്ധിച്ചതിനെ തുടർന്ന് വിശാലമായ മേച്ചിൽ പുറങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു. നെൽകൃഷി മേഖലയിലെ പിന്നോക്കാവസ്ഥ വൈക്കോലിന്റെ ലഭ്യതയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് വീട്ടുവളപ്പുകളിലും, വരമ്പുകളിലും, പുറമ്പോക്ക് ഭൂമികളിലും തീറ്റപ്പുൽ കൃഷി നടത്തുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത് 15 സെൻറ് സ്ഥലത്തുമാത്രമാണ് നമ്മുടെ പഞ്ചായത്തിൽ തീറ്റപ്പുൽ കൃഷി നടക്കുന്നത് എന്നാണ്. ഇതിൽ തുരുത്ത്യാട് പ്രദേശത്ത് 10 സെൻറ് സ്ഥലത്ത് ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിലാണ് കൃഷിനടക്കുന്നത്.

രണ്ടാം വാർഡിലും അഞ്ചാം വാർഡിലും എട്ടാം വാർഡിലും ഓരോ പാൽ സൊസൈറ്റി പ്രവർത്തിച്ചുവരുന്നു. നന്മണ്ട കേന്ദ്രമായി പ്രവർത്തിക്കുന്ന സൊസൈറ്റിയുടെ ഗുണഭോക്താക്കളായ ചില ക്ഷീരകർഷകർ 6, 7 വാർഡുകളിലുണ്ട്. പാൽ സൊസൈറ്റികൾ വഴി സംഭരിയ്ക്കുന്ന പാലിന് കർഷകർക്ക് മതിയായ വില ലഭിക്കാത്ത പ്രയാസമുണ്ട്.

ദഹനസംബന്ധമായ രോഗങ്ങളും പരാദരോഗങ്ങളും, ആണ് കന്നുകാലികളിലും കോഴികളിലും കൂടുതലായി കണ്ടുവരുന്നത്. പൊതുവെ കാണുന്ന മറ്റു രോഗങ്ങൾ വന്ധ്യത, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, അകിടു വീക്കം, മുടന്തൻപനി, ത്വക്ക് രോഗങ്ങൾ ധാതുലവണങ്ങളുടെ അഭാവം മൂലമുണ്ടാകുന്ന രോഗങ്ങൾ ഗർഭധാരണവും പ്രസവവുമായി ബന്ധപ്പെട്ട രോഗങ്ങൾ എന്നിവയാണ്. കന്നുകാലികളിൽ കൂടുതലായി കണ്ടുവരുന്ന രോഗം വിരശല്യമാണ്. ചികിത്സാ സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ വേണ്ടത്രയില്ല. കൂടുതലും വട്ടോളിയിലുള്ള കേന്ദ്രത്തെ ആശ്രയിയ്ക്കേണ്ട അവസ്ഥയിലാണ് ജനങ്ങൾക്കു

ള്ളത്. നമ്മുടെ പഞ്ചായത്തിലെ ഏകമൃഗാശുപത്രി 1996-ലാണ് ആരംഭിച്ചത്. 11- ാം വാർഡിൽ പെട്ടെ കുന്നക്കൊടിയിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രി യിൽ വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമാണു ള്ളത്. ഇവിടെ ഒരു ദിവസം മാത്രമാണ് ഡോക്ടറുടെ സേവനം ലഭിക്കുന്നത്. എന്നാൽ ചികിത്സാരംഗത്ത് ക്ഷീരകർഷകർക്ക് നേരിടേണ്ടിവരുന്നത്ര പ്രശ്നങ്ങൾ കന്നുകുട്ടി ഉൽപ്പാദന രംഗത്ത് നേരിടേണ്ടിവരുന്നില്ല.

രോഗത്തെ സൂചിപ്പിക്കുന്ന വിവരങ്ങൾ

	പശു	ആട്	കോഴി
1. ഭവന സംബന്ധം	1162	842	
2. ശ്വാസകോശ സംബന്ധം	265	54	250
3. ഉപാപചയം	12	-	144
4. ത്വക്ക് രോഗം	149	17	-
5. ധാതു ലവണങ്ങളുടെ അഭാവം മൂലം	180	142	-
6. പരാദരോഗങ്ങൾ	1619	115	-
7. പ്രത്യുൽപ്പാദനവുമായി ബന്ധപ്പെട്ടവ	116	-	-
8. വന്ധ്യത	264	5	-
9. അകിടുവീക്കം	126	35	-
10. മുടന്തൻ പനി	115	-	-

ദരിദ്രകുടുംബങ്ങൾക്ക് പോലും ലാഭകരമായി നട ത്താൻ കഴിയുന്ന ഒരു തൊഴിലാണ് ആടുവളർത്തൽ. മുൻകാലങ്ങളിൽ ആടു വളർത്തലിൽ ഏർപ്പെട്ടിരുന്ന ഒട്ടേറെ കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടാ യിരുന്നു. എന്നാൽ ആടുവളർത്തലിൽ താൽപര്യം കുറ യുന്ന പ്രവണതയാണ് ഇപ്പോൾ കണ്ടുവരുന്നത്.

കേരളത്തിൽ പൊതുവെയും നമ്മുടെ പഞ്ചായ ത്തിൽ വിശേഷിച്ചും സാധ്യതയുള്ള ഒരു തൊഴിൽ മേഖലയാണ് കോഴിവളർത്തൽ. ബാലുശ്ശേരി അങ്ങാടി യിലുള്ള കോഴിമുട്ട വിൽപന കേന്ദ്രങ്ങളിൽ നിന്നു മാത്രം പ്രതിമാസം അമ്പതിനായിരത്തിനും അറുപതി നായിരത്തിനും ഇടയ്ക്ക് കോഴിമുട്ട നമ്മുടെ പഞ്ചായ ത്തിൽ വിറ്റഴിയ്ക്കപ്പെടുന്നുണ്ട്. ഇറച്ചിക്കോഴിയുടെ വിൽപനയിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത് പ്രതിമാസം ഏകദേശം 3000 Kg. കോഴിയിറച്ചി വിറ്റഴിയ്ക്കപ്പെടുന്നു എന്നാണ് ഈയൊരു പശ്ചാത്തലത്തിൽ കോഴിവളർത്ത ലിന് നമ്മുടെ പഞ്ചായത്തിൽ വിപുലമായ സാധ്യതകൾ ഉണ്ട്. കോഴിവളർത്തലിന് തസ്സം സൃഷ്ടിക്കുന്ന ഒരു പ്രധാന പ്രശ്നം അന്യസംസ്ഥാനങ്ങളിൽ നിന്ന് കേര ളത്തിലേയ്ക്കുള്ള കോഴികളുടെ ഇറക്കുമതിയാണ്. ഇത് കർശനമായി നിയന്ത്രിച്ചെങ്കിൽ മാത്രമെ കോഴിവ ളർത്തൽ ലാഭകരമായി നടത്താൻ കഴിയുകയുള്ളൂ.

മൃസംരക്ഷണരംഗത്തെ പ്രശ്നങ്ങൾ

1. പാൽ വിൽപന നടത്തുന്നതിന് വേണ്ടത്ര സൗകര്യങ്ങളില്ല.

2. പാലിന് വേണ്ടത്ര വില ലഭിക്കുന്നില്ല.

3. കാലിത്തീറ്റയുടെ ദൗർലഭ്യവും വില വർദ്ധനവും

4. മേച്ചിൽ സ്ഥലങ്ങൾ ചുരുങ്ങിവരുന്നു.

5. വൈക്കോലിന്റെ ദൗർലഭ്യവും വിലവർദ്ധനവും

6. കാലിത്തീറ്റ രംഗത്തേക്കുള്ള ബഹുരാഷ്ട്രകുത്ത കകളുടെ കടന്നുകയറ്റം.

7. കന്നുകാലി വളർത്തലിൽ അഭ്യസ്തവിദ്യർ കാണിക്കുന്ന താൽപര്യക്കുറവ്.

8. ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.

9. കന്നുകാലികളിൽ വ്യാപകമായി കണ്ടുവരുന്ന വിരശല്യം.

10. ധനകാര്യ വായ്പാ സ്ഥാപനങ്ങൾ വായ്പ നൽകുന്നതിൽ കാണിക്കുന്ന താൽപര്യക്കുറവ്.

11. പഞ്ചായത്തിലെ മൃഗാശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളില്ല.

12. അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേ യ്ക്കുള്ള കോഴികളുടെ ഇറക്കുമതി.

13. അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളുടെ ശല്യം.

നിർദ്ദേശങ്ങൾ

1. പുതിയ ക്ഷീരസഹകരണ സംഘങ്ങൾ ആരംഭി ക്കുകയും നിലവിലുള്ള സംഘങ്ങളുടെ കീഴിലുള്ള ശേഖരണ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക.

2. പാൽ അസംസ്കൃത പദാർത്ഥമായി ഉപയോഗപ്പെ ടുത്താവുന്ന വ്യവസായം ആരംഭിക്കുക.

3. പാൽവില വർദ്ധിപ്പിക്കുകയും കുറഞ്ഞനിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുകയും ചെയ്യുക.

4. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുക. തീറ്റപ്പുൽ വിത്തുകൾ സൗജന്യമായി നൽകണം. വീട്ടുവളപ്പിലും,

വരമ്പുകളിലും, പുറമ്പോക്കു ഭൂമികളിലും തീറ്റപ്പുൽ കൃഷി ഫലപ്രദമായി നടത്താവുന്നതാണ്.

5. വൈക്കോൽ സംപുഷ്ടീകരിക്കുന്നതിനുള്ള സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.

6. പഞ്ചായത്തിലെ മൃഗാശുപത്രിയുടെ സ്ഥിതി മെച്ചപ്പെടുത്തുകയും പുതിയ സബ്സെന്ററുകൾ ആരംഭിക്കുകയും ചെയ്യുക.

7. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക. നിലവിലുള്ള പദ്ധതികൾ ഇതിനുവേണ്ടി ഫലപ്രദമായി ഉപയോഗിക്കുന്നതിനുപുറമെ കോഴികളുടെ ഇറക്കുമതി കർശനമായി നിയന്ത്രിക്കുകയും വേണം. ഇറച്ചിക്കോഴി വളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങാൻ തയ്യാറുള്ളവർക്ക് സാമ്പത്തിക, സാങ്കേതിക, വിപണന സഹായങ്ങൾ ചെയ്തുകൊടുക്കണം.

8. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

9. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

മത്സ്യബന്ധനം

ഭൂമിശാസ്ത്ര പ്രത്യേകതകൾ കാരണം മത്സ്യബന്ധന മേഖലയിൽ പൊതുവെ സാധ്യതകൾ കുറഞ്ഞ പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സ് 5 കി.മീ. നീളം വരുന്ന പുഴയോരമാണ്. ഒരു തൊഴിൽ എന്ന നിലയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. നമ്മുടെ തോടുകളിലും, പാടങ്ങളിലും, കുളങ്ങളിലും കണ്ടുവന്നിരുന്ന വരാൽ, മുഴു, കടു, കടുങ്ങാലി, ഏട്ടച്ചുള്ളി, പൊട്ടുവാള തുടങ്ങിയ ഇനങ്ങൾ ഗണ്യമായി കുറഞ്ഞിരിക്കുന്നു. ശാസ്ത്രീയമായ രീതിയിലുള്ള മത്സ്യകൃഷി നമ്മുടെ പഞ്ചായത്തിൽ ഇതുവരെ ആരംഭിച്ചിട്ടില്ല. മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്താൽ മത്സ്യകൃഷി വിജയകരമായി നടത്താൻ കഴിയുന്ന കുളങ്ങളും മറ്റു ജലശ്രോതസ്സുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

വ്യവസായം

വ്യവസായിക രംഗത്ത് പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് ബാലുശ്ശേരി. വൻകിട വ്യവസായങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ വ്യവസായങ്ങളെ പ്രധാനമായും ചെറുകിട വ്യവസായങ്ങൾ, കുടിൽ വ്യവസായങ്ങൾ എന്നിങ്ങനെ രണ്ട് മേഖലകളായി തരംതിരിയ്ക്കാം. പരമ്പരാഗത വ്യവസായ മേഖല പൊതുവെ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. 79 ചെറുകിട വ്യവസായ യൂനിറ്റുകളാണ് നമ്മുടെ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇവയിലെല്ലാം കൂടി 267 തൊഴിലാളികൾ ജോലി ചെയ്യുന്നു. മൊത്തം ചെറുകിട വ്യവസായ യൂനിറ്റുകളിൽ 40 എണ്ണവും കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് ആരംഭിച്ചവയാണ്. 2, 7, 11 വാർഡുകളിൽ കാര്യമായ ഒരു വ്യവസായവും പ്രവർത്തിക്കുന്നില്ല.

1991-ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ മൊത്തം തൊഴിലാളികളുടെ എണ്ണം 6063 ആണ്. ഇതിന്റെ 28% പേർമാത്രമാണ് വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നത്. 1701 വ്യവസായത്തൊഴിലാളികളിൽ 1382 പേർ പുരുഷന്മാരും 319 പേർ സ്ത്രീകളുമാണ്.

ലാഭകരമായ പദ്ധതികളുമായി വ്യവസായം തുടങ്ങാൻ വരുന്ന സംരംഭകരുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും പരിശീലന സൗകര്യങ്ങളുടെ അഭാവവുമാണ് സംരംഭകരുടെ എണ്ണം കുറയുന്നതിനുള്ള പ്രധാന കാരണങ്ങൾ. മൂലധനം സ്വരൂപിക്കുന്നതിനുള്ള ബുദ്ധിമുട്ട്, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ് വിപണന സൗകര്യങ്ങളുടെ കുറവ് എന്നിവയാണ് വ്യവസായ സംരംഭകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. വിവിധ ലൈസൻസുകൾ ലഭിക്കുന്നതിനുള്ള പ്രയാസവും സംരംഭകർ നേരിടുന്ന ഒരു പ്രശ്നമാണ്. ചുരുങ്ങിയ മുതൽ മുടക്ക് ആവശ്യമായിരുന്ന സംരംഭങ്ങൾക്ക് ധനസഹായം നൽകാൻ ധനകാര്യസ്ഥാപനങ്ങൾ തയ്യാറാക്കുന്നില്ല. പഞ്ചായത്തുതലത്തിൽ വ്യവസായ വികസന സമിതികൾ രൂപീകരിച്ച് പ്രാദേശിക വ്യവസായ സംരംഭകർക്ക് പ്രോത്സാഹനവും പരിശീലനവും നൽകാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന്റെ വ്യവസായ മേഖല മെച്ചപ്പെടുത്താൻ കഴിയും.

ചെറുകിട വ്യവസായയൂനിറ്റുകൾ സംബന്ധിച്ച വിവരം

ഇനം	എണ്ണം
കൃഷിഅധിഷ്ഠിതം	15
വനം "	17
മൃഗം "	-
തുണി "	5
രാസവസ്തു "	6
എഞ്ചിനീയറിംഗ്	10
ഇലക്ട്രോണിക്സ്	-
ധാതുലവണങ്ങൾ	-
കെട്ടിടസാമഗ്രികൾ	6
മറ്റുള്ളവ	20
ആകെ	79

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

നമ്മുടെ പഞ്ചായത്തിലെ പരിമിതമായ വ്യവസായ സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പറമ്പിന്റെ മുകളിൽ പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്. ആട്ടോമൊബൈൽ യൂനിറ്റ്, എണ്ണ ഉൽപാദന യൂനിറ്റ്, പെയ്ൻറ് നിർമ്മാണ യൂനിറ്റ് പോളിത്തീൻ കവർ നിർമ്മാണ യൂനിറ്റ്, പ്ലാസ്റ്റിക് പൈപ്പ് നിർമ്മാണ യൂനിറ്റ്, അലൂമിനിയ പാത്രനിർമ്മാണ

യൂനിറ്റ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂനിറ്റ്, റബ്ബർ ഉൽപ്പന്ന നിർമാണ യൂനിറ്റ്, ഫർണിച്ചർ നിർമ്മാണ യൂനിറ്റ്, ഓയിൽ, ഗ്രീസ് നിർമ്മാണ യൂനിറ്റ് എന്നിവ ഇവിടെ പ്രവർത്തിച്ചുവരുന്നു. ഇതിൽ പെയ്ൻറ് നിർമ്മാണ യൂനിറ്റും ഫർണീച്ചർ നിർമ്മാണ യൂനിറ്റും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 25 സെൻറ് സ്ഥലം ഇവിടെ ഉപയോഗപ്പെടുത്താതെ കിടക്കുന്നുണ്ട്.

മദ്രാസ് ആട്ടോമൊബൈൽസ്

വാഹനങ്ങൾക്കാവശ്യമായ സ്പെയർപാട്ടുകൾ നിർമ്മിക്കുന്നതിനുള്ള യൂനിറ്റാണ് ഇത്. കേരളത്തോടൊപ്പം, കർണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലും ഇവിടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിയ്ക്കപ്പെടുന്നു. നമ്മുടെ പഞ്ചായത്തിലെ ഒരു തൊഴിലാളി മാത്രമാണ് ഈ യൂനിറ്റിൽ ജോലി ചെയ്യുന്നത്.

എണ്ണ ഉൽപാദന യൂനിറ്റ്.

നാളികേരം പ്രാദേശികമായി സംഭരിച്ച് എണ്ണ ഉൽപാദിപ്പിക്കുന്നു. തേങ്ങാപ്പിണ്ണാക്ക് വിദൂര വിപണികളിൽ വിറ്റഴിക്കുമ്പോൾ എണ്ണ സമീപപ്രദേശങ്ങളിൽ തന്നെ വിറ്റഴിക്കപ്പെടുന്നു. ഈ യൂനിറ്റിലെ മുഴുവൻ തൊഴിലാളികളും നമ്മുടെ പഞ്ചായത്തിലുള്ളവരാണ്.

കൈരളി പോളിമർ

പോളിത്തീൻ കവർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള യൂനിറ്റാണ് ഇത്. ഉൽപ്പന്നങ്ങൾ കോഴിക്കോട് ടൗൺ കേന്ദ്രമാക്കി കയറ്റി അയയ്ക്കുകയാണ്. ചെയ്യുന്നത്. രണ്ട് തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ യൂനിറ്റിൽ നമ്മുടെ പഞ്ചായത്തിലുള്ള തൊഴിലാളികൾ ആരുമില്ല.

മാസ്ക്കോ പ്ലാസ്റ്റിക്ക്സ്

ജലസേചനത്തിനുപയോഗിക്കുന്ന പൈപ്പ് നിർമ്മിക്കുന്നു. 3 തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ യൂനിറ്റിൽ നമ്മുടെ പഞ്ചായത്തിലുള്ള ആരും ജോലി ചെയ്യുന്നില്ല.

സെഞ്ചുറി മെറ്റൽസ്

ഈ യൂനിറ്റിൽ അലൂമിനിയ പാത്രങ്ങൾ നിർമ്മിക്കുന്നു. ഉൽപ്പന്നങ്ങൾ പ്രാദേശികമായി വിറ്റഴിയ്ക്കപ്പെടുന്നു. ബാലുശ്ശേരിയിലെ റീട്ടെയിൽ വ്യാപാരികൾക്ക് വേണ്ട ഉൽപന്നങ്ങൾ ഇവിടെ നിന്ന് വിതരണം ചെയ്യുന്നുണ്ട്. എട്ട് തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ യൂനിറ്റിൽ നാല് പേർ പഞ്ചായത്തിലുള്ളവരാണ്.

ഹരിജനവർക്കേഴ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി

റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്ന യൂനിറ്റാണിത്. വസ്ത്രനിർമ്മാണത്തോടൊപ്പം, വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനുള്ള യൂനിറ്റായും ഇത് പ്രവർത്തിക്കുന്നു. പെൺകുട്ടികൾക്കാണ് ഇവിടെ നിന്നും പരിശീലനം നൽകുന്നത്. പരിശീലനത്തിന് വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ട്. ഉല്പന്നങ്ങൾ സമീപപ്രദേശങ്ങളിലുള്ള കടകളിലൂടെ വിറ്റഴിക്കുന്നു.

ഷൈറിഷ് റബ്ബർ യൂനിറ്റ്

റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റാണ് ഇത്. ഇവിടെ നമ്മുടെ പഞ്ചായത്തിലെ തൊഴിലാളികൾ ആരും ജോലിചെയ്യുന്നില്ല.

സതേൺ ലൂബ്രിക്കേഷൻ ഇൻഡസ്ട്രീസ്

ഈ യൂണിറ്റിൽ ഗ്രീസ്, ഓയിൽ എന്നിവ നിർമ്മിക്കുന്നു. ആകെയുള്ള 5 തൊഴിലാളികളിൽ ഒരാൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ നിന്നുള്ളത്.

സോപ്പ് കമ്പനി

നമ്മുടെ പഞ്ചായത്തിലെ ഏക സോപ്പ് നിർമ്മാണ യൂണിറ്റ് ഒന്നാം വാർഡിലെ തുരുത്യാട് പ്രദേശത്ത് പ്രവർത്തിക്കുന്നു. കേരള സോപ്സ് ആൻഡ് ഓയിൽസിന്റെ അനുബന്ധയൂനിറ്റായിട്ടാണ് ഇത് പ്രവർത്തിച്ചുവന്നത്. വനിതകളെ സംഘടിപ്പിച്ചുകൊണ്ട് ആരംഭിച്ച ഈ യൂനിറ്റിൽ തുടക്കത്തിൽ 11 തൊഴിലാളികളാണുണ്ടായിരുന്നത്. ഇപ്പോൾ 8 തൊഴിലാളികളുള്ള ഈ യൂനിറ്റ് കഴിഞ്ഞ 5 വർഷമായി പൂട്ടിക്കിടക്കുകയാണ്. കേരള സോപ്സ് ആൻഡ് ഓയിൽസ് അടച്ചുപൂട്ടിയതുകാരണം അസംസ്കൃത സാധനങ്ങൾക്ക് ദൗർലഭ്യം നേരിട്ടതും, സാങ്കേതിക വിദഗ്ധരുടെ അഭാവവും ആയിരുന്നു കമ്പനി അടുച്ചുപൂട്ടുന്നതിനുള്ള കാരണങ്ങൾ. കൂടാതെ അമിതമായ വൈദ്യുതി ചാർജ്ജും കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിച്ചിരിക്കുന്നു. ഇപ്പോൾ അസംസ്കൃത സാധനങ്ങൾ ലഭിക്കാവുന്ന സാഹചര്യം ഉണ്ടായിട്ടുപോലും, ഫാക്ടറി തുറക്കാൻ കഴിഞ്ഞിട്ടില്ല. കമ്പനി അടച്ചുപൂട്ടിയ കാലത്തെ ഭീമമായ വൈദ്യുതിചാർജ്ജ് കുടിശ്ശിക അടയ്ക്കാൻ കഴിയാതെ വൈദ്യുതികണക്ഷൻ വിഛേദിയ്ക്കപ്പെട്ടതാണ് ഇതിനുളഅള കാരണം. ഈ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞാൽ കമ്പനി തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുന്ന സ്ഥിതിയാണുള്ളത്.

ഖാദി യൂനിറ്റുകൾ

നമ്മുടെ പഞ്ചായത്തിൽ ആകെ 4 ഖാദി യൂനിററുകളാണ് പ്രവർത്തിച്ചു വരുന്നത്. എരമംഗലം, കോക്ക

ല്ലൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന യൂനിറ്റുകളിൽ നൂൽ നൂല്പ് മാത്രമാണ് നടക്കുന്നത്. മുതുവത്ത് പ്രവർത്തിക്കുന്ന യൂനിറ്റിൽ നെയ്ത്ത് മാത്രമാണ് നടക്കുന്നത്. കാഞ്ഞിക്കാവ് യൂനിറ്റിൽ നെയ്ത്തും നൂൽ നൂല്പും നടന്നുവരുന്നു. 4 യൂനിറ്റുകളിലായി67 സ്ത്രീകൾ ജോലി ചെയ്യുന്നു. ഇതിൽ 64 പേരും നമ്മുടെ പഞ്ചായത്തിലുള്ളവരാണ്. ഖാദി മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ആകർഷകമായ സേവനവേതന വ്യവസ്ഥകളുടെ അഭാവം തന്നെയാണ്. ഒരു തൊഴിലാളിക്ക് പ്രതിദിനം പരമാവധി 10 രൂപ മാത്രമാണ് ഇപ്പോൾ ലഭിച്ചുവരുന്നത്. സൂപ്പർവൈസർമാരായി ജോലിനോക്കുന്നവരുടെ കാര്യവും വ്യത്യസ്തമല്ല. ഇതിന്റെയൊക്കെ ഭാഗമായി നേരത്തെ ഉണ്ടായിരുന്ന തൊഴിലാളികളിൽ 41 പേർ കൊഴിഞ്ഞു പോയിട്ടുണ്ട്. അനിവാര്യമായ പശ്ചാത്തല സൗകര്യങ്ങളുടെ അഭാവവും ചില ഖാദി യൂനിറ്റുകൾ നേരിടുന്ന പ്രശ്നങ്ങളാണ്.

കാഞ്ഞിക്കാവ് യൂനിറ്റിന് വൈദ്യുതി ലഭിച്ചിട്ടില്ല. കൂടാതെ നിലവിലുള്ള കിണർ ഉപയോഗശൂന്യമായി കിടക്കുകയുമാണ്. ഈ പോരായ്മകൾ പരഹരിക്കുകയും പുതുതായി തറി, റാട്ട് എന്നിവ ലഭ്യമാക്കുകയും ചെയ്താൽ കാഞ്ഞിക്കാവ് യൂനിറ്റിൽ 10 പേർക്ക് കൂടി തൊഴിൽ നൽകാൻ കഴിയും. കൂപ്പടം വർദ്ധിപ്പിച്ച് നെയ്ത്തിനുള്ള സൗകര്യം ഉണ്ടാക്കുകയും, ട്രൈസം പദ്ധതിയുമായി ബന്ധപ്പെടുത്തി പരിശീലന കേന്ദ്രമായി ഉപയോഗപ്പെടുത്തുകയും ചെയ്താൽ ഈ യൂനിറ്റിന്റെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്താൻ കഴിയും.

കോക്കല്ലൂരിലെ ഖാദിനൂൽനൂല്പ് കേന്ദ്രത്തിൽ തുടക്കത്തിൽ 30 തൊഴിലാളികൾ ജോലി ചെയ്തിരുന്നു. ഇത് ഇന്ന് വെറും 7 പേർ മാത്രമായി കുറഞ്ഞിരിക്കുകയാണ്. വാടകകെട്ടിടത്തിലാണ് ഈ യൂനിറ്റ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. സ്ഥലപരിമിതിമൂലം ഉള്ള റാട്ടുകൾ പോലും മുഴുവനായി ഉപയോഗപ്പെടുത്താൻ ഇപ്പോൾ കഴിയുന്നില്ല. 10 സെന്റ് സ്ഥലം സംഭവാനയായി നൽകാൻ കഴിഞ്ഞാൽ പുതുതായി കെട്ടിടം നിർമ്മിക്കുവാനും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകാനും കഴിയും.

എരമംഗലം ഖാദി നൂൽനൂൽപ് കേന്ദ്രത്തിൽ 25 തൊഴിലാളികൾവരെ ജോലി ചെയ്തിരുന്നു. ഇപ്പോൾ 13 പേർ മാത്രമാണ് ജോലി ചെയ്യുന്നത്. കേടായ ഉപകരണങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗക്ഷമമാക്കിയാൽ കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകുവാൻ കഴിയും.

മുതുവത്ത് പ്രവർത്തിക്കുന്ന ഖാദി നെയത്ത് കേന്ദ്രത്തിൽ ആകെ 12 പേരാണ് ഇപ്പോൾ ജോലി ചെയ്തുവരുന്നത്. നേരത്തെ 18 പേർ വരെ ജോലി ചെയ്തിരുന്നു. മെച്ചപ്പെട്ട ഉപകരണങ്ങൾ, നല്ല നൂൽ എന്നിവ ലഭ്യമാക്കിയാൽ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും.

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട മറ്റൊരു വ്യവസായ മേഖല കൈത്തറിമേഖലയാണ്. ഏകദേശം 200 കുടുംബങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. ആകെ 315 തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. 5-ാം വാർഡിലാണ് ഇത് പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. 2,3,4 വാർഡുകളിലെ ഒറ്റപ്പെട്ട കുടുംബങ്ങളിലും പരിമിതമായ തോതിൽ നെയ്ത്ത് നടക്കുന്നുണ്ട്. ബാലുശ്ശേരിയിൽ 1947ൽ സ്ഥാപിതമായ നെയ്ത്ത് തൊഴിലാളി സഹകരണ സംഘമാണ് ഈ രംഗത്തു പ്രവർത്തിക്കുന്ന ഏക സഹകരണ സ്ഥാപനം. 431 പേർ ഈ സഹകരണ സംഘത്തിൽ അംഗങ്ങളാണ്. പ്രതിമാസം ശരാശി 775 രൂപയാണ് ഒരു തൊഴിലാളിയ്ക്ക് ലഭിക്കുന്ന വരുമാനം ഗവണ്മെന്റ് റിബേറ്റ് അതാതു കാലങ്ങളിൽ ലഭ്യമാക്കുകയും നൂൽ, ചായങ്ങൾ മുതലായവ നിയന്ത്രിത വിലയ്ക്ക് കിട്ടുകയും ചെയ്താൽ ഈ മേഖല കുറേകൂടി മെച്ചപ്പെടുത്താൻ കഴിയും.

ബീഡി

പരിമിതമായ തോതിൽ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ബീഡി തെറുപ്പ് വ്യവസായം നിലവിലുള്ളത്. അതാവട്ടെ തീർത്തും അസംഘടിതമായ രീതിയിലാണ്. ഈ രംഗത്ത് സഹകരണ സംഘങ്ങളൊന്നും ഇന്ന് പ്രവർത്തിക്കുന്നില്ല. നേരത്തെ 4-ാം വാർഡിൽ പ്രവർത്തിച്ചിരുന്ന ബീഡി തെറുപ്പ് വ്യവസായ സഹകരണ സംഘം ഇപ്പോൾ തകർന്നു കിടക്കുകയാണ്. ഒറ്റപ്പെട്ട രീതിയിൽ നടക്കുന്ന ബീഡി തെറുപ്പ് വ്യസായം സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചെങ്കിൽ മാത്രമേ പ്രതീക്ഷയ്ക്ക് വകയുള്ളൂ.

DWCRA യൂനിറ്റുകൾ

3 DWCRA യൂനിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ പറമ്പിന്റെ മുകളിൽ പ്രവർത്തിക്കുന്ന കുട, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂനിറ്റ്, പുത്തൂർ വട്ടത്തെ മെറ്റൽ നിർമ്മാണ യൂനിറ്റ്, കാഞ്ഞിക്കാവിൽ റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഫുഡ് പ്രോസസ്സിങ് യൂനിറ്റ് എന്നിവയാണ്. ഈ 3 യൂനിറ്റുകളിലായി 33 വനിതകൾ ജോലി ചെയ്യുന്നുണ്ട്. ഈ യൂനിറ്റിൽ പൊതുവെ മോശമല്ലാത്ത നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും കുടനിർമ്മാണ യൂനിറ്റ് ചെറിയ തോതിൽ വിപണന പ്രശ്നങ്ങൾ

അനുഭവപ്പെടുന്നുണ്ട്.

മറ്റു പ്രധാന വ്യവസായ യൂനിറ്റുകൾ	
പ്രിന്റിംഗ് പ്രസ്സുകൾ	5
ഈർച്ചമിൽ	1
ഫ്ളോർ മിൽ	6
ഓയിൽ മിൽ	4
ശില്പതുണ് നിർമ്മാണം	1
ഹോളോബ്രിക്സ്	1

പ്രശ്നങ്ങൾ

1. വൻ വ്യാവസായിക ശക്തികളുമായി മൽസരിക്കാനുള്ള ശേഷിക്കുറവ്

2. വ്യവസായ മേഖല സമരമുഖരിതമാണന്നു പൊതുധാരണ

3. വ്യാപാരം വ്യവസായത്തെക്കാൾ സുരക്ഷിതമായതു കാരണം സമ്പന്ന, ഇടത്തരം വിഭാഗങ്ങൾ വ്യാപാര മേഖലയിലേക്കു പോകാൻ കൂടുതൽ താല്പര്യം കാണിക്കുന്നു.

4. വ്യവസായ സംരംഭകർക്ക് പരിശീലനം ലഭിക്കുന്നതിനുള്ള സൗകര്യങ്ങളില്ല.

5. വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടാനുള്ള ആത്മവിശ്വാസമില്ലായ്മ.

6. സർക്കാർ ജോലികളിൽ പ്രവേശിക്കാനുള്ള പൊതു പ്രവണത.

7. ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെയും ചുവപ്പുനാടയുടെയും പ്രശ്നങ്ങൾ.

8. വായ്പകൾ ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ. (വിശേഷിച്ചും ചെറിയ മുതൽ മുടക്കാവശ്യമായ പദ്ധതികൾക്ക്)

9. വ്യവസായം ആരംഭിക്കുന്നതിന് സ്ഥലസൗകര്യം ലഭിക്കുന്നതിനുള്ള പ്രയാസം

10. പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്

11. തേങ്ങ, അടയ്ക്ക തുടങ്ങിയ കാർഷികോല്പന്നങ്ങൾ പ്രയോജനപ്പെടുത്തുന്ന വ്യവസായങ്ങൾ ഇല്ല.

12. വിപണികണ്ടെത്തുന്നതിനുള്ള പ്രയാസം.

13. ഖാദി, കൈത്തറി മേഖലയിലെ വേതനക്കുറവ്

14. ഗുണനിലവാരമുള്ള നൂവൽ, ചായം എന്നിവ മിതമായ നിരക്കിൽ ലഭിക്കുന്നില്ല.

15. തുരുത്യാട് സോപ്പുകമ്പനിക്ക് വൈദ്യുതി കണക്ഷൻ വിഛേദിച്ചതിന്റെയും വിപണി കണ്ടെത്താൻ കഴിയാത്തതിന്റെയും പ്രശ്നങ്ങൾ.

16. കൂടനിർമ്മാണ യൂനിറ്റിന് വിപണി കണ്ടെത്താനുള്ള പ്രയാസം.

17. കോക്കല്ലൂർ ഖാദിയൂനിറ്റിന് സ്വന്തമായി കെട്ടിടമില്ല.

18. കാഞ്ഞിക്കാവ് ഖാദി യൂനിറ്റിന് വൈദ്യുതി ലഭിച്ചിട്ടില്ല. കിണർ ഉപയോഗശൂന്യമായി കിടക്കുന്നു.

19. വായ്പാ സൗകര്യങ്ങളും ലൈസൻസുകളും ലഭിക്കുന്നതിനുള്ള നടപടിച്ചട്ടങ്ങൾ ലഘൂകരിക്കുക.

ആരംഭിക്കാൻ സാധ്യതയുള്ള മറ്റു വ്യവസായങ്ങൾ

കൊപ്രാ ഡ്രയർ

ചകിരി വ്യവസായം

തേങ്ങാപ്പൊടി, ചിരട്ടപ്പൊടി എന്നിവ നിർമ്മിക്കുന്ന യൂനിറ്റ്

അടയ്ക്ക സംസ്ക്കരണ യൂണിറ്റ്

ഹോളോബ്രിക്സ് നിർമ്മാണം

യന്ത്രവൽക്കരണ ഫർണീച്ചർ യൂനിറ്റ്

കെട്ടിട നിർമ്മാണ വസ്തുക്കൾ

ചെരുപ്പു നിർമ്മാണം

മെറ്റൽ നിർമ്മാണം

യന്ത്രം ഉപയോഗിച്ച് പച്ചച്ചകിരി നാര് നിർമ്മാണ യൂനിറ്റ്

കാലിത്തീറ്റ നിർമ്മാണ യൂനിറ്റ് (ബ്ലോക്ക്-ജില്ലാതലത്തിൽ)

പ്ലാസ്റ്റിക് ഫൈബർ ഉല്പന്നങ്ങൾ

സ്കൂൾ ബാഗ്, വാനിറ്റി ബാഗ്

ഇലക്ട്രോണിക് ചോക്ക്- റഗുലേറ്റർ-എമർജൻസി ലൈറ്റ്

കറിപൗഡർ

പുട്ട്പൊടി, പത്തിരിപ്പൊടി നിർമ്മാണം

കാർഡ്ബോർഡ് പെട്ടി

ബേക്കറി യൂനിറ്റ്

നിർദ്ദേശങ്ങൾ

1. ജന പ്രതിനിധികൾ, വ്യവസായികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തു തലത്തിൽ വ്യവസായ വികസന സമിതി രൂപീകരിക്കുക. ഈ സമിതിയുടെ നേതൃത്വത്തിൽ സംരംഭകരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഇതിനു വേണ്ടിസെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ നട

ത്തുക.

2. വ്യവസായ സംരംഭകർക്ക് വിവിധ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പരിശീലനം നൽകുന്നതിനുള്ള കേന്ദ്രം ആരംഭിക്കുക. ഈങ്ങനെ പരീശീലനം ലഭിക്കുന്നവർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക, സാങ്കേതിക, വിപണന സഹായങ്ങൾ നൽകുക.

3. സ്വയം തൊഴിൽ എക്സ്ചേഞ്ച് രീപീകരിക്കുക. ഇവിടെ പേർ രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും അനുയോജ്യമായ വ്യവസായ സംരംഭകരെ കണ്ടെത്തുന്നതിന് എളുപ്പമായിരിക്കും.

4. ഔട്ട് വർക്കർ ഉല്പ്പാദന സമ്പ്രദായം പ്രോത്സാഹിപ്പിക്കുക. ഒരു മാതൃകാ സ്ഥാപനവും, അതിനോടനുബന്ധിച്ചുള്ള ഗാർഹിക ഉൽപാദന കേന്ദ്രങ്ങളുമാണ് ഉദ്ദേശിക്കുന്നത്. കുട നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ഇലക്ട്രോണിക് ഉപകരണങ്ങൾ, ബുക്ക് ബൈൻഡിങ്ങ്, ചന്ദനത്തിരി നിർമ്മാണം, കളിക്കോപ്പു നിർമ്മാണം തുടങ്ങിയവ ഈ രീതിയിൽ വിജയകരമായി നടത്താവുന്നതാണ്.

5 സോപ്പു നിർമ്മാണ യൂനിറ്റിന്റെ വൈദ്യുതി ചാർജ്ജ് പ്രശ്നം പരിഹരിക്കുക. വൈദ്യുതി ചാർജ്ജിൽ ഇളവ് അനുവദിക്കുക.

6. കൂടുതൽ DWCRA യൂനിറ്റുകൾ ആരംഭിക്കുക.

7. പരമ്പരാഗത തൊഴിലുകളെയും, കൈത്തൊഴിലുകാരെയും സംഘടിപ്പിക്കുക. അവർക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുകയും ഉൽപന്നങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുന്ന വിപണന കേന്ദ്രത്തിലൂടെ വില്പന നടത്തുകയും ചെയ്യുക.

8. ബാലുശ്ശേരി ഫുഡ്പ്രോസസിംഗ് യൂണിറ്റിലെ ഫ്ളോർമിൽ, ലാബ് എന്നിവ ഉപയോഗപ്പെടുത്തി കുത്തരി, ആട്ടപ്പൊടി എന്നിവ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുക.

9. പറമ്പിന്റെ മുകളിൽ പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ കൈവശത്തിലുള്ളതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ 25 സെന്റ് സ്ഥലം പഞ്ചായത്തിന് ലഭിച്ചാൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും.



വിദ്യാഭ്യാസം

ഏതൊരു സമൂഹത്തിന്റെയും ചാലക ശക്തിയായി വർത്തിക്കേണ്ടത് ജനതയുടെ വിദ്യാഭ്യാസമാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് ഒട്ടേറെ നേട്ടങ്ങൾ കൊയ്തെടുക്കാൻ സാധിച്ച മേഖലയാണിത്. സ്കൂളുകളിലെത്തുന്ന കുട്ടികളുടെ എണ്ണത്തിന്റെ കാര്യത്തിലും ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും പരിശീലനം ലഭിച്ച അധ്യാപകരുടെ ശതമാനകണക്കിലും നാം മുൻപന്തിയിൽതന്നെയാണ്. കുട്ടികളുടെ കൊഴിഞ്ഞുപോക്കും ഇവിടെ താരതമ്യേന കുറവാണ്. ഈ അനുകൂല ഘടകങ്ങളൊക്കെയുണ്ടെങ്കിലും മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പുറകിലാണ്. ഏറെക്കുറെ സംസ്ഥാനത്തിന്റെ പൊതുചിത്രമാണ് ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിലും വിദ്യാഭ്യാസ രംഗത്ത് ഉള്ളത്.

ഒരു തിരിഞ്ഞുനോട്ടം

സംസ്ഥാനത്തിന്റെ ഇതര പ്രദേശങ്ങളെപ്പോലെ ഗ്രന്ഥശാലാപ്രസ്ഥാനങ്ങൾ പുനരുദ്ധാരണ പ്രസ്ഥാനങ്ങൾ ദേശീയ പ്രസ്ഥാനങ്ങൾ സ്വകാര്യ ഏജൻസികൾ ജനകീയ സംഘടനകൾ എന്നിവയെല്ലാം ബാലുശ്ശേരിയുടെ വിദ്യാഭ്യാസ പുരോഗതിക്ക് തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആദ്യമായി പഞ്ചായത്തിലാരംഭിച്ച ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം കോക്കല്ലൂർ എലിമെന്ററി സ്കൂളാണെന്നാണ് ലഭിച്ച വിവരങ്ങളിൽ നിന്നും മനസ്സിലാവുന്നത്. ഇതോടൊപ്പംതന്നെ കുന്നക്കൊടിപോലുള്ള ചിലപ്രദേശങ്ങളിൽ കുടിപ്പള്ളിക്കൂടങ്ങളും നിലനിന്നിരുന്നതായി അറിവുണ്ട്. കുറുപ്പനകണ്ടിയിലും കിഴക്കചാൽ ഗോവിന്ദൻ, പൊറ്റോൽ വളപ്പിലും ഇത്തരം സംരഭങ്ങൾ നിലനിന്നിരുന്നു. ചോയിക്കുട്ടിവൈദ്യർ, തുടങ്ങിയ എഴുത്താശാൻമാരായിരുന്നു ഇവയ്ക്ക് നേതൃത്വം നൽകിയിരുന്നത്.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് പഞ്ചായത്തിനുള്ളിൽ സൗകര്യം ഇല്ലാതിരുന്ന കാലത്ത് കൊയിലാണ്ടി ഹൈസ്കൂളിനെയാണ് ഇവിടുത്തുകാർ പ്രധാനമായും ആശ്രയിച്ചിരുന്നത്. പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ അനുവദിച്ചിരുന്നുവെങ്കിലും സ്ഥലം ലഭ്യമല്ലാതെവന്നപ്പോൾ അത് നന്മണ്ടയിലേക്ക് മാറുകയാണ് ഉണ്ടായത്. ലഭ്യമായ വിദ്യാഭ്യാസ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ പഞ്ചായത്തിലെ പിന്നോക്ക ജാതിക്കാർ ആദ്യഘട്ടത്തിൽ പുറകിലായിരുന്നു. എങ്കിലും മറ്റ് പല പ്രദേശങ്ങളിലേതിനേക്കാൾ ചുരുങ്ങിയ ഇടവേളയ്ക്കുള്ളിൽ ഇവരും മുഖ്യ ധാരയിൽ എത്തുകയുണ്ടായി.

വിദ്യാർത്ഥി സമൂഹം ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ ചെലുത്തിയ സ്വാധീനം നിർണ്ണായകമാണല്ലോ. ഇതിന്റെ അലയൊലികൾ അക്കാലത്ത് നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽനിന്നും മുഴങ്ങിയിരുന്നു. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തോടൊപ്പം മദ്യ വിരുദ്ധ പ്രസ്ഥാനത്തിന്റേയും ജീവനായി വിദ്യാർത്ഥികൾ അക്കാലത്ത് തെരുവിലിറങ്ങിയിരുന്നു.

കർമ്മ നിരതരായ ഒരു അദ്ധ്യാപക നിരതന്നെ പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിലുണ്ട്. കൃഷ്ണയ്യർ മാസ്റ്റർ, കുഞ്ഞിരാമൻ മാസ്റ്റർ, കുന്നത്തറയിലെ ചന്തുക്കുട്ടി മാസ്റ്റർ, വടകരയിലെ കണ്ണൻ മാസ്റ്റർ, പാച്ചർ മാസ്റ്റർ, അപ്പുക്കുറുപ്പു മാസ്റ്റർ, കുഞ്ഞുണ്ണി മാസ്റ്റർ, പി. വി. ദക്ഷിണാമൂർത്തി... തുടങ്ങിയവരുടെ പട്ടികയിൽ ഇനിയും പലരേയും ഉൾപ്പെടുത്തേണ്ടതായുണ്ട്.

നിലവിലുള്ള സ്ഥിതി

വടകര വിദ്യാഭ്യാസ ജില്ലയിൽ പെടുന്ന ഒരു ഹയർ സെക്കന്ററി സ്കൂളും, ഒരു വൊക്കേഷണൻ ഹയർ സെക്കന്ററി സ്കൂളും ഒരു ഹൈസ്കൂളും രണ്ട് യു.പി. സ്കൂളും, 11 എൽ.പി.സ്കൂളുമാണ് ബാലുശ്ശേരി പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ളത്. ഇവകൂടാതെ സംസ്കൃതത്തിൽ ഉന്നത പഠനത്തിന് സൗകര്യമുള്ള, ദക്ഷിണേന്ത്യയിലെത്തന്നെ ഒരു പ്രധാന സംസ്കൃത വിദ്യാപീഠവും സർക്കാർ നിയന്ത്രണത്തി

ലുള്ള 27 അങ്കണവാടികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 7 സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും 3 അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറി സ്കൂളുകളും ഇവയ്ക്ക് പുറമെയാണ്.

സർക്കാർ-എയ്ഡഡ് സ്കൂളുകളിലായി 3131 ആൺകുട്ടികളും 3142 പെൺകുട്ടികളുമടക്കം 6273 വിദ്യാർത്ഥികളാണ് പഠിക്കുന്നത്. ഇതിൽ 923 പേർ പട്ടിക ജാതിക്കാരാണ്. 1456 കുട്ടികൾ പഠിക്കുന്ന കോക്കല്ലൂർ ഗവ. ഹയർസെക്കന്ററി സ്കൂളാണ് കുട്ടികളുടെ എണ്ണത്തിന്റെ കാര്യത്തിൽ മുൻപന്തിയിലുള്ളത്. മൊത്തം 221-അദ്ധ്യാപകരാണ് പഞ്ചായത്തിൽ സേവനം നടത്തുന്നത്.

ഭൗതിക സൗകര്യങ്ങൾ

ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ ഒരു പൊതു വിശകലനം നടത്തിയാൽ പഞ്ചായത്തിലെ വിദ്യാലയങ്ങൾ വളരെ പിന്നോക്കമല്ല. ഇക്കാര്യത്തിൽ ഏറ്റവും ശോചനീയമായ സ്ഥിതിയുള്ളത് എരമംഗലം ഗവ. എൽ.പി.ക്കും, കോക്കല്ലൂർ ഹൈസ്കൂളിനുമാണ്. എരമംഗലം എൽ.പി.ക്ക് രണ്ട് മുറികളുള്ള കെട്ടിടത്തിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട് എന്നത് ആശ്വാസകരമാണ്. 1994 കോക്കല്ലൂർ ഹൈസ്കൂളിലുണ്ടായ ദാരുണമായ കെട്ടിട ദുരന്തത്തിൽ ഒരു കുട്ടി മരിക്കുകയും. നിരവധി കുട്ടികൾക്ക് പരിക്കേൽക്കുകയും ചെയ്തതിനെത്തുടർന്ന് രണ്ട് അർദ്ധസ്ഥിര കെട്ടിടങ്ങൾ സ്കൂളിന് ലഭിച്ചിട്ടുണ്ട്. മറ്റൊരു കെട്ടിടത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമുണ്ട്. ബാലുശ്ശേരി ഗേൾസ് ഹൈസ്കൂളിനും കെട്ടിടത്തിന്റെ പരിമിതിയുണ്ട്. മറ്റ് സ്കൂളുകളിൽ കെട്ടിട സൗകര്യം ഏറെക്കുറെ തൃപ്തികരമാണ്. എന്നാൽ ക്ലാസ്മുറികൾക്ക് ഇടയ്ക്ക് വേർതിരിവ് ഇല്ലാത്തത് ഒരു പൊതു പ്രശ്നമാണ്. പ്രൈമറി സ്കൂളുകളിലാണ് ഈ പ്രശ്നം കൂടുതലായുള്ളത്. നാലുവിദ്യാലയങ്ങളിൽ അത്യാവശ്യ സൗകര്യമായ മൂത്രപ്പുരകൾ ഇല്ല. ഉള്ള വിദ്യാലയങ്ങളിൽതന്നെ ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

കുടിവെള്ളത്തിനായി കിണറിനെയാണ് സ്കൂളിൽ പ്രധാനമായും ആശ്രയിക്കുന്നത്. ഏഴു സ്കൂളുകളിലും ഇതിനുള്ള സൗകര്യം നിലവിലുണ്ട്. ആവശ്യമായ പമ്പിംഗ് സംവിധാനം പലസ്കൂളുകളിലും ഇല്ല. പ്രത്യേകിച്ച് ഇത് അത്യാവശ്യമായ പ്രൈമറി സ്കൂളിലാണ് ഇതിന്റെ പരിമിതി അനുഭവപ്പെടുന്നത്. എട്ട് വിദ്യാലയങ്ങളാണ് വൈദ്യുതീകരിച്ചത്. ഉച്ചഭക്ഷണം പാകം ചെയ്യുന്നതിന് സൗകര്യപ്രദമായ പ്രത്യേക സംവിധാനങ്ങൾ മിക്ക സ്കൂളുകളിലും ലഭ്യമല്ല. ഫർണിച്ചറുകളുടെ കാര്യത്തിൽ എല്ലാ വിദ്യാലയങ്ങളും സ്വയം പര്യാപ്തമല്ല എന്നതാണ് ലഭിച്ച വിവരം. പകുതികുട്ടികൾക്ക് ആവശ്യത്തിനുള്ള ഫർണിച്ചറുകൾ മാത്രമാണ് കോക്കല്ലൂർ ഗവ. ഹയർസെക്കന്ററി സ്കൂളിനുള്ളത്. സെഷനൽ സമ്പ്രദായത്തിൽ സ്കൂൾ പ്രവർത്തിക്കുന്നതുകൊണ്ട് ഈ ദൗർലഭ്യം അനുഭവപ്പെടുന്നില്ലെന്നുമാത്രം. പല സ്വകാര്യ സ്കൂളുകളിലും ഗുണം കുറഞ്ഞ ഫർണിച്ചറുകളാണുള്ളത്. കളിസ്ഥലത്തിന്റെ കാര്യത്തിലും നാം പിന്നോക്കമാണ്. സർക്കാർ എൽ.പി. സ്കൂളുകളിൽ ഒരിടത്തുമാത്രമാണ് ഏറെക്കുറെ തൃപ്തികരമായ അളവിൽ കളിസ്ഥലമുള്ളത്. 3 സർക്കാർ എൽ.പി. സ്കൂളുകളിലെ കളിസ്ഥലത്തിന്റെ സ്ഥിതി പരിതാപകരമാണ്. എയിഡഡ് സ്കൂളുകളിൽ 4 എണ്ണത്തിന്റെ സ്ഥിതി തൃപ്തികരമാണ്. 3 സ്കൂളുകളിൽ കളിസ്ഥലം നാമമാത്രമാണ്. ഹൈസ്കൂളുകളിൽ GV HS (Boys) നുമാത്രമാണ് മികച്ച കളിസ്ഥലമുള്ളത്. ഗേൾസ് ഹൈസ്കൂളിലും കോക്കല്ലൂർ എച്ച്.എസ്.ലും കളിസ്ഥലത്തിന്റെ സ്ഥിതി വളരെ പരിതാപകരമാണ് കോക്കല്ലൂരിൽ കളിസ്ഥലം നിർമിക്കുന്നതിന് സർക്കാർ വക സ്ഥലമില്ല എന്നതും പ്രശ്നമാണ് (ഇപ്പോഴുള്ളത് സ്വകാര്യ വ്യക്തികളുടെ സ്ഥലമാണ്)

സ്കൂൾ ലൈബ്രറികളുടെ കാര്യത്തിൽ ഹൈസ്കൂളുകളുടെ സ്ഥിതി മെച്ചമാണ്. യു.പി., എൽ.പി. സ്കൂളുകളിലും ചുരുങ്ങിയ തോതിലാണെങ്കിലും ലൈബ്രറികൾ നിലവിലുണ്ട്. സ്കൂളുകളിലെ ലൈബ്രറി പ്രവർത്തനം തൃപ്തികരമല്ലെന്നതാണ് പൊതുസ്ഥിതി. പലേടങ്ങളിലും അധ്യാപകരും വിദ്യാർത്ഥികളും ഇവയെ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല. ലബോറട്ടറികളുടെ അവസ്ഥയും മറിച്ചല്ല. പലസ്കീമുകളിലുമായി ഒട്ടേറെ ഉപകരണങ്ങൾ സ്കൂളുകളിലിന്ന് ലഭ്യമാണ്. പ്രത്യേകിച്ച് സർക്കാർ ഹൈസ്കൂളുകളിൽ. എന്നാൽ അവ വേണ്ടപോലെ പ്രയോജനപ്പെടുത്തുന്നതിൽ വീഴ്ചവരുത്തുന്നു. ഹൈസ്കൂളുകളിലെ ഇത്തരം സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ സമീപമുള്ള പ്രൈമറി സ്കൂളുകളും ശ്രദ്ധിക്കുന്നില്ല. ഒട്ടേറെ സാദ്ധ്യതകളുള്ള പഠനോപകരണങ്ങളായ 16MM പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, ഓവർഹെഡ് പ്രൊജക്ടർ എന്നിവ തീരെ പ്രയോജനപ്പെടുത്തുന്നില്ലെന്നുതന്നെ പറയാം.

അക്കാദമിക്ക് നിലവാരം

ഏറെ മെച്ചമെന്നോ വളരെ മോശമെന്നോ പറയാനാകാത്ത ഒരു പഠന നിലവാരമാണ് പഞ്ചായത്തിലെ മിക്കവാറും സ്കൂളുകളിൽ കാണുന്നത്. കഴിഞ്ഞ പാദവാർഷിക പരീക്ഷ ഒരു മാനദണ്ഡമായി സ്വീകരിച്ചാൽ എൽ.പി.വിഭാഗങ്ങൾ ബാലുശ്ശേരി എ.എം.എൽ.പി.

എസ്.എസ്.എൽ.സി. റിസൽട്ട് ഒറ്റനോട്ടത്തിൽ



സ്കൂൾ മികച്ച നിലവാരം പുലർത്തിയതായി കാണാം. ഇവിടെ പഠിക്കുന്ന 3,4 ക്ലാസുകളിലെ കുട്ടികളിൽ 64.4% പേർ 60% ലധികം മാർക്ക് വാങ്ങിയവരാണ്. കൂനഞ്ചേരി എൽ.പി.സ്കൂളിൽ 10.64% പേർ മാത്ര മാണ് ഇത്തരത്തിൽ 60% ലധികം മാർക്ക് വാങ്ങിയത്. സ്കൂൾ നിലവാരം വിലയിരുത്തുവാൻ ഒരു ശാസ്ത്രീയ മാർഗമായി ഇത് സ്വീകരിക്കാനാവില്ലെ ങ്കിലും ഒരു നേരിയ സൂചകമായി ഇതിനെ ഉപയോഗ പ്പെടുത്തിയാൽ കോക്കല്ലൂർ ഹയർ സെക്കന്ററിയി ലേയും പുത്തൂർവട്ടം ന്യൂ എൽ.പി. സ്കൂളിലേയും എൽ.പി. വിഭാഗത്തിന്റെ നിലവാരം തൃപ്തികരമല്ല എന്ന് കാണാം. പനായി ജി.എൽ.പി.സി എരമംഗലം കെ.സി.എ.എൽ.പി. പുത്തൂർവട്ടം എം.എം.എൽ.പി. എന്നീ വിദ്യാലയങ്ങളും ഏറെക്കുറെ തൃപ്തികരമായ നിലവാരം പുലർത്തുന്നുണ്ട്.

യു.പി. വിഭാഗത്തിൽ ബാലുശ്ശേരി എ.യു.പി. സ്കൂൾ മോശമല്ലാത്ത ഒരു നിലവാരം ദൃശ്യമാണ്. ബാലുശ്ശേരി ബോയ്സ് ഹൈസ്കൂളിന് ഇക്കാര്യത്തിൽ പുറകിലാണ് സ്ഥാനം. ഹൈസ്കൂൾ വിഭാഗത്തിൽ ബാലുശ്ശേരി ഗേൾസ് ഹൈസ്കൂൾ മികച്ച സ്ഥാനം നിലനിർത്തുന്നുണ്ട്. ഇവിടെ കഴിഞ്ഞ പദവാർഷിക പരീക്ഷയിൽ 14.5% പേർ 60% ലധികം മാർക്ക് നേടി യതായി കാണുന്നു. എസ്.എസ്.എൽ.സി. റിസൽട്ടിന്റെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ സ്ഥിതി പരിശോധി ച്ചാൽ ബാലുശ്ശേരി ഗേൾസ് ഹൈസ്കൂൾ മികച്ച പ്രക ടനം കാഴ്ചവെച്ചതായി കാണാം. ഇവിടെ 91-92ൽ 52% മായിരുന്നു വിജയശതമാനം. അത് 94-95 66% ലേക്കുയർത്താൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഇവിടെ 3% ന്റെ കുറവ് റിസൽട്ടിൽ ഉണ്ടായിട്ടുണ്ട്.

ബോയ്സ് ഹൈസ്കൂളിൽ ഇടക്കാലത്തുണ്ടായി രുന്ന തിളക്കം നിലനിർത്താൻ കഴിയുന്നില്ല. 93-94ൽ 52% ആയിരുന്ന റിസൽട്ട് കഴിഞ്ഞ വർഷമായപ്പോൾ 22%ലേക്ക് താണു. കോക്കല്ലൂർ ഹയർ സെക്കന്ററി സ്കൂളിൽ അല്പം മെച്ചപ്പെട്ട സ്ഥിതി (30%) ഉണ്ടായത് 94-95ൽ മാത്രമാണ്. കഴിഞ്ഞ വർഷം ഇത് 22%മായി ചുരുങ്ങി. റിസൽട്ട് മെച്ചമായ സ്കൂളുകളിലേക്ക് കുട്ടി കൾ ടി.സി. വാങ്ങിപോകുന്നത് സ്കൂളുകൾ തമ്മി ലുള്ള ഈ അന്തരം വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുള്ള തായി കാണാം. പഞ്ചായത്തിനുള്ളിലുള്ള സൗകര്യം പ്രയോജനപ്പെടുത്താതെ പുറത്ത് വിദ്യതേടി പോകുന്ന വരും കുറവല്ല. ഇത് മാറണമെങ്കിൽ വിജയശതമാനം എങ്ങനെയെങ്കിലും ഉയർത്തി രക്ഷിതാക്കളുടെ വിശ്വാ സ്യത വീണ്ടെടുക്കുകയേ നിവൃത്തിയുള്ളൂ.

അക്കബോധവും അക്ഷരബോധവും ഉറയ്ക്കാത്ത കുട്ടികൾ പഞ്ചായത്തിലെ സ്കൂളുകളിൽ ധാരാള മുണ്ട്. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രീടെസ്റ്റ് പ്രകാരം 3.4 ക്ലാസുക ളിൽ ഇക്കൂട്ടരുടെ അംഗസംഖ്യ 20% വരും. ഇവർക്ക് പ്രത്യേകമായി കോച്ചിംഗ് നൽകിയും പഠനോപകരണ ങ്ങൾ പ്രയോജനപ്പെടുത്തിയും ആകർഷകമായ അധ്യാപന രീതികൾ സ്വീകരിച്ചും ഇത് പരിഹരിക്കാൻ കഴിയും. ഇംഗ്ലീഷ് അധ്യാപനമാണ് പ്രതിസന്ധിനേരി ടുന്ന മറ്റൊരു മേഖല. ശരിയായ ബോധനരീതി പ്രയോ ജനപ്പെടുത്താത്തതിനാലും ഈ വിഷയത്തിൽ ആവ ശ്യമായ പരിജ്ഞാനം സിദ്ധിച്ചവർ സ്കൂളുകളിൽ കുറ വായതിനാലും ഇംഗ്ലീഷിന്റെ പഠനനിലവാരം മെച്ചപ്പെ ടുത്താൻ കഴിയുന്നില്ല. അധ്യാപകരിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് സ്കൂളുകളിലെ ഭൂമിശാസ്ത്ര അധ്യാ പനവും പ്രയാസം നേരിടുന്ന ഒന്നാണ്. നിശ്ചിത സമ യത്തിനുള്ളിൽ പാഠം തീർക്കുക എന്ന നിർബന്ധ ത്തിനു മുമ്പിൽ ശാസ്ത്രാധ്യാപനംപോലും അശാ സ്ത്രീയമാകുന്ന അവസ്ഥ നിലവിലുണ്ട്.

പാരാ അക്കാദമികരംഗം

കുട്ടികളുടെ കലാകായിക രംഗത്തെ പ്രോത്സാ ഹനം കേവലം ഒന്നോ രണ്ടോ മേളകളിലൊതുങ്ങുന്ന പൊതു സ്ഥിതിയാണിന്നുള്ളത്. കലാമേളകളിൽ ബാലുശ്ശേരി ഗവ. എൽ.പി.യും ബാലുശ്ശേരി ഗേൾസ് ഹൈസ്കൂളുമാണ് മിക്കപ്പോഴും മുന്നിട്ടുകാണുന്നത്. കുട്ടികളെ പരിശീലിപ്പിക്കുന്നതിലും പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിലും സാമ്പത്തികം ഉൾപ്പെടെ പല ഘടകങ്ങളും വിദ്യാലയങ്ങൾക്ക് തടസ്സമായി നിൽക്കു ന്നുണ്ട്. ഒരു ചിത്രകലാധ്യാപകനും രണ്ട് സംഗീതാധ്യാ പകരുമാണ് പഞ്ചായത്തിലുള്ളത്. ഇവരുടെ സേവനം മറ്റ് സ്കൂളുകളിലെ താല്പര്യമുള്ള കുട്ടികൾക്കു കൂടി പ്രയോജനപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടാകേ ണ്ടതാണ്. കലാമേളകൾ പണച്ചെലവുകുറഞ്ഞ ഇന ങ്ങൾക്ക് പ്രാധാന്യം നൽകി പുന:സംഘടിപ്പിക്കേണ്ട തുണ്ട്.

ഒരുകാലത്ത് വളരെ നന്നായി പ്രയോജനപ്പെടുത്തി യിരുന്ന ക്ലാസ് സാഹിത്യ സമാജങ്ങളും ബാലസമാജ ങ്ങളും ഇന്ന് മിക്കവാറും നാമാവശേഷമായിക്കഴിഞ്ഞു. ജില്ലാപഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം ഇപ്പോൾ ഇവ പുനരാരംഭിക്കാൻ വിദ്യാലയങ്ങൾ ശ്രമിച്ചുവരുന്നുണ്ട്.

കായിക രംഗത്ത് എടുത്തുപറയാവുന്ന ഒരു നേട്ടം നമ്മുടെ വിദ്യാലയങ്ങളിലില്ല. ഈ രംഗത്ത് പ്രത്യേക താല്പര്യമെടുത്ത് പെൺകുട്ടികളെ മുന്നോട്ടുകൊണ്ടു വരേണ്ടതായുണ്ട്. പരിശീലന ക്യാമ്പുകൾ സംഘടി പ്പിച്ചും ഇടയ്ക്കിടയ്ക്ക് കായികമേളകൾ സംഘടി പ്പിച്ചും കായികാധ്യാപകർക്ക് പുന:പരിശീലനം നൽകിയും ഈ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരി

ക്കാൻ ശ്രമിക്കേണ്ടതുണ്ട്.

ദേശീയ പ്രാധാന്യമുള്ള ദിനാചരണങ്ങൾക്ക് ഒരു കാലത്ത് വിദ്യാലയങ്ങളിൽ പ്രമുഖ സ്ഥാനമുണ്ടായിരുന്നു. എന്നാലിപ്പോൾ ഇവയെല്ലാം ഒരു ചടങ്ങായി മാത്രം മാറിയ സ്ഥിതിയാണിന്നുള്ളത്. ജൂനിയർ റെഡ്ക്രോസ്, ഭാരത് സ്കൗട്ട്സ്, ഗൈഡ്സ് എന്നിവയുടെ യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ശാസ്ത്രക്ലബ്ബ്, യങ്ങ്ഫാർമേഴ്സ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, ആർട്സ് ക്ലബ് തുടങ്ങിയവയും നിലവിലുണ്ട്.

ജനപങ്കാളിത്തം

രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം എല്ലാ വിദ്യാലയങ്ങളിലും മാതൃകാപരമാണെന്ന് പറഞ്ഞുകൂടാ. ഭൗതിക സൗകര്യം പ്രദാനം ചെയ്യുക മാത്രമാണ്. PTAകളുടെ ധർമ്മം എന്ന ധാരണയാണ് പലേടത്തും പി.ടി.എ.കൾക്കുള്ളത്. പഠനനിലവാരം ചർച്ച ചെയ്യുന്നതിനും ഇക്കാര്യത്തിൽ അധ്യാപകരെ സഹായിക്കുന്നതിനും പി.ടി.എ.കൾ മുന്നോട്ടുവരേണ്ടതുണ്ട്. മാതൃസമിതികളുടെ രൂപീകരണവും മാതൃസംഗമങ്ങളും ഈ അടുത്തകാലത്തായി സ്കൂളുകളിൽ നടപ്പാക്കിവരുന്നുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കൊപ്പം സ്ത്രീകൾക്കിടയിലെ ബോധവൽക്കരണത്തിന് കൂടി സാധ്യതയുള്ള മാതൃസമിതികളെ ഇനിയും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

സ്കൂളുകളുടെ സ്ഥിതിയെക്കുറിച്ച് വിമർശനപരമായ വിലയിരുത്തലുകൾ മാത്രം നടത്തി സായൂജ്യമടയുന്നതിനു പകരം അധ്യാപകരും വിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും ജനങ്ങളും കൈകോർത്തുകൊണ്ടുള്ള ഒരു പുതിയ കൂട്ടായ്മ വിദ്യാഭ്യാസരംഗത്ത് ഇനിയും രൂപപ്പെടുത്തേണ്ടതുണ്ട്. അതിന്റെ ഒരു തുടക്കം എന്ന നിലയിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ വിഭാഗം ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ പരിപാടി നമ്മുടെ പഞ്ചായത്തിൽ ഇനിയും ശക്തിപ്പെടുത്തണം.

ശിശുവിദ്യാഭ്യാസം

ശിശു വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സങ്കല്പത്തെതന്നെ ചോദ്യംചെയ്യുന്ന തരത്തിലാണ് ഇന്ന് ഈ രംഗത്ത് കണ്ടുവരുന്ന പുതിയ പ്രവണതകൾ. ഇംഗ്ലീഷ് മാധ്യമത്തോടുള്ള ഭ്രമം ശിശുവിദ്യാഭ്യാസ രംഗത്തുകൂടി കടന്നുവന്നിരിക്കുകയാണ്. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കുതകുന്ന തരത്തിൽ കളികൾക്കും പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകേണ്ടുന്ന ശിശുവിദ്യാഭ്യാസ സ്ഥാപനങ്ങൾ കുഞ്ഞുനാളിൽ തന്നെ വിവരം കുത്തിനിറയ്ക്കുന്ന "പീഡന' കേന്ദ്രങ്ങളാവുന്നുണ്ട്. ഇതിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനം ഇന്ന് അനിവാര്യമായിരിക്കുകയാണ്.

സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ മിക്കതും ഇതിനൊരപവാദമാണ്. ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിൽ 28 അങ്കണവാടികൾ അനുവദിച്ചിരുന്നതിൽ തഞ്ചാലക്കുന്ന് കേന്ദ്രം കുട്ടികളില്ലാത്തതിനാൽ അടച്ചിട്ടിരിക്കുകയാണ്. ഇപ്പോൾ പ്രവർത്തിക്കുന്ന 27 അങ്കണവാടികളിൽ 12 സെന്ററുകൾക്ക് കെട്ടിടത്തിനു വേണ്ട സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം കിട്ടിയസെന്ററുകളിൽ തന്നെ കെട്ടിടം പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. ഇതിനു പ്രധാന തടസ്സം സാമ്പത്തികമാണ്. അനുവദിച്ചു കിട്ടിയപണം നന്നേ കുറവാണ്. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങൾ പലതും അസൗകര്യങ്ങളുടെ പര്യായമാണ്. ശുദ്ധവായുൾപ്പെടെ ആരോഗ്യപരമായ ഭൗതിക സാഹചര്യങ്ങളുടെ സ്ഥിതി ഇവിടങ്ങളിൽ ശോചനീയമാണ്. വിനോദത്തിനും വിശ്രമത്തിനും ആവശ്യമായ സൗകര്യങ്ങൾ ഒരിടത്തും ഇല്ല എന്നുതന്നെ പറയാം. ഭക്ഷണ സാധനങ്ങൾ ഭദ്രമായി സൂക്ഷിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങളില്ല. ജോലിഭാരവും പരിമിതമായ വേതനവും സംതൃപ്തമായ പ്രവർത്തനത്തിന് അങ്കണവാടി പ്രവർത്തകർക്ക് തടസ്സം നിൽക്കുന്നുണ്ട്.

സമാന്തര വിദ്യാഭ്യാസം

ബാലുശ്ശേരി പഞ്ചായത്തിന്റെ വിദ്യാഭ്യാസ വളർച്ചയെക്കുറിച്ച് പറയുമ്പോൾ ഒഴിച്ചുകൂടാനാവാത്തതാണ് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനം. കോഴിക്കോട് ജില്ലയിൽ തന്നെ മാതൃകയായി പ്രവർത്തിക്കുന്ന ചില സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 2500 കുട്ടികൾ പഞ്ചായത്തിലെ സമാന്തര സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ട്. പരീക്ഷ കേന്ദ്രീകൃതമായ പഠന രീതിക്കാണ് ഇത്തരം സ്ഥാപനങ്ങൾ ഊന്നൽ നൽകുന്നത്. എങ്കിലും വിദ്യാർത്ഥികൾക്ക് കലാകായിക രംഗത്ത് പ്രോത്സാഹനം നൽകുന്നതിന് ചില സമാന്തര സ്ഥാപനങ്ങൾ ശ്രമം നടത്തുന്നുണ്ട്.

സാക്ഷരത

അക്ഷര കേരളം പരിപാടികളുടെ ഭാഗമായി 1990ൽ നടന്ന സമ്പൂർണ സാക്ഷരതാ യജ്ഞത്തിൽ തിളക്കമാർന്ന ഒരനുഭവമാണ് ബാലുശ്ശേരി പഞ്ചായത്തിനുള്ളത്. ഒറ്റ ദിവസത്തെ സർവ്വേ പ്രവർത്തനംകൊണ്ട് കണ്ടെത്തിയ 60 വയസ്സിൽ താഴെപ്രായമുള്ള 1541 നിരക്ഷരരിൽ 1490 പേരേയും 224 സാക്ഷരതാ കേന്ദ്രങ്ങളിലെത്തിക്കാൻ സാക്ഷരതാ സമിതിയ്ക്കു കഴിഞ്ഞു. ഇവരെ അക്ഷരവെട്ടത്തിലേക്കു നയിക്കാൻ 400

ഇൻസ്ട്രക്ടർമാരും 24 മാസ്റ്റർ ട്രെയിനർമാരും റിസോഴ്സ് പേഴ്സൻമാരും പ്രോജക്ട് ഉദ്യോഗസ്ഥന്മാരും ഭരണസമിതിയംഗങ്ങളും ജനപങ്കാളിത്തത്തോടെ നടത്തിയ ശ്രമങ്ങൾ തങ്കലിപികളിൽ എഴുതിച്ചേർക്കേണ്ടവയാണ്. പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും ജില്ലയിലെ ഇതര പഞ്ചായത്തുകളെ കവച്ചുവെക്കുന്ന പ്രവർത്തനം കാഴ്ചവെക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സമ്പൂർണ സാക്ഷരത കൈവരിച്ച ജില്ലയിലെ ആദ്യവാർഡുകൾ എന്ന ബഹുമതി പഴയ 3,10 വാർഡുകൾ കരസ്ഥമാക്കുകയുണ്ടായി.

തുടർ സാക്ഷരതാ പ്രവർത്തനം ഉദ്ദേശിച്ചപോലെ വിജയിക്കാത്തതിനാൽ നവ സാക്ഷരർ മിക്കവാറും നിരക്ഷരതയിലേക്ക് വീണ്ടും വഴുതി വീണു. തുടർ സാക്ഷരതാ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച ജനവിദ്യാകേന്ദ്രങ്ങളും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

പ്രശ്നങ്ങൾ

1. സ്കൂൾ കെട്ടിടങ്ങളുടെ പരിമിതി ചില സ്കൂളുകളിൽ നിലനിൽക്കുന്നുണ്ട്.

2. ചില സഹകാര്യസ്കൂളുകളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ബന്ധപ്പെട്ടവർ താല്പര്യം കാണിക്കുന്നില്ല.

3. ക്ലാസ് മുറികൾ തമ്മിലുള്ള വേർതിരിവ് മിക്ക സ്കൂളുകളിലും ഇല്ല.

4. മൂത്രപ്പുര, കക്കൂസ് എന്നിവയുടെ അപര്യാപ്തത നിലനിൽക്കുന്നുണ്ട്.

5. കുടിവെള്ളലഭ്യത എല്ലാ സ്കൂളിലും വർഷം മുഴുവൻ ഉറപ്പുവരുത്താൻ കഴിയുന്നില്ല.

6. കളിസ്ഥലം ഭൂരിഭാഗം വിദ്യാലയങ്ങളിലും നാമമാത്രമാണ്.

7. ചുറ്റുമതിലുകൾ ഇല്ലാത്ത സ്കൂളുകളിൽ അതിന്റെ പ്രയാസം അനുഭവപ്പെടുന്നുണ്ട്.

8. സ്റ്റാഫ് റൂം, ഫർണിച്ചറുകൾ എന്നിവയുടെ അഭാവമുണ്ട്.

9. പ്രൈമറി സ്കൂളുകളിൽ പഠിക്കുന്നവരിൽ 1/5 ഭാഗം നിരക്ഷരരാണ്.

10. രണ്ട് ഹൈസ്കൂളുകളിലേയും എസ്.എസ്.എൽ. സി. വിജയശതമാനം കുറവാണ്.

11. പരിക്ഷാകേന്ദ്രീകൃതമായ ബോധനരീതിയാണ് നടപ്പിലാക്കിവരുന്നത്.

വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്ക്

സ്കൂളിന്റെ പേര്	വിദ്യാർത്ഥികളുടെ എണ്ണം			SC/ST		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1 ജി.വി.എച്ച്.എസ്. ബോയ്സ് ബാലുശ്ശേരി	1073	Nil	1073	151	Nil	151
2 ജി.ജി.എച്ച്.എസ് ബാലുശ്ശേരി	Nil	1303	1303	Nil	207	207
3 ജി.എച്ച്.എസ് കോക്കല്ലൂർ	747	709	1456	101	108	209
4 എ.യു.പി.എസ്. എരമംഗലം	190	175	365	32	22	54
5 എ.യു.പി.എസ് ബാലുശ്ശേരി	286	262	548	38	30	68
6 ജി.എൽ.പി.എസ്. ബാലുശ്ശേരി	83	60	143	11	12	23
7 ജി.എൽ.പി.എസ്. പനായി	53	48	101	7	13	20
8 എ.എൽ.പി.എസ്. കാഞ്ഞിക്കാവ്	67	47	114	10	5	15
9 എ.എം.എൽ.പി.എസ് പുത്തൂർവട്ടം	62	54	116	6	6	12
10 ജി.എൽ.പി.എസ്. എരമംഗലം	128	113	241	22	15	37
11 കെ.സി.എ.എൽ.പി.എസ്. എരമംഗലം	86	67	153	18	13	31
12 എ.എം.എൽ.പി.എസ് ബാലുശ്ശേരി	97	78	175	19	14	33
13 എ.എൽ.പി.എസ്. കൂനഞ്ചേരി	62	43	105	1	7	8
14 ന്യൂ എ.എൽ.പി.എസ്. പുത്തൂർവട്ടം	91	77	168	20	10	30
15 ജി.എൽ.പി.എസ്. മണ്ണാംപൊയിൽ	50	51	101	13	11	24
16 എ.എൽ.പി.എസ്. തുരുത്യാട്	56	55	111	1	0	1
ആകെ	3131	3142	6273	450	473	923

12. ഓർമ്മശക്തി പരിശോധനയ്ക്ക് പ്രാമുഖ്യം നൽകുന്ന മൂല്യനിർണ്ണയ രീതിയാണ് നിലവിലുള്ളത്. ഇതു മറ്റു കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിൽ തടസ്സം നിൽക്കുന്നു.

13. അധ്യാപനത്തിൽ പഠനോപകരണങ്ങളുടെ സഹായം ഉപയോഗപ്പെടുത്തുന്നില്ല.

14. അധ്യാപകർക്ക് ആവശ്യമായ പുനഃപരിശീലനം നൽകുന്നില്ല.

15. ലൈബ്രറി സൗകര്യങ്ങൾ പരിമിതമാണ്.

16. ലബോറട്ടറി സൗകര്യങ്ങൾ യു.പി. സ്കൂളുകളിൽ പരിമിതമാണ്.

17. ലബോറട്ടറികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

18. കായികപരിശീലനത്തിനുള്ള ഉപകരണങ്ങൾ അപര്യാപ്തമാണ്.

19. കലാകായികാധ്യാപകരുടെ സേവനം എല്ലാ സ്കൂളുകളിലും ലഭ്യമല്ല.

20. പഠനം പാഠപുസ്തകകേന്ദ്രീകൃതമാകുന്നു. പര

പഠനനിലവാരം - ഒരു താരതമ്യം

96-97-ലെ പാദവാർഷിക പരീക്ഷയിൽ 60 %ത്തിലധികം മാർക്ക് നേടിയ കുട്ടികളുടെ ശതമാനം

എൽ.പി. വിഭാഗം	
1 എ.യു.പി.എസ്.ബാലുശ്ശേരി	20.83%
2 ജി.എച്ച്.എസ് കോക്കല്ലൂർ	15.87%
3 ജി.എൽ.പി.എസ്. പനായി	34.09%
4 ന്യൂ എ.എൽ.പി.എസ്. പുത്തൂർവട്ടം	14.54%
5 ജി.എൽ.പി.എസ്. ബാലുശ്ശേരി	21.18%
6 എ.എൽ.പി.എസ്. കൂനഞ്ചേരി	10.64%
7 എ.എൽ.പി.എസ്. തുരുത്യാട്	18.52%
8 എ.എം.എൽ.പി.എസ് ബാലുശ്ശേരി	64.40%
9 കെ.സി.എ.എൽ.പി.എസ് എരമംഗലം	35.96%
10 ജി.എൽ.പി.എസ്. എരമംഗലം	21.37%
11 എ.എം.എൽ.പി.എസ്. പുത്തൂർവട്ടം	38.6%
12 എ.എൽ.പി.എസ്. കാഞ്ഞിക്കാവ്	20.37%
13 ജി.എൽ.പി.എസ്. മണ്ണാംപൊയിൽ	34.44%

യു.പി.വിഭാഗം	
1. എ.യു.പി.എസ്. എരമംഗലം	8.22%
2. എ.യു.പി.എസ്. ബാലുശ്ശേരി	10.9%
3. ജി.എച്ച്.എസ്.എസ്. കോക്കല്ലൂർ	9.45%
4 ജി.ജി.എച്ച്.എസ്. ബാലുശ്ശേരി	9.5%
5 ജി.വി.എച്ച്.എസ്. ബോയ്സ് ബാലുശ്ശേരി	4.18%

ഹൈസ്കൂൾ സെക്ഷൻ	
1 കോക്കല്ലൂർ എച്ച്.എസ്.	3.8%
2. ഗേൾസ് എച്ച്.എസ്. ബാലുശ്ശേരി.	14.5%
3. ബോയ്സ് എച്ച്.എസ്. ബാലുശ്ശേരി	1.33%

ന്നവായന പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

21. കുട്ടികളുടെ യാത്രാപ്രശ്നം രൂക്ഷമാണ്.

22. ചില സ്കൂളുകളിലേക്ക് ശരിയായ പ്രവേശന വഴി നിലിവിലില്ല.

23. ഹൈസ്കൂളുകളോടൊപ്പം പ്രൈമറി പ്രവർത്തിക്കുന്നത് നിലവാരത്തെ ബാധിക്കുന്നു.

24. പറമ്പിന്റെ മുകൾ, ചവിട്ടൻപാറ എന്നിവിടങ്ങിളിലെ കുട്ടികൾ 3കി.മി. നടന്നു വേണം അടുത്തുള്ള എൽ.പി. സ്കൂളിലെത്താൻ.

25. ശുശുവിദ്യാഭ്യാസ കേന്ദ്രങ്ങളുടെ ഭൗതികസൗകര്യം അപര്യാപ്തമാണ്.

26. ശിശുവിദ്യാഭ്യാസ കേന്ദ്രത്തിൽ ചിലേടങ്ങളിൽ അശാസ്ത്രീയമായ ബോധനരീതി നിലനിൽക്കുന്നു.

27. തുടർ സാക്ഷരതാ പരിപാടികൾ നിലച്ചുപോയി.

സാധ്യതകൾ

1. ഭൗതികസൗകര്യങ്ങളേർപ്പെടുത്താൻ താല്പര്യം കാണിക്കാത്ത സ്വകാര്യസ്കൂളുകളിൽ ജനപങ്കാളിത്തത്തോടെ അതിന് ശ്രമം നടത്തണം.

2. സർക്കാർ സ്കൂളുകളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തണം.

3. സ്കൂൾ കോംപ്ലക്സ് പരിപാടി കാര്യക്ഷമമായി നടപ്പിലാക്കണം.

4. അധ്യാപകർക്ക് പുനഃപരിശീലനം നൽകാൻ നടപടി സ്വീകരിക്കണം.

5. പഠനോപകരണ നിർമാണ ശില്പശാലകൾ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കണം.

6. കലാ-കായിക പരിശീലനത്തിന് സൗകര്യമുണ്ടാക്കണം.

7. സ്കൂൾ ലൈബ്രറികൾ സ്കൂളിലെ ഒരു പ്രധാന ഘടകമായി പ്രവർത്തിക്കണം.

8. മൂല്യനിർണ്ണയ രീതി പരിഷ്കരിക്കണം.

9. പ്രായോഗിക പരിശോധനക്കു കൂടി പ്രാമുഖ്യം

പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം ക്ലാസ്സ് തിരിച്ച്

സ്റ്റാൻഡേർഡ്	വിദ്യാർത്ഥികളുടെ എണ്ണം		
	ആൺ	പെൺ	ആകെ
I	255	252	507
II	246	222	468
III	258	219	477
IV	234	218	452
V	220	226	446
VI	267	276	543
VII	288	289	577
VIII	494	467	961
IX	471	520	991
X	398	453	851
ആകെ	**3131**	**3142**	**6273**

നൽകുന്ന ചോദ്യക്കടലാസുകൾ പ്രാദേശികമായി തന്നെ തയ്യാറാക്കണം.

10. എസ്.എസ്.എൽ.സി. റിസൾട്ട് കൂട്ടാൻ ജനകീയ പരിപാടികൾ ആവിഷ്കരിക്കണം.

11. ഹൈസ്കൂളിനോടൊപ്പമുള്ള എൽ.പി. വിഭാഗം വേർപെടുത്തണം.

12. പറമ്പിന്റെ മുകൾ ഭാഗത്ത് പുതുതായി ഒരു സർക്കാർ എൽ.പി.സ്കൂൾ ആരംഭിക്കണം.

13. ഹൈസ്കൂൾ ലൈബ്രറി, ലബോറട്ടി തുടങ്ങിയ സൗകര്യങ്ങൾ ഫീഡിംഗ് സ്കൂളുകൾക്കു കൂടി പ്രയോജനപ്പെടുത്താൻ കഴിയണം.

14. ശിശുവിദ്യാഭ്യാസകേന്ദ്രങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തണം.

15. കളിക്കോപ്പുകൾ, മറ്റുപകരണങ്ങൾ എന്നിവ വികരണം ചെയ്യണം.

16. അങ്കനവാടി അധ്യാപികമാർക്ക് പുനപരിശീലനം നൽകണം.

17. തുടർസാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കണം.

കുടിവെള്ളവും പൊതുജനാരോഗ്യവും

വിവിധ സേവന തുറകളിൽ കേരളം കൈവരിച്ച പുരോഗതി ഏതാണ്ട് അതേ അളവിൽത്തന്നെ ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിനും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ, പൊതുജനാരോഗ്യത്തിന്റെ ഉറച്ച അടിത്തറയുണ്ടെങ്കിൽ മാത്രമേ ഈ നേട്ടം സ്ഥായിയായി നിലനിർത്തുവാൻ സാധിക്കുകയുള്ളൂ. ആരോഗ്യ സുരക്ഷ എന്നുള്ളത് ആശുപത്രികളുടെ വളർച്ച മാത്രമല്ലെന്നും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ നിർമ്മിക്കുക എന്നതുകൂടിയാണെന്നും നമുക്കിന്നു ബോധ്യപ്പെട്ടിട്ടുണ്ട്. അതേ സമയം നിലവിലുള്ള ആശുപത്രികളുടെയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടേയും ശേഷി പരമാവധി ഉപയോഗപ്പെടുത്താനുള്ള ശ്രമവും ഉണ്ടാകണം.

പൊതുജനാരോഗ്യത്തുന്റെ സൂചകങ്ങളെ പരിശോധിക്കുമ്പോൾ ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ സ്ഥിതി വളരെ മെച്ചപ്പെട്ടതാണെന്നു കാണാം.

ചില പ്രധാലആരോഗ്യ സൂചകങ്ങളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

1.പുരുഷ-സ്ത്രീ അനുപാതം :	1000 :1014	
സംസ്ഥാന ശരാശരി	1000:1032	
2.ജനന നിരക്ക് :	14.14 ”	16
3.മരണ നിരക്ക് :	5.64 ”	5.94.
ശിശുമരണ നിരക്ക് :	3 ”	16
5.ഗുരുതരമായ പോഷണക്കുറവുള്ള കുട്ടികൾ	5:1000	

മെച്ചട്ടെ ഒരു നില കാണിക്കുന്ന മേൽ പ്രസ്താവനകൾ ആരോഗ്യ സ്ഥിതിയുടെ യഥാർഥ ചിത്രമാണ് നൽകുന്നത് എന്ന് അനുഭവങ്ങളുടെ വെളിച്ചത്തിൽ പറയുകവയ്യ. ആരോഗ്യ രംഗത്ത് സമീപകാലത്തുണ്ടായ ചില മാറ്റങ്ങൾ സ്ഥാപനങ്ങളുടെ നടത്തിപ്പിനെ ബാധിച്ചിട്ടുണ്ട്. ഇത് പൊതു ജനാരോഗ്യസംവിധാനത്തെ കൂടുതൽ തകരാറിലാക്കിയേക്കാം.

പകർച്ച വ്യാധികൾ വ്യാപകമായി പടർന്നുപിടിക്കുന്നതും, ദാരിദ്ര്യം, ദുശ്ശീലങ്ങൾ എന്നിവയിൽ നിന്നുണ്ടാകുന്ന രോഗങ്ങളുടെ നിരക്ക് വർദ്ധിക്കുന്നതും ആശങ്കാജനകമാണ്. സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ശക്തമായ മുന്നേറ്റവും ബോധ നിലവാരത്തിൽ കാതലായ മാറ്റവും ഉണ്ടായാലേ നമ്മുടെ കഴിഞ്ഞകാല നേട്ടങ്ങൾ നിലനിർത്താൻ കഴിയൂ.

എരമംഗലത്തുള്ള പ്രൈമറി ഹെൽത്ത് സെന്റർ, പനായിയിലെ ആയുർവ്വേദ ആശുപത്രി പറമ്പിന്റെ മുകളിലുള്ള ഹോമിയോ ഡിസ്പെൻസറി,മൂന്ന് കുടുംബക്ഷേമ കേന്ദ്രങ്ങൾ (ആരോഗ്യ വകുപ്പ്) എന്നിവയാണ് പഞ്ചായത്തിൽ ഗവർമെണ്ട് ഉടമസ്ഥതയിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ .സ്വകാര്യ മേഖലയിൽ നാല് അലോപ്പൊതി ആശുപത്രികളും 2 ഹോമിയോ

ഡിസ്പെൻസറികളും 2 ആയുർവ്വേദ ഡിസ്പെൻസറികളും ഒരു മർമ്മ ചികിൽസാ കേന്ദ്രവുമുണ്ട്. പക്ഷെ, പഞ്ചായത്തിലെ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നത് പനങ്ങാട് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാലുശ്ശേരി കമ്യൂണിറ്റി ഹെൽത്ത് സെന്ററിനെയാണ്. അതുകൊണ്ടുതന്നെ ഈ പഞ്ചായത്തിലെ സ്ഥാപനങ്ങളെ മാത്രം കണക്കിലെടുത്തുകൊണ്ടുള്ള ഡോക്ടർ-രോഗി അനുപാതം,പ്രതിശീർഷ ആരോഗ്യ രക്ഷാ ചിലവ് എന്നിവയുടെ നിർണ്ണയം അപ്രസക്തമാണ്.

പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ ഫീൽഡ്തല ആരോഗ്യ പ്രവർത്തകർ ഇല്ല എന്നതിനാൽ പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭിക്കുക പ്രയാസമാണ്. അതുകൊണ്ട് വിവിധ വൈദ്യശാസ്ത്ര രംഗങ്ങളിലുള്ള ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ടിലെ നിഗമനങ്ങൾ.

ഈ റിപ്പോർട്ട് തയ്യാറാക്കുന്ന സമയത്ത് പനായിയിലുള്ള ആയുർവ്വേദാശുപത്രിയിൽ, വേണ്ടത്ര സൗക

ര്യമില്ലാത്തതുകൊണ്ട്,കിടത്തിച്ചികിൽസിക്കപ്പെടേണ്ട മൂപ്പതോളം രോഗികൾ വെയ്റ്റിങ് ലിസ്റ്ററിൽ കാത്തി രിക്കുകയാണ്. സ്ഥലസൗകര്യം കൂട്ടുകയാണെങ്കിൽ സ്റ്റാഫിനെ പുതുതായി നിയമിക്കാതെതന്നെ കൂടുതൽ പേരെ കിടത്തി ചികിൽസിക്കാൻ പറ്റുമെന്നാണ് മനസ്സിലാക്കുന്നത്.ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രൈമറി ഹെൽത്ത്സെന്റർ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിൽ നിതാന്ത ജാഗ്രത പുലർത്തേണ്ട ഒരു സ്ഥാപനമാണ്. പക്ഷെ, ജനങ്ങളുടെയും പി. എച്ച്.ഡി.സി യുടെയും ഇടയിലെ മാദ്ധ്യമമായി പ്രവർത്തിക്കേണ്ട ആരോഗ്യ പ്രവർത്തകർ നമ്മുടെ പി.എച്ച്.ഡി.സി യുടെ നിയന്ത്രണത്തിലില്ല എന്നത് വളരെ പ്രയാസമുണ്ടാക്കുന്നു.വിവിധ ആശുപത്രികളിൽ നിന്നും ഡിസ്പെൻസറികളിൽനിന്നും നൽകുന്ന ഇൻഡന്റ് (ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ്) നനുസരിച്ചല്ല അവയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നത്. അതുകൊണ്ട് ആവശ്യമായ മരുന്നുകൾ കിട്ടാതെ വരുമ്പോൾതന്നെ, അനാവശ്യമായ മരുന്നുകൾ കെട്ടിക്കിടക്കുന്നതിനും ഇടവരുന്നു. സർക്കാർ ആശുപത്രികളിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് കുറെക്കൂടി വികേന്ദ്രീകൃതമായ ഒരു സംവിധാനം ആവശ്യമാണ്.

27 അംഗനവാടികളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. കുട്ടികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യ സംരക്ഷണരംഗത്തും പ്രതിരോധ ചികിൽസാരംഗത്തും ഇവയുടെ സേവനം എടുത്തുപറയത്തക്കതാണ്.പഞ്ചായത്തിലെ 12 അംഗനവാടികൾക്ക് കെട്ടിടം പണിയാൻ ഇനിയും സ്വന്തം സ്ഥലം ലഭിച്ചിട്ടില്ല.കുട്ടികളുടേയും അമ്മമാരുടേയും പോഷണനിലവാരം ഉയർത്തുവാൻ അംഗനവാടികളെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും ഉൾപ്പെടെ ചില പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനടത്തിവരുന്നുണ്ട്. പലപ്പോഴും ഇവ ഒറ്റപ്പെട്ട പ്രവർത്തനങ്ങളാണ്.പഞ്ചായത്തിന്റെ മുഴുവൻ നിറയുന്ന ഒരു പ്രവർത്തനവും ആസൂത്രണം ചെയ്യാൻസാധിച്ചിട്ടില്ല.

2.കുടിവെള്ളം.

പൊതുജനാരോഗ്യത്തിന്റെ അടിസ്ഥാനഘടകമാണ് കുടിവെള്ളം. ഒട്ടുമിക്ക വൈറസ് രോഗങ്ങുടേയും വാഹകനാണ് ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും എത്തിക്കുക എന്നതു തന്നെയാണ് എറ്റവും പ്രധാനപ്പെട്ട ആരോഗ്യ പ്രവർത്തനം. തുറന്ന കിണറുകളാണ് നമ്മുടെ പ്രധാന ജലസ്രോതസ്സ്. കേരളാ വാട്ടർ അതോറിറ്റി നടത്തുന്ന മൂന്ന് ചെറുകിട ജലവി തരണ പദ്ധതികളും ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ഏഴു മിനി ജല വിതരണ പദ്ധതികളും ഈ പഞ്ചായത്തിലുണ്ട്.169 പൊതു ടേപ്പുകളും 129 സ്വകാര്യ കണക്ഷനുകളും ഇവയിൽ നിന്നു നൽകപ്പെടുന്നുണ്ട്. ഇവക്കു പുറമെ 6 പൊതു കുഴൽ കിണറുകളുമുണ്ട്.

ശുദ്ധജല വിതരണ പദ്ധതികൾ.

1.ബാലുശ്ശേരി ശുദ്ധജല	വിതരണപദ്ധതി	(K.W.A)
2.കോണങ്കോട്ടു മല	"	(")
3.എരമഗലം കോളനി	"	(")
4മുല്ലാളിത്തറ കോളനി	"	(")
5.താനിപ്പറമ്പ്	"	(")
6.കക്കാട്ടുമ്മൽ	"	(")
7.മേലേടത്ത് കണ്ടിത്താഴെ	"	(")
8.താനിക്കുഴി- ഞേറമ്മൽ-പള്ളക്കുന്ന്.	"	(")
9.കോക്കല്ലൂർ	"	(")
10.അരുമ്പമല (കമ്മീഷൻ ചെയ്തിട്ടില്ല).		(")

അമ്പതു ശതമാനത്തോളം വീടുകളിൽ കിണറുകളുണ്ടെങ്കിലും വടക്കൻ പുഴയോരങ്ങളിലുള്ള അപൂർവ്വം കിണറുകളിൽ മാത്രമേ വർഷം മുഴുവൻ വെള്ളം ലഭിക്കാറുള്ളൂ. വിവിധ സാങ്കേതിക തകരാറുകൾ മൂലം പൊതുവിതരണ പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.ശുദ്ധജലം ഒരിക്കലും എത്താത്ത ചില പൊതു ടേപ്പുകളുമുണ്ട്.കുഴൽകിണറുകളിൽ ചിലതിൽനിന്നു കിട്ടുന്ന വെള്ളം, നിറവും മണവുമുള്ളതാണ്. മാത്രമല്ല, പറമ്പിന്റെ മുകൾ, ബ്ലോക്കോഫീസ് എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ

കുഴിച്ച കുഴൽകിണറുകൾ പരാജയവുമായിരുന്നു. ഫലത്തിൽ പഞ്ചായത്തിലം മിക്ക്യ പ്രദേശങ്ങളിലും ഏപ്രിൽ മെയ് മാസങ്ങളിൽ ശുദ്ധജലം പുറമെ നിന്ന് കൊണ്ടുവന്നു വിതരണം ചെയ്യേണ്ടി വരുന്നു.പ്രസ്തുത സ്ഥലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

മഞ്ഞപ്പുഴയിലെ വെള്ളം കൂടുതൽ ശാസ്ത്രീയമായി ഉപയോഗിക്കുവാനും, തെക്കു ഭാഗത്തെ മലകളിലുള്ള നീരുറവകൾ സംരക്ഷിക്കാനും ഉള്ളേര്യരി 19 പ്രദേശത്തെ ജല സമ്പത്തുപയോഗപ്പെടുത്താനും സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.സർവ്വോപരി, ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതവും വ്യാപകവുമാക്കുകയും വേണം.

3. ശുചിത്വം

ബാലുശ്ശേരി അങ്ങാടിയിലെ നഗരമാലിന്യങ്ങളും ഹോട്ടലുകളിൽ നിന്നുള്ള മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള കമ്പോസ്റ്റു സംവിധാനങ്ങൾ നമുക്കില്ല. ശുദ്ധജല മലിനീകരണത്തിന്റെ സാദ്ധ്യത അങ്ങാടിക്കു

സമീപമുള്ള സ്ഥലങ്ങളിൽ വളരെ കൂടുതലാണ്. കിണറുകളിൽ ക്ലോറിനേഷൻ നടക്കുന്നില്ല. ശുദ്ധജല വിതരണ പദ്ധതികളിലെ ശുചീകരണ പ്രവർത്തനവും പര്യാപ്തമല്ല.

25 ശതമാനത്തോളം വീടുകളിൽ കക്കൂസുകളില്ല. കക്കൂസുകളും കിണറുകളും തമ്മിലുള്ള അകലം പാലിക്കുവാൻ ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ വിഷമമാണുതാനും. എല്ലാ വീടുകൾക്കും കക്കൂസുകൾ നൽകുന്നതിന് ഒരു കർമ്മപദ്ധതി തയ്യാറാക്കേണ്ടിയിരിക്കുന്നു. വിവിധ സർക്കാർ ഏജൻസികളിലൂടെ പ്രതിവർഷം 15 കക്കൂസുകൾ മാത്രമാണ് ഇന്നത്തെ നിലയിൽ അനുഭവിക്കപ്പെടുന്നത്. ഗവണ്മെണ്ടിതര സംഘടനകളുടെയും, പാഡ് (കെ), കാപ്പാട് മുതലായ ഏജൻസികളുടെയും സഹായം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. C.R.S.P. പോലുള്ള ഗ്രാമീണ ശുചിത്വ പരിപാടികളിൽ അനുവദിക്കപ്പെടുന്ന കക്കൂസുകളുടെ പ്ലാൻ അനുസരിച്ചു നിർമ്മാണം പൂർത്തിയാക്കാൻ ഭാരിച്ച ചെലവുവരുന്നു. അതുകൊണ്ട് ഓരോ പ്രദേശത്തിനും അനുസൃതമായ പ്ലാനിൽ കക്കൂസുകൾ നിർമ്മിക്കുവാൻ സൗകര്യമുണ്ടാക്കുകയും വേണം. കക്കൂസുകളും കിണറുകളും തമ്മിലുള്ള അകലം കുറയ്ക്കുവാൻ അഞ്ചോ പത്തോ വീടുകൾ ചേർന്നുള്ള അയൽക്കൂട്ട ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.

ശുദ്ധജല ക്ഷാമം രൂക്ഷമായതും വരൾച്ചക്കാലത്ത് ജലവിതരണം നടത്തേണ്ടിവരുന്നതുമായ പ്രദേശങ്ങൾ

വാർഡ് : 1: ചങ്ങരംകുന്ന്, പാറക്കുഴി – കക്കാട്ടുകുഴി, പുലിവലം ലക്ഷം വീട്, തൊടുവൻ കുഴി– നെല്ല്യോട്ടുകണ്ടി, കണിയാങ്കണ്ടി.

വാർഡ് : 2 : മുഴുവൻ പ്രദേശവും

വാർഡ് : 3 : കോണങ്കോട്ടു തെക്കുപരിഞ്ഞാറു ഭാഗം, എടക്കുടിക്കുന്ന്, ഗോശാല, തൊണ്ടിപറമ്പ്, തിയ്യച്ചാൽ കോളനി, തത്തമ്പത്ത്, തരിപ്പയിൽ ഭാഗം, പോങ്ങോയിൽ, പൊയിൽ ഭാഗം, നെല്ലിക്കുന്നത്ത് ഭാഗം, കണ്ണോറക്കണ്ടി ഭാഗം, തയ്യിൽ ഭാഗം.

വാർഡ് 4: ഹൈസ്കൂളിനു സമീപം, നടുപറമ്പത്ത് ഭാഗം, ഉമ്മിണിയോട്ടുമ്മൽ.

വാർഡ് 5 : ഒതലോത്തുമ്മൽ, തഞ്ചാലക്കുന്നു മേൽഭാഗം പുതിയോട്ടിൽ കണ്ടി, പ്രാട്ട്യലത്ത്, കുന്നക്കമ്പലത്ത് – കക്കാട്ടുമ്മൽ, കോണങ്കോട്ടുമല, പൊന്നരൻതെരു, മണ്ണാറക്കുന്നത്ത് – മംഗലശ്ശേരി ഭാഗം, പാറോലൽ ഭാഗം പാടമ്പത്ത്, നെല്ലിക്കുന്ന്, തെരുവിൻകാട്ടിൽ.

വാർഡ് 6 : കോണങ്കോട്ടുമല, കോറോത്ത് പാറ തരിപ്പാക്കുനിമല, മുത്തപ്പൻ തോട് ഭാഗം, തട്ടുമ്പുറം ഭാഗം, ആലിൻ ചോടു മുതൽ എരമംഗലം വരെ, എടച്ചേരി മീത്തൽ കുന്ന്, മനത്താം കണ്ടിപറമ്പ്, പനായി പഞ്ചായത്ത് റോഡിന്റെ പാർശ്വങ്ങൾ, ചാണോറമീത്തൽ, മലയിലകത്തുട്ട്, കുന്നൻകടവത്ത് മീത്തൽ, തരിപ്പയിൽ പ്രദേശം മംഗലശ്ശേരി തട്ടുംപുറം, മുതുവത്ത്.

വാർഡ് 7 : തരിപ്പാക്കുനിമല, ആലപ്പാറ വേട്ടുവപ്പാറ, അരീക്കൽ മീത്തൽ, വെള്ളിലക്കുന്ന്. മണ്ണാംപൊയിൽ ക്ഷേത്രം... സ്കൂൾപരിസരം തിയ്യക്കണ്ടി, കല്ലിൽ ഭാഗം, വട്ടപ്പൊയിൽ.

വാർഡ് 8 : ഉപ്പൂത്തിക്കണ്ടി, കള്ളിക്കൂട്ടം, മാവിലംപാടി, വള്ളിക്കുന്ന് സമീപമുള്ള ഭാഗം, തങ്കയം, കുറ്റക്കാട് മല.

വാർഡ് 9: നരിക്കുന്നുമ്മൽ ഭാഗം, പുതുക്കുടിമീത്തൽ, പള്ളിക്കുന്ന്, കോട്ടക്കുന്ന്, പറമ്പിന്റെ മുകൾ ഭാഗം, പാറയരുകണ്ടി.

വാർഡ് 10 : കോരൻ കിരിയോട്, പാറക്കുഴിയിൽ വലിയ പറമ്പ് ഭാഗം, ചവിട്ടംപാറ, കുഴിമ്പാട്ടുമ്മൽ, പാറക്കുളം, കൊഴിവിൽകുന്നത്ത്, നമ്പിടിപറമ്പത്ത്, ഞേറമ്മൽ, കുട്ടിക്കണ്ടി ഭാഗം, ചേനേരി, കുളമുള്ളതിൽ മുള്ളകുന്നുമ്മൽ, ചേരിക്കപ്പറമ്പിൽ, എളമ്പിലാവിൽ പിലാത്തോട്ടത്തിൽ, കളരിക്കൽ, തുളിശ്ശേരി.

വാർഡ് : 11 കോഴിപ്പറമ്പത്ത് ഭാഗം, തുരുത്ത്യാട് കോട്ടക്കുന്നുമ്മൽ IHDP കോളനി കള്ളിക്കൂട്ടത്തിൽ കുടുമ്പാട്ടുമ്മൽ, കളരിക്കൽ, പാലയുള്ളതിൽ, കണ്ടോത്ത് മീത്തൽ.

പ്രശ്നങ്ങൾ – ആരോഗ്യം

പകർച്ച വ്യാധികൾ പലതും വ്യാപകമാകുന്നു.

പ്രൈമറി കോംപ്ലക്സ്, ശ്വാസകോശ രോഗങ്ങൾ, പല്ലു രോഗങ്ങൾ, തൊക്ക് രോഗങ്ങൾ, കാൻസർ, പ്രമേഹം, ഹൃദയസംബന്ധിയായ രോഗങ്ങൾ, മാനസിക രോഗങ്ങൾ എന്നിവ വർധിക്കുന്നു.

മരുന്നുകളുടെ വില വർധന

കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ഗൃഹസന്ദർശനം ചുരുങ്ങുന്നു.

എരമംഗലത്തുള്ള പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ ഫീൽഡ് തല ആരോഗ്യ പ്രവർത്തകരില്ല.

ആശുപത്രികളിൽനിന്ന് ആവശ്യപ്പെടുന്ന മരുന്നുകൾ വേണ്ടത്ര ലഭിക്കാതിരിക്കുകയും ആവശ്യമില്ലാത്തവ കെട്ടിക്കിടക്കുകയും ചെയ്യുന്നു.

ആയുർവ്വേദ ആശുപത്രിയിലെ സ്ഥലപരിമിതി പ്രയാസമുണ്ടാക്കുന്നു.

2. കുടിവെള്ളം

പഞ്ചായത്തിലെ 70 ശതമാനത്തോളം പ്രദേശത്തും വേനലിൽ ശുദ്ധജലം പുറമെനിന്ന് കൊണ്ടുവന്ന് വിതരണം ചെയ്തുവരുന്നു.

കിണറുകൾ ക്ലോറിനേറ്റ് ചെയ്യുന്നില്ല.

ജലവിതരണ പദ്ധതികളിലെ ശുചീകരണം പര്യാപ്തമല്ല.

കിണറുകളിലെ ജല വിതാനം താഴ്ന്നുകൊണ്ടിരിക്കുന്നു.

ജലസംരക്ഷണ മാർഗങ്ങളുടെ അഭാവം

3. ശുചിത്വം

ആധുനിക സംവിധാനമുള്ള അറവു ശാലയില്ല.

കൊതുകുശല്യം വ്യാപകമാണ്.

സർക്കാർ ധനസഹായം ആവശ്യമുള്ള കക്കൂസുകളുടെ നിർമ്മാണത്തിലെ കാലതാമസം.

1500-ഓളം വീടുകൾക്ക് (25%) നല്ല കക്കൂസുകളില്ല.

മാലിന്യ സംസ്കരണത്തിന് സംവിധാനങ്ങളില്ല.

സാധ്യതകൾ – ആരോഗ്യം

1. പ്രതിരോധകുത്തിവെപ്പുകൾ, മരുന്നുതളി, ക്ലോറിനേഷൻ, കൊതുകു നശീകരണം എന്നിവ വ്യാപകമാക്കുക.

2. മരുന്നുകൾ വാങ്ങുന്നതിന് ഇന്നുള്ള കേന്ദ്രീകൃത രീതി നിർത്തലാക്കി ഓരോ സർക്കാർ ആശുപത്രിക്കും ആവശ്യമായ മരുന്നുകൾ പ്രാദേശികമായി തിട്ടപ്പെടുത്താനും വാങ്ങുവാനും സൗകര്യമുണ്ടാക്കുക.

3. ആരോഗ്യ കേന്ദ്രങ്ങളിലെ അധികൃതരും ഫീൽഡ് തല പ്രവർത്തകരും ഗ്രാമപഞ്ചായത്ത് അധികൃതരും പ്രതിമാസം യോഗം ചേർന്ന് ആരോഗ്യപ്രശ്നങ്ങൾ വിലയിരുത്തുക.

4. ആയുർവേദ മരുന്നുകളുടെ ലഭ്യത വർധിപ്പിക്കാൻ മരുന്നുചെടികളുടെ കൃഷിയും മരുന്നു നിർമാണവും നടത്താൻ പഞ്ചായത്ത് തലത്തിൽ ഒരു യൂണിറ്റ് ആരംഭിക്കുക.

5. മഹിളാ സമാജം, അംഗണവാടി, സ്കൂൾ മാതൃസംഗമങ്ങൾ, തൊഴിലാളി യൂണിയൻ യോഗങ്ങൾ എന്നിവയിലൂടെ പൊതുജനാരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

6. പൊഷകാഹാര നിർമ്മാണരംഗത്ത് പരിശീലനം നൽകുന്നതിന് FPNC യിലെ സൗകര്യം വ്യാപകമായി ഉപയോഗിക്കുക.

കുടിവെള്ളം

1. വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധജല വിതരണ പദ്ധതികളിൽ അറ്റകുറ്റപ്പണികൾ ചെയ്യുവാൻ പഞ്ചായത്തിന് അധികാരം നൽകുക.

2. അഞ്ചോ പത്തോ വീടുകൾ ചേർന്ന് ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ ഉണ്ടാക്കി നടത്തുക. (അയൽക്കൂട്ട ജലവിതരണ പദ്ധതി)

3. ഓരോ പൊതുജല സ്രോതസ്സുകളും ഓരോ ടേപ്പും സംരക്ഷിക്കുവാനും ദുർവ്യയം തടയുവാനും സംരക്ഷണസമിതികൾ ഉണ്ടാക്കുക.

4. വെള്ളത്തിന്റെ ദുരുപയോഗം തടയാൻ പഞ്ചായത്തിൽ വിജിലൻസ് സംവിധാനം ഏർപെടുത്തുക.

5. ശുദ്ധജല വിതരണം മെച്ചപ്പെടുത്താനും പുതിയവ ആരംഭിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ

a) ബാലുശ്ശേരി കോണങ്കോട്ടുമല ജലവിതരണ പദ്ധതി (മഞ്ഞപ്പാലം) യിൽ ഇപ്പോഴുള്ള 15 HP മോട്ടോറിനൊപ്പം ഒരു 25HP മോട്ടോർ കൂടി ഘടിപ്പിക്കുക. അവധി ദിവസങ്ങളിൽ പമ്പ് ഓപ്പറേറ്റ് ചെയ്യാൻ സംവിധാനം ഉണ്ടാക്കുക.

ആവശ്യമായ സ്ഥലങ്ങളിൽ പൈപ്പ് ലൈനിൽ വാൾവുകൾ ഘടിപ്പിച്ച് ഓരോ പ്രദേശത്തേക്കുമുള്ള ജലവിതരണം ക്രമീകരിക്കുക.

b) ബാലുശ്ശേരി കോണങ്കോട്ടുമ്മൽ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് ഓഫീസിനടുത്ത് ടാങ്ക് കെട്ടി നിലവിലുള്ള പമ്പ് ഹൗസുമായി ഘടിപ്പിക്കുക. പ്രസ്തുത ടാങ്കിൽനിന്നും തിയ്യച്ചാൽ കോളനി, പുത്തൂർ വട്ടം, നെല്ലിക്കുന്ന്, തഞ്ചാലക്കുന്ന്, വെള്ളച്ചാൽ, പോണോൽ, പാടമ്പത്ത്, ഭാഗങ്ങളിലേക്ക് ഇതിൽനിന്ന് വെള്ളമെത്തിക്കാം, ഇവിടങ്ങളിലേക്ക് വെള്ളമെത്തിക്കാൻ ആലോചനയിലുള്ള മറ്റു പദ്ധതികൾ ഉപേക്ഷിക്കാം.

c) കോണങ്കോട്ടു മല ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും സ്വന്തം പമ്പിങ് മെയിൻ നിർമിക്കുകയും സ്ഥിരമായി പമ്പിങ്ങിന് സൗകര്യമുണ്ടാക്കുകയും ചെയ്താൽ പനായി, കോച്ചാംവെള്ളി, മണ്ണാംപൊയിൽ, വേട്ടുവപ്പാറ മുതലായ പ്രദേശങ്ങൾക്ക് വെള്ളമെത്തിക്കാം. വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്താൻ മഞ്ഞപ്പുഴയിൽ ബണ്ട് കെട്ടണം.

d) തിരപ്പാക്കുനി മലയിൽ വെള്ളമെത്തിക്കുന്നതിന് ഒരു ജല സ്രോതസ്സ് കണ്ടെത്തണം. പുതിയേടത്ത് കുളത്തിന്റെ പരിസരത്തുള്ള സ്ഥലം ഇതിനായി പരിഗണിക്കാവുന്നതാണ്.

e) നിർദ്ദിഷ്ട ആറാളിക്കൽ താഴെ പദ്ധതിയിൽനിന്ന് ഹൈസ്കൂളിന് സമീപമുള്ള ടാങ്കിലേക്ക് വെള്ളമെത്തിച്ച് ബാലുശ്ശേരി അങ്ങാടിക്കും പരിസരത്തുള്ള വീടുകൾക്കുമുള്ള വിതരണം ശക്തിപ്പെടുത്തണം. ധാരാളം പുതിയ കണക്ഷനുകൾ നൽകാം.

f) മഞ്ഞപ്പുഴ തീരത്ത് കിണർ കുഴിച്ച് തുരുത്ത്യാട്, പറമ്പിന്റെ മുകൾ, എരമംഗലം ഭാഗത്ത് വെള്ളമെത്തിക്കാം. അരുമ്പമല പദ്ധതിയിൽ പാറക്കുഴി, ചങ്ങരങ്കുന്ന് പ്രദേശങ്ങൾകൂടി ഉൾപ്പെടുത്താവുന്നതാണ്.

g) ഏഴാം വാർഡിൽ കുഴൽകിണർ കുഴിച്ച് തരിപ്പാക്കുനി മലയിലേക്ക് ശുദ്ധജലമെത്തിക്കാനുള്ള പദ്ധതി.

h) കാരാട്ടുപാറ, എരമംഗലം ഭാഗത്ത് കുഴൽകിണർ കുഴിച്ച് ആ പ്രദേശത്ത് വെള്ളം നൽകാനുള്ള പദ്ധതി.

i) തുളിശ്ശേരി കുഴിയിൽ പഞ്ചായത്തിന് കൈമാറിയ കുളം ഉപയോഗപ്പെടുത്തി പമ്പ് ഹൗസ്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിച്ച് കോരൻ കിരിയോട്, നമ്പിടി പറമ്പ്, പാറക്കുഴി ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

j) കണ്ണൻചിറ ഉപയോഗപ്പെടുത്തി ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ചാൽ 6,7 വാർഡുകളിൽ ശുദ്ധജലം എത്തിക്കാം. കോറോത്ത് പാറയിൽ ടാങ്ക് നിർമിക്കാം.

k) അരുമ്പമല പദ്ധതിയിൽനിന്ന് ചങ്ങരംകുന്നിലേക്ക് വെള്ളമെത്തിക്കാം. പാറക്കുഴി ഭാഗത്ത് മറ്റൊരു ടാങ്ക് നിർമിച്ച് വെള്ളമെത്തിക്കാം.

l) പുലിവലം ലക്ഷംവീടിന്റെ താഴെഭാഗത്ത് കുഴങ്കിയിൽ താഴെ ഒരു കിണർ കുഴിച്ച് ലക്ഷംവീടിന് മേലെ ഭാഗത്ത് ടാങ്ക് നിർമിച്ച് പരിസരത്ത് വെള്ളമെത്തിക്കാം.

m) കൂനഞ്ചേരി കനാലിനടുത്ത് ഒരു കിണർ കുഴിച്ച് താനിക്കുഴി പദ്ധതി ടാങ്ക് ഉപയോഗിച്ച് പറമ്പിന്റെ മുകൾ, പള്ളിക്കുന്ന്, പാറലുകണ്ടി, മണ്ടകശേരി, കണിയാംകണ്ടി, നെല്ല്യോട്ടുകണ്ടി പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കാം.

n) തൊണ്ടിയിൽ ഉള്ള കൃഷിഭവന്റെ പദ്ധതി നരിക്കുന്ന് പ്രദേശത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ ഉപയോഗിക്കാം.

3. ശുചിത്വം – സാധ്യതകൾ

1. മാലിന്യ സംസ്കരണത്തിന് ഒരു പദ്ധതി ആരംഭിക്കുക. കമ്പോസ്റ്റ്, ഗ്യാസ് പ്ലാന്റ് എന്നിവക്ക് സാധ്യതയുണ്ട്.

2. ഹോട്ടലുകളിലെ ശുചിത്വ നിലവാരം പരിശോധിക്കുവാൻ ഒരു സംവിധാനം ഉണ്ടാക്കുക.

3. ആധുനിക സൗകര്യത്തോടുകൂടിയ ഒരു അറവുശാല സ്ഥാപിക്കുക.

4. കക്കൂസുകൾ നിർമിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. കൂടാതെ പാഡ് (കെ), കാപ്പാർട് മുതലായ ഏജൻസികളുടെയും മറ്റു സന്നദ്ധ സംഘടനകളുടെയും സഹായം തേടുകയും ചെയ്യാം. ഓരോ സ്ഥലത്തിനും അനുയോജ്യമായ പ്ലാനുകളിൽ കക്കൂസ് പണിയുവാൻ അനുമതി നൽകുക. (CRSP സ്കീമിൽ).

5. പൊതുകക്കൂസുകളും മൂത്രപ്പുരകളും ആവശ്യമായ സ്ഥലങ്ങളിൽ നിർമിക്കുകയും ശുചിയായി പരിപാലിക്കുകയും ചെയ്യുക.

6. കൊതുക് നിർമാർജനത്തിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കുക.



ഗതാഗതവും ഊർജ്ജവും

റോഡ് ലഭ്യതയുടെ കാര്യത്തിൽ കേരളം അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെമുമ്പിലാണെന്ന് കണക്കുകൾ കാണിക്കുന്നു. വിവിധ സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾ ഇതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ടെങ്കിലും ഉല്പാദന രംഗത്ത് വമ്പിച്ച മാറ്റങ്ങൾക്ക് സഹായകരമായ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന വിഹിതം റോഡ് നിർമാണത്തിനു വേണ്ടി തിരിച്ചുവിടപ്പെട്ടു എന്നാണ് ഇത് സംബന്ധിച്ച് നടന്ന പഠനങ്ങൾ തെളിയിക്കുന്നത്.

'റോഡധിഷ്ഠിത വികസനം' കാഴ്ചപ്പാടിന്റെ ഫലമായി വിവേചന രഹിതമായി റോഡുകൾ നിർമ്മിച്ചത് കൃഷി ഭൂമി നികത്തലിനും അതുമൂലമുള്ള നീർക്കെട്ടിനും കൃഷിനാശത്തിനുമുള്ള മുഖ്യ കാരണങ്ങളിലൊന്നാണ്.

പുതിയ റോഡുകൾ നിർമ്മിക്കുകയും അത് ഏതെങ്കിലും വിധേയ പഞ്ചായത്തുകളെക്കൊണ്ട് ഏറ്റെടുപ്പിക്കുകയും പഞ്ചായത്തിന്റെ നല്ലൊരു ശതമാനം ഫണ്ട് ഇതിനായി വിനിയോഗിക്കുകയും അത് വിവിധ തട്ടുകളിലായി ചോർന്നുപോവുകയും ചെയ്യുന്ന പ്രവണത നിരുത്സാഹപ്പെടുത്താതെ വയ്യ. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്ത് അതിർത്തിക്കുള്ളിലെ റോഡുകളുടെ മേൽനോട്ടവും അറ്റകുറ്റപ്പണികളും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നു. ഇത് തദ്ദേശവാസികളുടെ ഒരു സമിതി മുഖേന നടപ്പാക്കുന്നത് കൂടുതൽ ഫലപ്രദമായിരിക്കും.

പരിസ്ഥിതി പ്രശ്നങ്ങൾ പരമാവധി കുറയ്ക്കാൻ കഴിയണം. റോഡുകൾക്ക് ഓട നിർമ്മിക്കുന്നത് നീർക്കട്ട് ഒഴിവാക്കുന്നതിനും, റോഡിന്റെ അറ്റകുറ്റപ്പണി പരമാവധി കുറയ്ക്കുന്നതിനും സഹായിക്കും.

പൊതുവായി അത്യാവശ്യഘട്ടങ്ങളിലൊഴികെ റോഡിന്റെ നിർമ്മാണം പരമാവധി നിരുത്സാഹപ്പെടുത്തണം. റോഡ് നിർമ്മാണവും അറ്റകുറ്റപ്പണികളും ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെയോ, അല്ലാതെയോ തദ്ദേശീയ ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായ രീതിയിൽ നിർവ്വഹിക്കപ്പെടണം. എങ്കിൽ ഇതുവരെ റോഡുകൾക്കായി ചെലവഴിക്കേണ്ടിവന്ന വിഹിതം ഇനിയങ്ങോട്ട് കുറച്ചുകൊണ്ടുവരാൻ കഴിയും. ഭീമമായൊരു തുക ഉൽപാദനവുമായി ബന്ധപ്പെട്ട രംഗത്തേക്ക് മാറ്റിവെയ്ക്കാൻ ഇതുമൂലം സാധിക്കും.

നമ്മുടെ പഞ്ചായത്തിൽ ആകെ 70ഓളം കി.മീ. റോഡുണ്ട്. ഇതിൽ 26 കി.മീ. ടാറിട്ടതും 15.6 കി.മീ. മെറ്റൽ ചെയ്തതും 30.7 കി.മീ. ടാറിടാത്ത മൺറോഡുകളുമാണ്. ടാർ റോഡിൽ 11.00 കി.മീ. P.W.Dയുടെ കീഴിലാണ്.

150ഓളം ബസ്സുകളും നിരവധി മറ്റു വാഹനങ്ങളും നിത്യേന കടന്നുപോവുന്ന ബാലുശ്ശേരി ടൗൺ തിരക്കേറിയ ഒരു പട്ടണമായി വളർന്നുകൊണ്ടിരിക്കുന്നു. നിലവിലുള്ള ബസ്സുകളെപ്പോലും വേണ്ടവിധത്തിൽ ഉൾക്കൊള്ളാൻ നമ്മുടെ ബസ് സ്റ്റാന്റിനു സാധിക്കുന്നില്ല. ബസ് സ്റ്റാൻറ് വികസനം, ഓട്ടോ-ടാക്സി സ്റ്റാൻറ്, നടപ്പാത തുടങ്ങി നഗരവികസനവുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു പരിശോധന നടത്തേണ്ടതുണ്ട്.

ഗ്രാമസഭാ ചർച്ചകളിൽ നിന്നും ഉയർന്നുവന്ന വിവരങ്ങൾ, പഞ്ചായത്ത് രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണി നടത്തേണ്ട റോഡുകൾ, പുതുതായി നിർമ്മിക്കേണ്ട റോഡുകൾ, ആവശ്യമായ നടപ്പാതകൾ, പാലങ്ങൾ തുടങ്ങിയവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക

അറ്റകുറ്റപ്പണി നടത്തേണ്ട റോഡുകൾ

1. കണ്ണഞ്ചേരിത്താഴെ-കോക്കല്ലൂർ
2. പറമ്പിൽ മുക്ക് - തെരുവത്ത് കടവ്

3. മുത്തമ്മക്കണ്ടി – കഴങ്കിയിൽത്താഴം
4. കക്കാട്ടുകുഴി മീത്തൽ – പുതുക്കുടിക്കണ്ടി
5. ഉള്ളേരി 19–കാഞ്ഞിക്കാവ്
6. കോക്കല്ലൂർ – കോവിലകം താഴെ

II 7. മാടംവള്ളിമുക്ക് – പുത്തൂർവട്ടം സ്കൂൾ
8. തത്തമ്പത്ത് – മരപ്പാലംതല
9. ഞാട്ടിപ്പാറ – മരുതിയോട്ടുതാഴെ
10. കോളനിമുക്ക് – തിയ്യക്കുന്ന്
11. തത്തമ്പത്ത് – കല്ലാട്ട് മുക്ക്
12. പുത്തൂർവട്ടം – ചെമ്പോളിക്കണ്ടിത്താഴം
13. പുത്തൂർവട്ടം – മുല്ലോളിത്തറ–വെള്ളച്ചാൽ കോളനി

III 14. കാരണത്ത് വയൽ – ലക്ഷം വീട് – തയ്യിൽവളപ്പ്
15. പനായി – കോണങ്കോട്ടുമല കോളനി
16. ഭജനമഠം – കാട്ടാമ്പള്ളി
17. ബ്ലോക്ക് റോഡ് – തിയ്യച്ചാൽ കോളനി – മുല്ലോളിത്തറ
18. ബ്ലോക്ക് റോഡ് – ഭജനമഠം റോഡ്
19. വലിയപറമ്പിൽ – പുതുക്കുടിത്താഴെ – എടക്കുടികുന്ന് (കോളനി)
20 തുളിശ്ശേരിമീത്തൽ – പുതുക്കുടിത്താഴെ
21. പനായി – പോണോയിൽ താഴെ

IV 22. ബ്ലോക്ക് ഓഫീസ് – ചക്രപുറം താഴെ
23. ആറാളിക്കൽ താഴെ – ഹൈസ്കൂൾ റോഡ്
24. പോസ്റ്റ് ഓഫീസ് – ഹൈസ്കൂൾ റോഡ്
25. ബാലുശ്ശേരി AMLP – ബാലുശ്ശേരി താഴെ റോഡ്
26. ബാലുശ്ശേരി – സന്ധ്യാ സിനിഹൗസ്
27. വൈകുണ്ഠം – മഞ്ഞപ്പുഴ – ബ്ലോക്ക് ഓഫീസ്
28. ട്രഷറി – കൊമ്പിലാട്
29. പോസ്റ്റ് ഓഫീസ് – മണിഞ്ചേരി താഴെ

V. 30. മണ്ണാന്റെപുറായി – പൊന്നരം തെരു–പനായി
31. ബാലുശ്ശേരി – മണ്ണാം പൊയിൽ
32. ബാലുശ്ശേരി – എ.യു.പി.സ്കൂൾ
33. വൈകുണ്ഠം – എ.യു.പി.സ്കൂൾ
33. വൈകുണ്ഠം – പൊന്നാരം തെരു
34. കുറ്റിക്കാട്ടുപറമ്പ് – പുതിയോട്ടുകണ്ടി
35. എ.യു.പി. സ്കൂൾ – കൈരളി റോഡ്
36. ചെമ്പകശ്ശേരി – തഞ്ചാലക്കുന്ന്.

VI. 37. പനായി – മുതുവത്ത് – എരമംഗലംപള്ളി
38. പുത്തൂർവട്ടം – വടക്കൻകണ്ടി – പനായി
39. പനായി – മണ്ണാമ്പൊയിൽ
40 പറമ്പത്ത് വല്ലിപടിക്കൽ
41. പറമ്പത്ത് മുക്ക് – മന്ദത്ത് മീത്തൽ – തരിപ്പാക്കുനിമല
42. കൂനംവള്ളി – മേലേടത്ത് മുക്ക്
43. മഞ്ഞമ്പ്രമുക്ക് – വെങ്ങളം കണ്ടിതാഴെ
44. പുത്തൂർവട്ടം – മുതുവത്ത്

VII 45. ആലിൻചുവട് – വലിയവീട്ടിൽ
46. പാറയുള്ള പിണങ്ങോട്ട് – മണ്ണാമ്പൊയിൽ സ്കൂൾ
47. കൂനക്കണ്ടി – കുറ്റ്യാട്ടുപറമ്പത്ത്
48. കുറ്റ്യാട്ടുപറമ്പത്ത് – കൂടത്തിങ്ങൽ
49. നീലികുളം മുക്ക് – പിള്ളക്കണ്ടി.
50. അരീപ്പുറം മുക്ക് – എരഞ്ഞിക്കാപ്പൊയിൽ
51. പാറയുള്ള പിണങ്ങോട്ട് – ഹരിജൻ കോളനി
52. കാട്ടുപൊയിൽ – വെള്ളിലക്കുന്ന്
53. വട്ടപ്പൊയിൽ – നെല്ലിക്കുന്ന്.

VIII 54 മുത്തപ്പൻതോട് – കുവ്വക്കാട് കോളനി
55. അറക്കൽതാഴെ – കുവ്വക്കാട് മല – വെലിക്കുളം താഴെ
56. ചെകിടൻമല – കുളം കെട്ടിയതിൽ
57. തെങ്കാല – അയോത്ത് താഴെ – കുന്നക്കൊടി
58. കണ്ണങ്കോട് – എരമംഗലം ലിങ്ക് – (അറക്കൽതാഴെ – അത്തിക്കോട്ടുകുളം)
59. അറക്കൽതാഴം – മാവിലമ്പാടി – മുതുവത്ത്
60. എരമംഗലം KCLP – ഉപ്പൂത്തിക്കണ്ടി.

IX 61 പുതുക്കുടിത്താഴം – കോഴിപറമ്പത്ത്.
62. മണ്ടകശ്ശേരി – പള്ളിക്കുന്ന്
63. അത്തിക്കോട്ടുകുളം – കണ്ണോറത്താഴം
64. കുന്നക്കൊടി – അയോത്ത് താഴം
65. കണ്ണോറക്കുഴി – പാലാഞ്ചേരി
66. കുനഞ്ചേരി – മാമ്പൊയിൽ
67. കോക്കല്ലൂർ – താന്നിക്കുഴി കോക്കല്ലൂർ – കുനഞ്ചേരി

X. 68. താഴാട്ടുമ്മൽ – ചവിട്ടൻപാറ – കുറുവച്ചാലിൽ മുക്ക്.
69. വാല്യേരിക്കുന്ന് – ബലിക്കളത്തിൽ താഴെ
70. മുത്തപ്പൻതോട് – ചവിട്ടൻപാറ.
71. തുളിശ്ശേരിക്കുഴി – പുത്തൂർവട്ടം.

XI. 72. കോക്കല്ലൂർ – സി.കെ.എം. –

കാറലാപ്പൊയിൽ

73. പറമ്പിന്റെ മുകൾ – കാരാട്ടുപാറ
74. കോക്കല്ലൂർ – മൊടക്കല്ലൂർ
75. പുളിക്കൂപ്പാറ – കൊളത്തൂർ
76. പുളിക്കൂപ്പാറ – മരക്കാട്ട്

IV 77. ബ്ലോക്ക് ഓഫീസ് – പഴയമഞ്ഞപ്പാലം
78. ഹൈസ്കൂൾ – മുണ്ടോളിത്താഴെ
79. ഹൈസ്കൂൾ – എടപ്പാടിത്താഴെ

പട്ടിക 4

പാലങ്ങൾ, കലുങ്കുകൾ പണിയേണ്ടവ

I 1. കോവിലകം – താഴെ വാകയാട്
2. താഴത്തുവീട്ടിൽത്താഴെ പാലം

VI 3. പുത്തൂർവട്ടം – മുതുവത്ത് റോഡിൽ ഒമ്പത്കണ്ടം വളവിൽ

VII 4. മണ്ണാംപൊയിൽ സ്കൂൾ

VII 5. എരഞ്ഞിക്കാപ്പൊയിൽ താഴെ

IX 6. അത്തിക്കോട്ടുകുളം – അറയ്ക്കൽത്താഴെ റോഡിൽ

X 7. മുത്തപ്പൻതോട് – കുവ്വക്കാട്ടുമല

X 8. പാട്ടുപുരയ്ക്കൽ – തെരുവത്ത് കടവ് റോഡിൽ (കനാൽ)

III 9. കൊമ്പിലാട് താഴെ തോട്.
10. ചന്ദനം കണ്ടിത്താഴെ
11. താനക്കണ്ടിത്താഴെ

പട്ടിക 5

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

III 1. തുളിശ്ശേരി മീത്തൽ – പുതുക്കുടിത്താഴെ

IV 2. മഞ്ഞപ്പുഴ – ബ്ലോക്ക് റോഡ് – വൈകുണ്ഠം

VI 7. കുന്നോത്ത് മുക്ക് – മലയിലകത്തൂട്ട്

VII 8. പീടികക്കണ്ടിമുക്ക് – പുതിയോട്ടു കണ്ടിത്താഴെ

VII 9. മണ്ണാംപൊയിൽ സ്കൂൾ – തുയ്യത്ത് മുക്ക്.

IX 10. കണ്ണോറക്കുഴി – പാലാഞ്ചേരി – എരമംഗലം എസ്റ്റേറ്റ്

XI 11. കണ്ണങ്കോട് – കൂനഞ്ചേരി കനാൽ

XI 12. കണ്ണങ്കോട് – കോളനി റോഡ്

XI 13. ലക്ഷം വീട് റോഡ്

IV 3. പോലീസ് സ്റ്റേഷൻ – ചന്ദനം കണ്ടി റോഡ്

IV 4. താഴത്ത് ഓഫീസ് – പഴയമഞ്ഞപ്പാലം

V 6. ബാലുശ്ശേരി AUPS – പൊന്മാനം കണ്ടി – പൊന്നരംതെരു.

IV 5. കച്ചേരിക്കുന്നുമ്മൽ – പോസ്റ്റ്ഓഫീസ് – ഹൈസ്കൂൾ റോഡ്

പട്ടിക 3

നടപ്പാത (നിർമ്മിക്കേണ്ടവ)

III 1. മുല്ലോളിത്താഴെ

VI 2. പോത്രാംകണ്ടി – കടമ്പയിൽ – ഒതയോത്ത് താഴം

VI 3. വയപ്പുറത്ത് താഴം – കൊന്തളത്ത് – വാളങ്ങയിൽ താഴം.

VII 4. പീടികക്കണ്ടി മുക്ക് – പുതിയോട്ടു കണ്ടിത്താഴെ

" 5. തുയ്യത്ത് – പിള്ളക്കണ്ടി മുക്ക്

VIII 6. പള്ളിപ്പാലം – തങ്കയം മുക്ക്

" 7. കീക്കാട്ടുപാറ – ചെകിടൻ മല

" 8. വാല്യേരിമ്മൽതാഴെ – എരമംഗലം അങ്കനവാടി

IX 9. കൂനഞ്ചേരി സ്കൂളിലേക്ക്

" 10. പുതുക്കുടിത്താഴെ – തൊണ്ടിയിൽത്താഴെ

XI 11 പുതിയേടത്ത് കണ്ടിത്താഴെ – കോങ്കോട്ടുമ്മൽ

12. കുന്നക്കൊടിത്തോട് – എടമംഗലം.

II 13. ചമ്പോളിത്താഴെ

14. തൂർത്ത വയലിൽ

പട്ടിക – 5

JRY ആക്ഷൻപ്ലാൻ 96–97 ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

പദ്ധതിയുടെ പേര്	തുക	ശതമാനം
റോഡ് വികസനം	239000	42%
കമ്യൂണിറ്റി ഹാൾ ചുറ്റുമതിൽ	100000	16%
ബസ് സ്റ്റാന്റ് – സാനിറ്ററി	75000	12%
ശുദ്ധജലം	28000	5%
ഭവനനിർമ്മാണം	150050	25%

ഊർജ്ജം

ഒരു രാജ്യത്തിന്റെ സമഗ്രവികസനം ഊർജ്ജലഭ്യതയെ ആശ്രയിച്ചിരിക്കുന്നു എന്നത് തർക്കമറ്റ കാര്യമാണ്. വികസിത രാജ്യങ്ങൾ ആ നിലയിലേക്ക് ഉയർന്നത് സാങ്കേതിക വിദ്യയോടൊപ്പമുള്ള ഊർജ്ജത്തിന്റെ ലഭ്യതകൊണ്ടാണ്. ഊർജസ്രോതസ്സുകളായ ഇന്ധനങ്ങളുടെ ദൗർലഭ്യം ഊർജസംരക്ഷണം എന്ന ആശയത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു.

നമ്മുടെ ജലവൈദ്യുത പദ്ധതികൾ മഴയെ മാത്രം ആശ്രയിച്ചാണിരിക്കുന്നത്. വർധിച്ച ജനസാന്ദ്രത താപ-ആണവ നിലയങ്ങളുടെ വ്യാപനത്തിന് വിഘാതമായും നിൽക്കുന്നു. ഈ സാഹചര്യത്തിൽ പാരമ്പര്യേതര ഊർജ്ജ ഉൽപാദന രീതികളുടെ പ്രചാരണവും ബോധവൽക്കരണവും അതിന്റെ വികേന്ദ്രീകൃതമായ ആസൂത്രണവും അനിവാര്യമായിത്തീരുന്നു.

വൈദ്യുതിയുടെ ലഭ്യതക്കുറവ് നമ്മുടെ ഉൽപാദന രംഗത്തെ മുരടിപ്പിച്ച് നിർത്തുന്നു എന്ന വസ്തുത പരക്കെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. പാചകമേഖലയിലും ഊർജ്ജ പ്രതിസന്ധി ഒരു വലിയ പ്രശ്നമായിരിക്കുന്നു. നമ്മുടെ പ്രദേശത്തെ പ്രധാന പാചക ഇന്ധനം ഇപ്പോഴും വിറക് തന്നെയാണ്. മണ്ണെണ്ണയും ഗ്യാസും കുറഞ്ഞ അളവിൽ ഉപയോഗിക്കുന്നുണ്ട്. വിറകിന്റെ ലഭ്യത അനുദിനം കുറഞ്ഞുവരുന്നു. ഇതിന്റെ രൂക്ഷത കുറയ്ക്കാൻ ശാസ്ത്രീയമായ വിറക് വിനിയോഗ രീതി പ്രചരിപ്പിക്കേണ്ടതുണ്ട്.

നമ്മുടെ പ്രധാന ഊർജ്ജസ്രോതസ്സ് പവർസ്റ്റേഷനുകളിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയാണ്. ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടിയും ചെറുകിട യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, തെരുവു വിളക്കുകൾ കത്തിക്കുന്നതിനും വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലും, ആശുപത്രികളിലും ഇത്തരം വൈദ്യുതി ഉപയോഗിക്കുന്നു. കുടിവെള്ളം, ജലസേചനം തുടങ്ങിയ ആവശ്യങ്ങൾക്കും ഈ വൈദ്യുതി തന്നെയാണ് പ്രയോജനപ്പെടുത്തുന്നത്.

നമ്മുടെ പഞ്ചായത്തിൽ മിക്ക സ്ഥലങ്ങളും വൈദ്യുതീകരിക്കപ്പെട്ടതാണ്. ഇനിയും വൈദ്യുതി എത്താത്ത സ്ഥലങ്ങൾ ധാരാളമുണ്ടെന്ന് ഒടുവിൽചേർത്ത പട്ടിക സൂചിപ്പിക്കുന്നു. 17 കോളനികളിൽ 9 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്. 6 കി.മീ. ദൂരം തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 66675 രൂപ ഒരു വർഷം പഞ്ചായത്ത് ചെലവഴിക്കുന്നു. ഇതിനനുസരിച്ച പ്രയോജനം ലഭിക്കുന്നില്ലെന്നാണ് ഗ്രാമസഭാ ചർച്ചകൾ സൂചിപ്പിക്കുന്നത്.

വൈദ്യുതീകരിച്ച സ്ഥലങ്ങളിൽതന്നെ വോൾട്ടേജ് കമ്മി ഒരു പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ ഉണ്ടാവണം. നമ്മുടെ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഏതെങ്കിലും തരത്തിലുള്ള മിനി വൈദ്യുത പദ്ധതി ആരംഭിക്കാനുള്ള സാധ്യത കുറവാണ്. ജില്ലാ തലത്തിൽ ഇത്തരം സാധ്യത പരിശോധിക്കപ്പെടണം.

പാരമ്പര്യേതര ഊർജ്ജ രംഗം

നാം പിൻതുടർന്നുവരുന്ന ഊർജ ഉൽപാദന രീതികൾ ഇന്ന് പ്രതിസന്ധിയെ നേരിടുന്നു. വർധിച്ചുവരുന്ന ഉപഭോഗത്തിനനുസരിച്ച് ഉൽപാദനം വർധിപ്പിക്കാൻ സാധിക്കുന്നില്ല. പദ്ധതി പ്രദേശത്ത് വേണ്ടത്ര മഴ ലഭിക്കാത്തതും തുടങ്ങിവെച്ച പല പദ്ധതികളും പൂർത്തീകരിക്കാത്തതും ഈ രംഗത്തെ പ്രശ്നങ്ങളാണ്. ജലസ്രോതസ്സിനെ ആശ്രയിക്കാത്ത പദ്ധതികളുടെ കുറവുകൂടി ആയപ്പോൾ വൈദ്യുതരംഗത്ത് കേരളം ഒരു പ്രശ്നസ്ഥാനമായി മാറി.

ഈ അവസ്ഥയിൽ പാരമ്പര്യേതര ഊർജ്ജരംഗത്തിന്റെ സാധ്യതകൾ ആരായാൻ നാം നിർബ്ബന്ധിതമാണ്. ഈ രംഗത്ത് ജനോപകാരപ്രദമായ പരിപാടികൾ നടപ്പിൽ വരുത്തുന്നതിന് കേരള സർക്കാർ രൂപം കൊടുത്തിട്ടുള്ള സ്വയം ഭരണ സ്ഥാപനമാണ് ANERT. കേന്ദ്രസർക്കാറിന്റെ ധനസഹായം ഇതിന് ലഭിക്കുന്നുണ്ട്. ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്ന IREPയുടെ ഓഫീസ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്ക് തലത്തിലുള്ള ഈ സ്ഥാപനം 1993-ലാണ് പ്രവർത്തനമാരംഭിച്ചത്.

ഗ്രാമപ്രദേശങ്ങളിൽ ലഭ്യമാവുന്ന വസ്തുക്കളും സാങ്കേതിക വിദ്യയുമുപയോഗിച്ച് ഊർജ്ജത്തിന്റെ പാഴ്ച്ചെലവ് കുറയ്ക്കുകയും ഭാവിയിലേക്ക് ഊർജ്ജം സംഭരിച്ചുവെക്കുകയുമാണ് ഇതിന്റെ പ്രവർത്തന ലക്ഷ്യം.

IREP പദ്ധതികൾ

പുകശല്യം കുറഞ്ഞ അടുപ്പുകൾ നിർമ്മിച്ചു കൊടുക്കുക.

സബ്സിഡി നിരക്കിൽ മണ്ണെണ്ണ സ്റ്റൗ, പ്രഷർകുക്കർ, ഇലക്ട്രോണിക് ചോക്ക്, സൂര്യറാന്തൽ ട്യൂബുകൾ, സോളാർ പാനലുകൾ എന്നിവ നൽകുക.

വൈദ്യുതി എത്താത്തതും അടുത്തെങ്ങും എത്താൻ സാധ്യതയില്ലാത്തതുമായ സ്ഥലങ്ങളിൽ സോളാർ പാനലുകൾ ഉപയോഗിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുക.

1. ആകെ വൈദ്യുത ലൈനിന്റെ നീളം - 6 K.m

2. തെരുവ് വിളക്ക് വൈദ്യുത ചാർജിനത്തിൽ ഒരു വർഷം ചെലവഴിച്ച തുക: 66675.

പട്ടിക - 1 തെരുവ് വിളക്കുകൾ സംബന്ധിച്ചുള്ള വിവരം പഞ്ചായത്തു രേഖകളിൽ നിന്ന്.

വാർഡ്	വിളക്കുകളുടെ എണ്ണം				ആകെ
	പേപ്പർലാബ്	ഫ്ളൂ.ലാമ്പ്	ബൾബ്	മറ്റുള്ളവ	
1	2	3	4	5	6
I	-	-	12	-	12
II	-	-	15	-	15
III	1	4	18	-	23
IV	3	10	50	-	63
V	3	10	44	-	57
VI	-	-	14	-	14
VII	-	-	8	-	8
VIII	-	-	10	-	10
IX	1	-	12	-	13
X	1	-	25	-	26
XI	1	2	10	-	13
ആകെ	10	26	218	-	254

പട്ടിക - 2 ഗ്രാമസഭാ റിപ്പോർട്ടിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് വൈദ്യുതീകരിക്കാത്ത സ്ഥലങ്ങൾ.

വാർഡ്	വൈദ്യുതീകരിക്കപ്പെടാത്ത പ്രദേശങ്ങൾ
I	അരുമ്പമല പുലിവെലം കോളനികൾ
II	പോണോയിൽ, താക്കോട് താഴെ, കടിക്കാട്ട്, പനയുള്ള കണ്ടി ഭാഗം, പുളിയ കോട്ടമ്മൽ, മുല്ലോളിമല,മണപ്പുറം ഭാഗം, കോവിലകം താഴെ.
III	കോണങ്കോട് മല, എടക്കണ്ടിക്കുന്ന് കോളനി, ഇല്ലത്തകത്തൂട്ട് ഭാഗം.
VI	മുതുവത്ത് പ്രദേശം, കോറോത്ത് പാറ ഭാഗം, തരിപ്പാക്കുനി മല, കീഴക്കെ മണപ്പുറത്ത് ഭാഗം, ഒറ്റപ്പിലാകുൽ ഭാഗം
VII	തരിപ്പാക്കുനി മല മുതൽ അരീക്കൽ മലവരെയുള്ള ഭാഗം, വട്ടപ്പൊയിൽ എളമ്പിലാശ്ശേരി റോഡിന്റെ പടിഞ്ഞാറുഭാഗം.
VIII	മുതുവത്ത് പ്രദേശം, ചെകിടൻ മല, K.C.L.P സ്കൂളിന്റെ കിഴക്കുഭാഗം, കുറ്റക്കോട് കോളനി.
IX	പുതുക്കുടി താഴെ മുതൽ അത്തോളി പഞ്ചായത്ത് അതിർത്തിവരെ. പുതുക്കുടി താഴെ മുതൽ കോഴിപ്പറമ്പത്ത് താഴെ വരെ പുതിയ റോഡിന്റെ സമീപം, കൂനഞ്ചേരി - മാമ്പൊയിൽ റോഡിന്റെ സമീപം, അത്തിക്കോട് കുളം - കണ്ണോറത്താഴെ, അറക്കൽത്താഴെ റോഡിന്റെ സമീപ പ്രദേശം.
X	നമ്പിടിപ്പറമ്പത്ത് ഹരിജൻ കോളനി
XI	പങ്ങിനിമല താനിക്കുഴി

പഞ്ചായത്തോ, മറ്റേതെങ്കിലും സന്നദ്ധസംഘടനകളോ T.V. മുതലായവ സ്ഥാപിച്ചാൽ സൗജന്യനിരക്കിൽ സോളാർ പാനലുകൾ നിർമ്മിച്ചുകൊടുക്കുക.

സബ്സിഡി നിരക്കിൽ മാറ്റിവെച്ച് കത്തിക്കാൻ കഴിയുന്ന വിറകടുപ്പ് നൽകുക

സബ്സിഡി നിരക്കിൽ സ്കൂളുകൾക്കും അംഗൻവാടികൾക്കും മറ്റും കമ്യൂണിറ്റി ചൂള നിർമ്മിച്ചുകൊടുക്കുക.

ഇതിൽ അടുപ്പ് നിർമ്മാണം വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട രംഗമാണ്. ഇന്ന് വീടുകളിൽ പ്രചാരത്തിലുള്ള അടുപ്പുകൾ അശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. ഊർജ്ജത്തിന്റെ ചെറിയൊരു അംശം മാത്രമേ ഉപയോഗിക്കപ്പെടുന്നുള്ളൂ. ഊർജ്ജം പാഴാവുന്നു എന്നതുമാത്രമല്ല വീട്ടമ്മയുടെ ആരോഗ്യത്തിന് ഭീഷണിയാണ് എന്ന ദോഷവും ഇത്തരം അടുപ്പുകൾക്കുണ്ട്. പുകയില്ലാത്ത അടുപ്പുകൾ ഒരു പരിധിവരെ ഇതിന് പരിഹാരമാണ്. പുകയില്ലാത്ത അടുപ്പുകൾ സബ്സിഡി നിരക്കിൽ നിർമ്മിച്ചു നൽകുന്ന IREP ഓഫീസ് ബാലുശ്ശേരിയിൽ ഉണ്ടായിട്ടും 4730 വീടുകളിൽ 326 എണ്ണത്തിൽമാത്രമേ ഈ അടുപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ളൂ. വിറകിന്റെ ഉപഭോഗം മൂന്നിലൊന്നായി കുറയ്ക്കാൻ സഹായിക്കുന്ന പുകയില്ലാത്ത അടുപ്പുകൾ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

ഈ അടുപ്പിന് 350 രൂപയോളം ചെലവു വരുമെങ്കിലും 60 രൂപ നിരക്കിലാണ് സ്ഥാപിച്ചുകൊടുക്കുന്നത്. പട്ടിക വിഭാഗത്തിന് 40 രൂപ.മതി. മാറ്റിവച്ച് കത്തിക്കാൻ കഴിയുന്ന അടുപ്പിന് 184 രൂപ വിലയുണ്ടെങ്കിലും 30 രൂപക്ക് അനർട്ട് നൽകുന്നു.

കമ്യൂണിറ്റി ചൂളയ്ക്ക് 800 മുതൽ 2000 രൂപ വരെ ചെലവാകുമെങ്കിലും 200 മുതൽ 400 രൂപവരെയാണ് ഈടാക്കുന്നത്.

സൂര്യറാന്തലിന് 2000 രൂപ സബ്സിഡി കഴിച്ച് 1725 രൂപ നൽകിയാൽ മതി.

ബയോഗ്യാസ് ഉപയോഗിച്ചുള്ള ഊർജ്ജോൽപാദനം നമ്മുടെ പ്രദേശത്ത് നാമമാത്രമാണ്. ബോധവൽക്കരണത്തിലൂടെ സാധ്യതകൾക്കനുസരിച്ച് ഇത് വ്യാപിപ്പിക്കാൻ ശ്രദ്ധിക്കണം. കാറ്റിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള സാധ്യത വളരെ കുറവുള്ള ഒരു പ്രദേശമാണ് നമ്മുടേത്.

സാധ്യതകൾ

പുകയില്ലാത്ത അടുപ്പുകളുടെ നിർമ്മാണം

C.F. ലാമ്പുകളുടെ വിതരണം വ്യാപിപ്പിക്കുക.

ANERT-ൽ കൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ലഭ്യത വർധിപ്പിക്കുക. അത്തരം സാധനങ്ങളുടെ സബ്സിഡി ദരിദ്രർക്കായി ഉറപ്പുവരുത്തുക. അതിന്റെ വിതരണം നീതിപൂർവ്വകമായി നിർവ്വഹിക്കുക.

വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുക. പാഴ്ചെലവ് കുറയ്ക്കുക. വൈദ്യുതി പരമാവധി ലാഭിക്കുക.

ആഘോഷങ്ങൾക്കും അലങ്കാരങ്ങൾക്കും അനാവശ്യമായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിയന്ത്രണം ഏർപ്പെടുത്തുക.

നിയന്ത്രണമില്ലാതെ സ്റ്റപ്പപ്പ് ഉപയോഗിക്കുന്ന് തടയുക.

ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

സ്ട്രീറ്റ് ലൈറ്റിന്റെ സംരക്ഷണവും മേൽനോട്ടവും പഞ്ചായത്തിന്റെ ചുമതലയിലാവണം. വൈദ്യുതിചാർജ് കണക്കാക്കുന്നതിന് മീറ്റർ ഘടിപ്പിക്കണം.

പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. വിവിധ ഭവനനിർമ്മാണ പദ്ധതികളും ഗ്രാമ സഭാചർച്ചകളും നൽകുന്ന സൂചന ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം സവിശേഷ ശ്രദ്ധ പതിയേണ്ട ഒരു വിഷയമാണെന്നാണ്. 1991-ലെ സെൻസസ് റിപ്പോർട്ടനുസരിച്ച് 4726 ഉം ഒക്ടോബർ മാസത്തെ കണക്ക് വെച്ച് നോക്കുമ്പോൾ ഇത് 5836 ഉം ആയി വർധിച്ചിട്ടുണ്ട്.

പ്രതിവർഷം ശരാശരി 250 വീടുകൾ വീതം നിർമ്മിക്കപ്പെടുന്നു എന്ന് ഇതിൽ നിന്ന് അനുമാനിക്കാവുന്നതാണ്. ആകെയുള്ള വീടുകളിൽ കുടിലുകളും ഓലമേഞ്ഞവയും ഓടിട്ടതും കോൺക്രീറ്റ് ചെയ്തതും എല്ലാം ഉൾപ്പെടുന്നു. ഇത് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

പട്ടിക - 1

വീടിന്റെ തരം	എണ്ണം	ശതമാനം
കുടിൽ	1284	22%
ഓട്മേഞ്ഞവ	2451	42%
ഓലമേഞ്ഞവ	1546	26.5%
കോൺക്രീറ്റ്	555	9.5%

സർക്കാർ സഹായത്തോടെ പുതിയതായി നിർമ്മിക്കുന്ന വീടുകൾ നിശ്ചിത പ്ലാനിലുള്ളവയാണ്. ഇവ 20-30 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ളതും ഓടിട്ടതുമായിരിക്കും. പല വീടുകളും ആവശ്യത്തിൽ കൂടുതൽ വലിപ്പമുള്ളവയും ചെലവേറിയവയുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ചെലവു കുറഞ്ഞ ഭവന നിർമ്മാണ രീതികൾക്ക് വേണ്ടത്ര നമ്മുടെ പഞ്ചായത്തിൽ പ്രചാരം സിദ്ധിച്ചിട്ടില്ല.

താമസിക്കേണ്ടവരുടെ എണ്ണവും വീടിന്റെ വിസ്തൃതിയും തമ്മിൽ പൊരുത്തമില്ല. അനാവശ്യമായ വെച്ചുകെട്ടുകളും ആഢംബരപൂർണമായ മതിൽകെട്ടുകളും ഭവന നിർമ്മാതാക്കളുടെ മനസ്സിനെ കീഴടക്കിയിരിക്കുന്നതായി കാണാം.

സർക്കാർ ഏജൻസികളുടെ ധനസഹായം കൊണ്ടു മാത്രം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ദുർബല വിഭാഗക്കാർക്ക് DRDA, ഗ്രാമപഞ്ചായത്ത് എന്നിവ നൽകുന്ന ധനസഹായത്തിന്റെ തോത് വെച്ച് ഇത്തരമൊരു നിഗമനത്തിലേക്കാണ് എത്താൻ കഴിയുന്നത്.

ഹൗസിംഗ് ബോർഡ് മുഖാന്തരം നൽകുന്ന വായ്പകളുടെ വ്യക്തമായ ചിത്രം ലഭ്യമല്ല. നമ്മുടെ പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികളൊന്നും പ്രവർത്തിക്കുന്നില്ല. എങ്കിലും വിവിധ ഹൗസിംഗ് സൊസൈറ്റികളിൽ നിന്നും പലരും ധനസഹായം നേടിയിട്ടുണ്ട്. സഹകരണബേങ്കുകളും ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ പോലുള്ള സ്ഥാപനങ്ങളും വീട് നിർമ്മിക്കുന്നതിന് വായ്പ അനുവദിക്കാറുണ്ട്. വായ്പകൾ പ്രയോ

പട്ടിക-2

കഴിഞ്ഞ 3 വർഷമായി ദുർബല വിഭാഗത്തിൽ പെട്ടവർക്ക് നൽകിയിട്ടുള്ള ഭവനനിർമ്മാണ ധനസഹായം

വർഷം	DRDA	ഗ്രാമപഞ്ചായത്ത്	പട്ടികജാതി വികസനവകുപ്പ്	ആകെ
1994-95	15	12	2	29
95-96	18	8	4	30
96-97	16	-	2	18

ജനപ്പെടുത്തി വീട് നിർമ്മിച്ച നിരവധി പേർ നമ്മുടെ പഞ്ചായത്തിലുണ്ട്.

ഇന്നത്തെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രതി വർഷം 50 വീടുകൾ കൂടുതൽ നൽകാൻ സർക്കാർ ഏജൻസികൾക്ക് കഴിയില്ല. ഹൗസിംഗ് സൊസൈറ്റി യുടെ രൂപീകരണം ഗൗരവമായി പരിഗണിക്കേണ്ടിയിരി ക്കുന്നു.

ചിതലുപിടിക്കാത്ത മൺകട്ടകളുടെ നിർമ്മാണം, മര ത്തിന്റെ ഉപയോഗം കുറഞ്ഞതും ചെലവു കുറഞ്ഞതു മായ ഭവനനിർമ്മാണ രീതികൾ തുടങ്ങിയ കാര്യങ്ങ ളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഈ രീതി ജനകീ യമാക്കുവാൻ കഴിഞ്ഞാൽ അത് ഈ രംഗത്തെ ഒരു വലിയ നേട്ടമായിരിക്കും. അതുപോലെ സ്വന്തം ധനശേ ഷിയേയും ജീവിതാവശ്യങ്ങളേയും കുറിച്ചുള്ള കാര്യ മായ വിലയിരുത്തലുകളൊന്നും നടത്താതെയുള്ള ഭവ നനിർമ്മാണം അധികരിച്ച് വരികയാണ്. സ്റ്റാറ്റസിന്റെ ലക്ഷണമായി ചിലരെങ്കിലും വീടിനെ കണക്കാക്കുന്നു. ഇത് ആവശ്യത്തെക്കാൾ ആഡംബരത്തിന് പ്രാധാന്യം നൽകുന്നതിലേക്കും അനുകരണത്തിലേക്കും നയി ക്കുന്നു. പൂർത്തിയാവാത്ത കെട്ടിടങ്ങളുടെ വർധന വാണ് ഇതിന്റെ അനന്തരഫലം. വീട് നിർമ്മാണം ആരം ഭിച്ച് കടക്കെണിയിലകപ്പെട്ട നിരവധി പേരെ നമുക്ക് ചുറ്റുപാടും കാണാം.

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന്റെ മുന്നോടി യായി ഒരു പാർപ്പിട സർവ്വെ നടത്തുകയും അതിനനു സരിച്ച് കാര്യങ്ങൾ ആസൂത്രണം ചെയ്യുകയും വേണം. വിവിധ രീതിയിലുള്ള ധനസഹായം ആവശ്യമുള്ളവരു ണ്ടാവും. അവരെ വേർതിരിക്കണം.

സാമ്പത്തിക നില നിർണയിക്കാൻ ശാസ്ത്രീയവും കുറ്റമറ്റതുമായ അടിത്തറകളൊന്നും ഇല്ലാത്തതിനാൽ ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയാവും ഉത്തമം. ദാരിദ്ര്യനിർമ്മാർജന പരിപാടിയുടെ വലി യൊരു പങ്ക് ചെലവു കുറഞ്ഞ ഭവന നിർമ്മാണ സാമ ഗ്രികളുടെ നിർമ്മാണത്തിലേക്ക് തിരിച്ചുവിടുകയും അത്തരം തൊഴിലാളികളെ ഒരു സഹകരണ സംഘ ത്തിന്റെ കീഴിൽ കൊണ്ടുവരികയുമാവാം. കെട്ടിട നിർമ്മാണ രംഗത്ത് പലയിടത്തും അനുഭവപ്പെടുന്ന തൊഴിലാളിക്ഷാമവും ഇതുമൂലം പരിഹരിക്കാൻ കഴി ഞ്ഞേക്കും.

കഴിഞ്ഞ വർഷം JRY വിഹിതത്തിന്റെ 25% തുക ഭവ നനിർമ്മാണ സൗകര്യത്തിനായാണ് ഗ്രാമപഞ്ചായത്ത് മാറ്റിവെച്ചത്. ഇത് ഒന്നരലക്ഷം രൂപ വരും. അടുത്ത 5 വർഷങ്ങളിൽ JRY വിഹിതത്തിന്റെ നല്ലൊരു പങ്ക് പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി മാറ്റിവെ യ്ക്കേണ്ടി വരുമെന്നാണ് ഇത് കാണിക്കുന്നത്.

പ്രശ്നങ്ങൾ

ജാതി-മത ഭേദമന്യേ പാർപ്പിട പ്രശ്നം രൂക്ഷമാണ്.

സർക്കാർ ജീവനക്കാർക്ക് താമസിക്കാൻ ക്വാർട്ടേ ഴ്സുകൾ ഇല്ല.

ചെലവു കുറഞ്ഞ ഭവന നിർമ്മാണ രീതികളും അതി നാവശ്യമായ സാധനസാമഗ്രികളും പ്രചാരം നേടിയി ട്ടില്ല.

ഭവന നിർമ്മാണ ധനസഹായം വേണ്ട പേർക്ക് വേണ്ടപോലെ ലഭിക്കുന്നില്ല.

വായ്പയുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്ന ങ്ങൾ നിരവധിയാണ്.

ദുർബല വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെയോ, സന്നദ്ധ സംഘടനകളുടെയോ പങ്കാളിത്തമില്ല.

ആവശ്യത്തിൽ കൂടുതൽ വലിപ്പത്തിലും ആഢംബ രത്തിലും വീടുകൾ നിർമ്മിക്കപ്പെടുന്നു.

വിദഗ്ധരായ നിർമ്മാണത്തൊഴിലാളികളുടെ ക്ഷാമം അനുഭവപ്പെടുന്നു.

സാധ്യതകൾ

പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി രൂപീ കരിക്കണം.

ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രിക ളുടെ നിർമ്മാണവും പ്രചരണവും.

നിർമ്മിതികേന്ദ്രം, കോസ്റ്റ് ഫോർഡ് എന്നിവയുമായി സഹകരിച്ച് ചെലവു കുറഞ്ഞ നിർമ്മാണ രീതികളിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുക.

ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പരിപാടി

വിവിധ തട്ടുകളിലുള്ളവർക്ക് വ്യത്യസ്തധനസഹാ യവും വായ്പയും അനുവദിക്കാനുള്ള പദ്ധതികൾ.

വാടകക്കു നൽകുവാൻ ചെലവു കുറഞ്ഞതും സൗകര്യപ്രദവുമായ വീടുകളോ, ഫ്ളാറ്റുകളോ പണി യുക.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളിലൂടെയാണ് നടത്തിവരുന്നത്. റവന്യൂ, തൊഴിൽ, ഗ്രാമവികസനം, പട്ടികജാതി വികസനം, സാമൂഹ്യക്ഷേമം, DRDA മുതലായ വകുപ്പുകളാണ് ഈ രംഗത്ത് പ്രധാനമായും പ്രവർത്തിക്കുന്നത്.

ദരിദ്രർക്കും മറ്റ് ദുർബ്ബല വിഭാഗങ്ങൾക്കും പരമാവധി ആശ്വാസം നൽകുകയെന്നതാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ലക്ഷ്യം.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളാണ് ഇതിൽ പ്രധാനമായിട്ടുള്ളത്. ഇത്തരം ആനുകൂല്യം ലഭിക്കുന്നത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗക്കാർക്കാണ്. വരുമാനം തീരുമാനിക്കുന്നത് കൃത്യമായ വിധമല്ലാതെ വരുമ്പോൾ അനർഹരായ പലരും ഇത്തരം ആനുകൂല്യം ലഭിക്കേണ്ടവരുടെ പട്ടികയിലേക്ക് കടന്നുവരുന്നു. അർഹരായവർ പുറന്തള്ളപ്പെടാനും സാധ്യതയുണ്ട്.

IRDP സർവ്വെ ലിസ്റ്റിൽ ഉൾപ്പെട്ട ഒരാൾ ആനുകൂല്യം ലഭിക്കുന്നതോടെ ലിസ്റ്റിൽ നിന്നും പുറന്തള്ളപ്പെടുന്നു. ഇങ്ങനെ പേര് നീക്കം ചെയ്യുന്നതുമൂലം പല ബുദ്ധിമുട്ടുകളും ഉണ്ടാവാറുണ്ട്.

1992-ലെ IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 2058 കുടുംബങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളുടെ 44% ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്ന് ഈ കണക്ക് വ്യക്തമാക്കുന്നു.

1992-ലെ 241 പേർക്കുമാത്രമാണ് ധനസഹായം അനുവദിക്കാൻ കഴിഞ്ഞത്. പ്രതിവർഷം ശരാശരി 60 പേർക്ക് മാത്രമേ ആനുകൂല്യങ്ങൽ അനുവദിക്കാൻ സാധിക്കൂ എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

ബാങ്കുകൾ വഴി ഇത്തരം ആനുകൂല്യങ്ങൾ നൽകുന്നതിന് പരിമിതിയുണ്ട്. എന്നാൽ പോലും ഒട്ടനവധി സഹായം ഈ രംഗത്ത് അനുവദിക്കാൻ ബാങ്കുകൾക്ക് കഴിയും. വായ്പാ തിരിച്ചടവ് മോശമാണെന്ന കാരണത്താൽ ബേങ്കുകൾ പൊതുവെ വായ്പാ പ്രശ്നത്തിൽ വിമുഖത കാണിക്കുന്നു.

ധനസഹായം തേടി ജോലിയിൽ പ്രവേശിക്കാൻ പര്യാപ്തമായ പരിശീലനം നൽകുന്ന പരിപാടിയാണ് 'ട്രൈസം' പക്ഷെ, നമ്മുടെ പഞ്ചായത്തിൽ പരിശീലനം നേടിയ 11 പേരിൽ 5 പേർ മാത്രമാണ് പരിശീലനം സിദ്ധിച്ച അതേ ജോലി ചെയ്യുന്നവർ. ഈ രംഗത്തെ ദുർവ്യയത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

DWCRA യൂനിറ്റുകൾ മൂന്നെണ്ണം മാത്രമെ ഇതുവരെ നമുക്ക് ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളൂ. കഴിവും സാധ്യതയുമുള്ള വനിതകൾ നമ്മുടെ പഞ്ചായത്തിൽ വേണ്ടുവോളമുണ്ട്. സ്ത്രീകൾ കുടുംബനാഥകളായുള്ള 428 വീടുകൾ ഇവിടെയുണ്ട്. DWCRA യൂനിറ്റുകളിൽ ലഭ്യമാവുന്ന സേവനം ഈ രംഗത്ത് ഉപയോഗപ്പെടുത്തണം.

പട്ടികജാതി വിഭാഗത്തിന് നൽകുന്ന IRDP ധനസഹായത്തിന്റെ എണ്ണം കുറഞ്ഞുവരികയാണ്. IRDP ലിസ്റ്റ് പ്രകാരം സഹായം ലഭിക്കാൻ അർഹരായവരുടെ എണ്ണം തീരെ കുറവാണെന്ന കാരണത്താലാണ് ഇത്. പക്ഷെ, ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ഓഫീസുകൾ കയറിയിറങ്ങുന്ന അനേകം പേരുണ്ട്. ഇവരെ സഹായിക്കാനും ബോധവൽക്കരിക്കാനും ഇപ്പോൾ സംവിധാനങ്ങളൊന്നുമില്ല.

IRDP ഗുണഭോക്താക്കൾക്കുള്ള ക്ലാസുകൾ ചട്ടപ്പടി പ്രവർത്തനങ്ങൾ മാത്രമാണ്, ബേങ്കുകളിലെ ക്രഡിറ്റു കേമ്പുകൾ ഏകപക്ഷീയവും.

ബഹുജനപങ്കാളിത്തവും ജനപ്രതിനിധികളുടെ ഇടപെടലും അനുവദിച്ചുകൊണ്ട് ഈ രംഗത്ത് കൂടുതൽ മുന്നേറാൻ കഴിയും.

ദരിദ്രരിൽ നാമമാത്ര കർഷകരും കർഷകത്തൊഴിലാളികളും ഉൾപ്പെടുന്നു. ഇവരെ കാർഷിക മേഖലയിലേക്ക് തിരിച്ചുവിടാൻ ശ്രമം നടത്തണം. ഹ്രസ്വകാല വായ്പകളിലൂടെ കാർഷിക ഉൽപാദനം വർധിപ്പിക്കാനും സാധിക്കണം.

തൊഴിൽ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുമ്പോൾ തൊഴിൽ പരിശീലനം കൂടി നൽകിയേ പറ്റൂ. പരമ്പരാഗത കൈത്തൊഴിലുകളിൽ വൈവിധ്യവൽക്കരണത്തിന് ശ്രമം നടത്തുകയും വേണം.

സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾ ദുർബ്ബല വിഭാഗങ്ങൾക്ക് വലിയ ആശ്വാസമാണ് നൽകുന്നത്. ഗ്രാമപഞ്ചായത്തും, റവന്യൂ വകുപ്പും നൽകിവരുന്ന വിവിധ പെൻഷനുകളെക്കുറിച്ച് താഴെ കൊടുത്ത പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

പട്ടിക - 1

വർഷം	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർധക്യകാല പെൻഷൻ.
91-92	17	3	8
92-93	14	3	4
93-94	20	4	12
94-95	9	5	5
95-96	3	4	6

സാമൂഹ്യക്ഷേമരംഗത്ത് വലിയ സംഭാവന നൽകുന്ന ICDS-ന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അമ്മമാരുടെയും ഗർഭിണികളുടെയും കുട്ടികളുടെയും ക്ഷേമത്തിന് അങ്കണവാടികളിലൂടെ നടക്കുന്ന പ്രവർത്തനങ്ങൾ ഇവയിൽ ചിലതു മാത്രമാണ്. എന്നാൽ സാമൂഹ്യപ്രാധാന്യമുള്ള അങ്കണവാടികൾ പോലുള്ള സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല 12 അങ്കണവാടികൾ താൽക്കാലിക ഷെഡ്ഡിലാണ് പ്രവർത്തിക്കുന്നത്.

പ്രശ്നങ്ങൾ

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ഫലപ്രദമാവുന്നില്ല.

ബേങ്കുവായ്പകൾ കൃത്യമായി തിരിച്ചടക്കുന്നില്ല.

വനിതാ സംരംഭങ്ങൾ കുറവാണ്.

12 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല.

ശുദ്ധജലം ലഭ്യമല്ലാത്ത അങ്കണവാടികളുണ്ട്.

പെൻഷൻ പദ്ധതികളെ സംബന്ധിച്ച അജ്ഞത

പദ്ധതി ഗുണഭോക്താക്കളുടെ എണ്ണം പരിമിതമാണ്.

സാധ്യതകൾ

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളാരംഭിക്കുമ്പോൾ വിശദമായ പരിശീലനം നൽകണം.

ജനപ്രതിനിധികളും നാട്ടുകാരുമടങ്ങുന്ന മോണിറ്ററിംഗ് കമ്മിറ്റികളുടെ കീഴിൽ എല്ലാ വാർഡിലും ഓരോ വർഷവും ഓരോ DWCRA യൂനിറ്റ് ആരംഭിക്കണം.

IRDP ഉൽപന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്ത് തലത്തിൽ വിൽപനകേന്ദ്രം ആരംഭിക്കണം.

നടന്നുവരുന്ന IRDP യൂനിറ്റുകളെക്കുറിച്ചുള്ള വിവരങ്ങൾ പരസ്യപ്പെടുത്തണം.

IRDP-യിലൂടെ ജീവിത വിജയം നേടിയവരുടേയും ജനനായകരുടെയും സഹായത്താൽ ധനകാര്യ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തണം.

പുറമ്പോക്കു ഭൂമിയിലും മറ്റും തൊഴിൽ ചെയ്യാൻ ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കണം.

ഗുണഭോക്താക്കളെ ഗ്രാമസഭയിലൂടെ കണ്ടെത്തണം.

സഹകരണ ബേങ്കുകളെ കൂടുതൽ തൊഴിൽ സംരംഭകർക്ക് ധനസാഹായം നൽകാൻ പ്രേരിപ്പിക്കണം.



സംസ്കാരം

ഇന്ത്യ സ്വതന്ത്രമാകുന്നതിനും ഏതാണ്ട് ഒരു പതിറ്റാണ്ട് മുമ്പെ തന്നെ അവിഭക്ത ബാലുശ്ശേരി പഞ്ചായത്ത് പിറന്നു കഴിഞ്ഞിരുന്നു. നാടുവാഴികളുടെയും സാമ്രാജ്യത്ത്വ വാഴ്ചയുടെയും മണവും ഗുണവും ഇന്ത്യൻ ജനതയ്ക്കൊപ്പം വിവിധ ഘട്ടങ്ങളിലായി നമ്മുടെ സമൂഹം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്ത്വത്തിന്റെ വിഭജന- വിഘടന-ദേശദ്രോഹ വായ്പ്പയ്ക്കെതിരെ ചെറുത്തു നിൽപ്പിന്റെതായ അലയൊലികൾ നമുക്കീ ഗ്രാമത്തിലും കാണാൻ കഴിയും. എന്നാൽ ഭാരതത്തിൽ വംശത്തിന്റെയും വർഗ്ഗത്തിന്റെയും പേരിൽ ചോരപ്പുഴ ഒഴുകിയപ്പോൾ നമ്മുടെ ഗ്രാമം അതിൽ നിന്നും മുക്തമായിരുന്നു. പാരമ്പര്യമായി സിദ്ധിച്ച ഈ ശീലം കൈമോശം വരാതെ നാമിപ്പോഴും കാത്തുസൂക്ഷിക്കുന്നു.

വർത്തമാനകാലത്തിന്റെ ജൈത്രയാത്രയിൽ നിന്നും തിരിഞ്ഞു നോക്കിയാൽ നമ്മുടെ സംസ്കാരത്തിന് വിവിദധങ്ങളായ ഘടകങ്ങൾ നിദർശനമാണ്. അവയിൽ പ്രധാനമായും വിദ്യാഭ്യാസം തന്നെയാണ്. 1911ൽ ആരംഭിച്ച കോക്കല്ലൂർ എലിമെന്ററി സ്കൂളാണ് നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാഭ്യാസ സ്ഥാപനം. ഇന്ന് ഗവ: ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ട ഈ വിദ്യാലായത്തിനു പുറമെ 15 സ്കൂളുകൾകൂടി ഇവിടെ പ്രവർത്തിക്കുന്നു. മാന്യമായ പെരുമാറ്റം, സാഹോദര സ്നേഹം, മുതിർന്നവരോടുള്ള ആദരവ് വസ്ത്രധാരണ രീതി എന്നിവയക്ക് നമ്മുടെ സ്കൂളുകൾ മുന്തിയ പരിഗണന തന്നെ നൽകുന്നു. ഐക്യ കേരള പറവിക്കു മുമ്പെ പറമ്പിന്റെ മുകളിൽ രൂപം കൊണ്ട കലാസമിതിയും സി.കെ.ആർ സ്മാരക വായനശാലയും നമ്മുടെ സാംസ്കാരിക ചേതനയ്ക്ക് ഉദാഹരണങ്ങളാണ്. ഇന്നാട്ടിലെ കലാ സമിതികൾ; വായനശാലകൾ കായിക സമിതികൾ, വനിതാ സംഘടനകൾ എന്നിവയ്ക്ക് ഈ രംഗത്ത് ലക്ഷ്യ ബോധമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഓഫീസുകൾ, കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ എന്നിവയുടെ അഭാവവും, വാർഷികാഘോഷങ്ങളിൽ ഒതുങ്ങി നിന്നുള്ള പ്രവർത്തനവും ചിലതിലെങ്കിലുമുള്ള അമിതമായ ധൂർത്തും കാരണം പല സമിതികളും രൂപം കൊള്ളുന്നതിനേക്കാൾ വേഗത്തിൽ നിശ്ചലമാകുന്നുണ്ട്. പൊതുവെ ഈ രംഗത്തെ മന്ദിപ്പിനുള്ള കാരണം സാമ്പത്തികം തന്നെയാണ്. തെയ്യം, തിറ, തിരുവാതിരക്കളി, ഒപ്പന, കോൽക്കളി, പരിചമുട്ടുകളി, വട്ടകളി, ദഫ്മുട്ട്, നാടോടിപാട്ടുകൾ, അമ്പെയ്ത്ത്, കമ്പവലി, വായ്ത്താരികൾ എന്നിവയും നമ്മുടെ പഞ്ചായത്തിലെ പല പ്രദേശങ്ങളിലുമായി പ്രാധാന്യം കുറഞ്ഞ രൂപത്തിലെങ്കിലും നിലനിൽക്കുന്നു എന്നത് ആശാവഹമാണ്. സി.കെ.ആർ വായനശാല പറമ്പിന്റെ മുകളിൽ, 1980ൽ സ്ഥാപീച്ച ടാഗോർ വായനശാല ഗ്രന്ഥാലയം കോക്കല്ലൂർ, 1981ൽ രൂപംകൊണ്ട മണ്ണാമ്പൊയിൽ യുവജന സെന്റർ ഗ്രന്ഥശാല എന്നിവയെ കൂടാതെ മറ്റ് ചില കലാ കായിക സമിതികളിൽകൂടി വായനാസൗകര്യങ്ങളിൽ എർപ്പെടുത്തിയിട്ടുണ്ട്. എണ്ണായിരത്തിലേറെ പുസ്തകങ്ങളുള്ള പഞ്ചായത്ത് ലൈബ്രറി ഒരപൂർവ്വ ഗ്രന്ഥശേഖരത്തിന്റെ കേന്ദ്രമാണ്. നമ്മുടെ പഞ്ചായത്തിനു പുറമെ ഉള്ളേരി, പനങ്ങാട്, ഉണ്ണികുളം, നന്മണ്ട, പഞ്ചായത്തുകളിലെ വായനാതൽപ്പരർ നമ്മുടെ പഞ്ചായത്ത് ലൈബ്രറിയെ ആശ്രയിക്കുന്നു. 1083 അംഗങ്ങളുണ്ടെങ്കിലും 251 പേരാണ് ഏതാണ്ട് ഇതുപയോഗപ്പെടുത്തി വരുന്നത്. എന്നാൽ വായനാരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ താഴ്ന്നതാണ്. പൊതുവായനശാലകളിൽ അവർക്ക് പ്രത്യേക സൗകര്യമൊരുക്കുന്നതിനു ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ സ്ത്രീകളെ പൊതുരംഗത്തേക്കാകർഷിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനുമായി ബഹു ഭൂരിപക്ഷം സമിതികളും സംഘടനകളും ശ്രദ്ധിക്കുന്നില്ല. കേരളോത്സവം നടന്നിരുന്ന സന്ദർഭങ്ങളിൽ നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ ഒട്ടുമിക്ക കലാ-കായിക സമിതികളും സജീവമാകുകയും ആരോഗ്യകരമായ മത്സരം നടക്കുകയും

ചെയ്തിട്ടുണ്ട്. എന്നാൽ സാമ്പത്തികമായ പ്രയാസങ്ങൾകൊണ്ട് ചില സമിതികൾക്കെങ്കിലും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പ്രധാന കലാ-കായിക-സാംസ്കാരിക സമിതികൾ.

ക്രമ നമ്പർ	സമിതിയുടെ പേര്	പ്രദേശം
1.	പൗർണമി ആർട്സ് & സ്പോർട്സ് ക്ലബ്	കാഞ്ഞിക്കാവ്
2.	അക്ഷയ	കാഞ്ഞിക്കാവ്
3.	നവീന ആർട്സ് & സ്പോർട്സ് ക്ലബ്	തുരുത്യാട്
4.	ഉദയം കലാ-സാംസ്കാരിക സമിതി	തുരുത്തിത്യാട്
5.	എൻമാസ്	കോവികലകം താഴം
6.	അലൻഡെ ആർട്സ് & സ്പോർട്സ് ക്ലബ്	തത്തമ്പത്ത്
7.	പാരഡൈസ്	തത്തമ്പത്ത്
8.	പ്രയദർശിനി	പൂത്തൂർവട്ടം
9.	ശൽപ്പി കലാ-കായിക വേദി	പൂത്തൂർവട്ടം
10.	ദർശന	പനായി
11.	മുദ്ര ഫൈൻ ആർട്സ്	ബാലുശ്ശേരി
12.	വിവേകാനന്ദ കൾച്ചറൽ സൊസൈറ്റി	ബാലുശ്ശേരി
13.	നവദർശൻ	ബാലുശ്ശേരി
14.	യുൾറിനേമേ സോക്കേഴ്സ്	ബാലുശ്ശേരി.
15.	സ്വപ്ന	ബാലുശ്ശേരി
16.	സീറോ	ബാലുശ്ശേരി
17.	ജ്യോതി ആർട്സ് & സ്പോർട്സ് ക്ലബ്	ബാലുശ്ശേരി
18.	കലാശ്രീ	പനായി
19.	ഗ്രാമോദയ	പനായി
20.	ന്യൂലൈറ്റ് ആർട്സ് & സ്പോർട്സ് ക്ലബ്	മണ്ണാപ്പൊയിൽ
21.	യുവജന സെന്റർ	മണ്ണാപ്പൊയിൽ
22.	ദീപം ആർട്സ് & സ്പോർട്സ് ക്ലബ്	എരമംഗലം
23.	ടാഗോർ	കോക്കല്ലൂർ
24.	പി.സി.സി.	കോക്കല്ലൂർ
25.	സമന്വയം	കോക്കല്ലൂർ
26.	കൃഷ്ണ മെമ്മോറിയൽ ആർട്സ് & സ്പോർട്സ് ക്ലബ്	ചവിട്ടൻ പാറ
27.	സി.കെ.ആർ സ്മാരക വായനശാല	പറമ്പിന്റെ മുകൾ
28.	ചെന്താര തീയറ്റേഴ്സ്	പറമ്പിന്റെ മുകൾ
29.	നവതാര	കുന്നക്കൊടി
30.	വീക്ഷണം വേദി	കുന്നക്കൊടി
31.	അനഘ	കുന്നക്കൊടി
32.	സംഘമിത്ര	കണ്ണങ്കോട്
33.	എ.കെ.എസ്	കൂനഞ്ചേരി
34.	അനുപമം ആർട്സ് & സ്പോർട്സ് ക്ലബ്	കൂനഞ്ചേരി
35.	പഞ്ചായത്ത് ലൈബ്രറി & റീഡിംങ്ങ് റൂം	ബാലുശ്ശേരി.

കലാ-സാംസ്കാരിക സമിതികളിൽ കൂടി സന്നദ്ധ പ്രവർത്തനത്തിനായി പഞ്ചായത്ത്തലത്തിൽ ഏകോപിച്ച പ്രവർത്തനം നിലവിലില്ലാത്തതിനാൽ ഈ രംഗത്തെ വൻ സാധ്യത പാഴായി പോവുന്നു.

ജനങ്ങളുമായി നേരിട്ട് സംവദിക്കുന്ന ഒരു കലാരൂപമെന്ന നിലയിൽ നാടകത്തിന്റെ സാമൂഹ്യ പ്രസക്തിക്ക് ഇന്നും ഇടിവ് പറ്റിയിട്ടില്ല. ടെലിവിഷന്റെയും സിനിമയുടെയും അതിപ്രസരത്തിനിടയിലുംനാടകങ്ങൾ പിടിച്ചു നിൽക്കുന്നത് അവയുടെ സാമൂഹ്യ പ്രസക്തി കൊണ്ട് മാത്രമാണ്. നമ്മുടെ നാടക സങ്കൽപ്പങ്ങൾക്കനുസരിച്ച് അമേച്വർ-പ്രൊഫഷണൽ നാടകങ്ങൾ നിലവാരമുള്ളവയാണെന്ന് പറയാൻ കഴിയില്ല. കോക്കല്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന രണ്ടു നാടക സംഘങ്ങളാണ് നമുക്കുള്ളത്. പ്രസിദ്ധി കോഴിക്കോടും (പ്രൊഫഷണൽ) രംഗദീപം ബാലുശ്ശേരിയും (അമേച്വർ) എന്നാൽ ആസ്വാദകരുടെ പ്രതീക്ഷക്കൊത്ത് ഉയരാത്തതും സാമൂഹിക പ്രശ്നങ്ങളോടുള്ള സംവാദനരീതിയിലുള്ള പാളിച്ചകളും കാരണം ഈ രണ്ടു നാടക സംഘങ്ങളും പൊതുവെ തകർച്ചയിലാണ്.

മറ്റെല്ലാ കലകൾക്കുമെന്ന പോലെ ചലച്ചിത്ര കലയ്ക്കും അസംസ്കൃത പദാർത്ഥമായി വർത്തിക്കുന്നത് ജീവിതം തന്നെയാണ്. ജീവിതത്തിന്റെ താളവും താളപ്പിഴയും ലയസൗകുമാര്യവും അപഭംഗവും സിനിമയിൽ പ്രതിബിംബിക്കപ്പെടുന്നു. ബഹുമതികളും പുരസ്കാരങ്ങളും മലയാള സിനിമയുടെ മേൽ അനവരതം വർഷിക്കപ്പെടുന്നുണ്ട്. വർത്തമാനകാല ഇന്ത്യൻ സിനിമകളിൽ മലായള സിനിമ മികച്ചു നിൽക്കുന്നു നിലവാരമേന്മ പുലർത്തുന്ന ഉത്തമ സിനികളുടെ മാതൃകയായി കൊണ്ടാടപ്പെടുന്നതോടൊപ്പം ലൈംഗിക വൈകൃതങ്ങൾ ചിത്രീകരിക്കുന്ന ചലച്ചിത്രാഭാസങ്ങൾ വർദ്ധിക്കു

ന്നതായും കാണാം. ആസ്വാദകന്റെ മനസിനെ വഴിവിട്ട് അധമ വികാരത്തിനടിമയാക്കുക എന്ന ഒരു തന്ത്രം ആധുനിക സിനിമകളിൽ വർദ്ധിച്ചുവരുന്നു. എന്നാൽ ഇത്തരം സിനിമകൾ സാമ്പത്തിക വിജയം നേടുകയും പൊതുവെ നിലവാരമുള്ള സിനിമകൾ ഭീമമായ നഷ്ടത്തെ നേരിടുകയും ചെയ്യുന്നത് സമൂഹത്തിൽ വളർന്നു വരുന്ന മൂല്യച്യുതിക്ക് നിദർശനമാണ്. നമ്മുടെ ഗ്രാമത്തിലും ഈ പൊതു ദൃശ്യം കാണാവുന്നതാണ്. നല്ല സിനിമകൾ കൂടുതൽ ആസ്വാദകരിലെത്തിക്കുന്നതിന് സംഘടിത ശ്രമം ഉണ്ടാവേണ്ടിയിരിക്കുന്നു. ഫിലിം സൊസൈറ്റികൾക്കുള്ള പങ്കും പ്രധാന്യവും ഇവിടെ പ്രസക്തമാവുന്നു. കേരളത്തിൽ പൊതുവെ ഫിലീം സൊസൈറ്റികൾ തകർച്ചയെ നേരിട്ടപ്പോഴും ബാലുശ്ശേരി ധന്യ ഫിലീം സൊസൈറ്റി ഏറെക്കാലും പ്രവർത്തിച്ചിരുന്നു എന്ന് കാണേണ്ടതുണ്ട്. എന്നാൽ ഇപ്പോൾ ഇതും ചലനാത്മകമല്ല.

കായിക രംഗത്തെക്കുറിച്ച് പരിശോധിക്കുമ്പോൾ നടുങ്ങുന്ന കുറേ പ്രശ്നങ്ങൾ നമ്മെ തുറിച്ചുനോക്കുന്നു. വടക്കൻ കേരളത്തിന്റെ ഹരമായിരുന്ന വോളിബോൾ ഇന്ന് ഏതാനും ചില മൈതാനങ്ങളിലൊതുങ്ങുന്നു. എങ്കിലും ഈ രംഗത്ത് ഒറ്റപ്പെട്ട ചില സംഭാവനകൾ നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 'ഇന്ന് ഏഷ്യയിലെ ഏറ്റവും വേഗത കൂടിയ കളിക്കാരൻ' എന്ന് ക്യൂബൻ കോച്ച് വിശേഷിപ്പിച്ചിട്ടുള്ള ഇന്ത്യൻ വോളീബോൾ ടീമിലെ പ്രധാന കളിക്കാരനായ ശ്രീ.മുകേഷ് ലാൽ മണ്ണാമ്പൊയിൽ യുവജന സെന്ററിലൂടെയാണ് വളർന്നു വന്നത്. കളികളുടെ രംഗത്ത് പുത്തൻ അലകളുയർത്തിയ ക്രിക്കറ്റ് നമ്മുടെ നാട്ടിലും വ്യാപകമാവുന്നുണ്ട്. എന്നാൽ ഫുട്ബോൾ അങ്ങിങ്ങായി ഒതുങ്ങുന്നു. സാമ്പത്തിക പ്രയാസങ്ങളും കളിസ്ഥലങ്ങളുടെ അഭാവവും നമ്മുടെ ഗ്രാമത്തിലെ കായിക സംഘടനകളെ ദോഷകരമായി ബാധിക്കുന്നുണ്ട്. മുഴുവൻ സ്കൂളുകളും അർഹമായ പ്രാധാന്യത്തോടെ കായിപ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തിയെടുക്കുന്നതിനും കണ്ണുവെച്ച പ്രവർത്തനം നടത്തണം. സർക്കാർ തല പദ്ധതികളിൽ അനുവദിക്കുന്ന സാമ്പത്തികാനുകൂല്യങ്ങൾ നേരായ വഴിക്കു തിരിച്ചു വിട്ട് ക്ലബ്ബുകൾക്ക് ഭൗതിക സാഹചര്യമൊരുക്കാൻ കഴിഞ്ഞാൽ ഇന്നത്തെ വെല്ലുവിളികളെ ഒരു പരിധിവരെ നേരിടാൻ നമുക്ക് കഴിയും.

കേരംസ്. ചെസ്സ്, എന്നീ വിനോദോപാധികളും ഇവിടെ പ്രചാരത്തിലുണ്ട്. ചിത്രരചന, കഥ, കവിത എന്നിവയെ പോഷിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാവണം. യുവജനമേളയും കേരളോത്സവവും കൂടുതൽ കാര്യക്ഷമമായി നടത്താൻ കഴിയണം. ബാലുശ്ശേരി പഞ്ചായത്തിന്റെ 55-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി 1993 ജനുവരി 1 മുതൽ 26 വരെ നടന്ന പരിപാടികൾ ശ്രദ്ധേയമായിരുന്നു. കേരളത്തിന്റെ സാംസ്കാരിക രംഗത്തെ ഉന്നതന്മാരായ പലരെയും പങ്കെടുപ്പിച്ചുകൊണ്ട് നമ്മുടെ ഗ്രാമങ്ങളിൽ വിവിധ പരിപാടികൾ നടക്കാറുണ്ട്. ഘോഷയാത്ര, കലാജാഥ തുടങ്ങിയ പരിപാടികളിലൂടെ

ക്രമ നമ്പർ	കായിക വേദിയുടെ പേര്	പ്രധാന കളി	സ്വന്തം കെട്ടിടം ഉണ്ട് ഇല്ല
1.	നവീന തുരുത്ത്യാട്	വോളിബോൾ	ഇല്ല
2.	സ്വപ്ന ബാലുശ്ശേരി	വോളിബോൾ	ഇല്ല
3.	സീറോ ബാലുശ്ശേരി	ചെസ്	-
4.	കലാശ്രീ പനായി	വോളിബോൾ	ഇല്ല
5.	ഗ്രാമോദയ പനായി	വോളിബോൾ	ഇല്ല
6.	യുവജനസെന്റർ മണ്ണാമ്പൊയിൽ	വോളിബോൾ	ഉണ്ട്
7.	വീക്ഷണം വേദി കുന്നക്കൊടി	വോളിബോൾ	ഇല്ല
8.	സംഘമിത്ര കണ്ണങ്കോട്	കബഡി	ഇല്ല
9.	കൃഷ്ണാമെമ്മോറിയൽ ചവിട്ടൻപാറ	വോളിബോൾ	ഉണ്ട്
10.	പി.സി.സി.കോക്കല്ലൂർ	ക്രിക്കറ്റ്	ഇല്ല
11.	ടാഗോർ കോക്കല്ലൂർ	വോളിബോൾ	ഇല്ല
12.	യൂൾറിമേ സോക്കേഴ്സ് ബാലുശ്ശേരി	ഫുട്ബോൾ	ഇല്ല
13.	ദർശന പനായി	ബോളിബോൾ	ഇല്ല

കൂട്ടായ്മ വളർത്തിയെടുക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിനകത്തും പുറത്തും പ്രസിദ്ധമായ നിരവധി പരിപാടികൾ സഹൃദയർക്ക് പരിചയപ്പെടുത്തുന്ന മുദ്ര ബാലുശ്ശേരിയുടെ പ്രവർത്തനം ശ്ലാഘനീയമാണ്. സിനിമാസ്വാദർക്കായി കൈരളി, പ്രഭാത് ടാക്കീസുകളും സന്ധ്യാ തീയേറ്ററും നമ്മുടെ ഗ്രാമത്തിലുണ്ട്. 16 സ്കൂളുകൾക്കു പുറമെ കേന്ദ്രമാനവ വിഭവശേഷി മന്ത്രായലത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദക്ഷിണേന്ത്യിലെ ഏക സംസ്കൃത വിദ്യാപീഠവും നമ്മുടെ പഞ്ചായത്തിലാണ്. ഇതിനു പുറമെ ഇംഗ്ലീഷ് മീഡിയം സ്കൂൾ (L.K.G, U.K.G.) മഹിളാ സമാജങ്ങൾ, അംഗനവാടികൾ എന്നിവയും പ്രവർത്തിക്കുന്നു. നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായിരുന്ന കാവുകൾ, കുളങ്ങൾ എന്നിവ പലതും മൺ മറഞ്ഞുകൊണ്ടിരിക്കുന്നു.

ഈ ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. മുസ്ലീംകളാണ് രണ്ടാംസ്ഥാനത്ത്. നാമമാത്രമായി ക്രസ്ത്യാനികളും നമ്മുടെ ഗ്രാമത്തിലധിവസിക്കുന്നു. 22 ഹിന്ദു ആരാധനാലയങ്ങളും 18 മുസ്ലീം ആരാധനാലയങ്ങളും ഉണ്ടെങ്കിലും ക്രസ്തീയർക്കായി ആരാധനാലയെങ്ങളൊന്നുംതന്നെയില്ല. തിറയുത്സവങ്ങൾ, അയ്യപ്പൻ വിളക്ക് എന്നിവയും ഒന്നരനൂറ്റാണ്ടോളം പഴക്കെ ചെന്ന എരമംഗലം മുസ്ലീം പള്ളിയിലെ ജാറം നേർച്ചയും വലിയ ജനപങ്കാളിത്തത്തോടെ നടന്നുവരുന്നു. നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്ന തികഞ്ഞ മത സൗഹാർദ്ദം പുകൾപെറ്റതാണ്. സ്വാതന്ത്ര്യത്തിനുമുമ്പ് ഇന്ത്യൻ നേഷണൽ കോൺഗ്രസ്സായിരുന്നു പ്രമുഖ രാഷ്ട്രീയ കക്ഷി. എന്നാൽ ഇന്ന് സി.പി.ഐ(എം) കോൺഗ്രസ്സ് (ഐ) ബി.ജെ.പി, ജനതാദൾ, സോഷ്യലിസ്റ്റ് കോൺഗ്രസ്, സി.പി.ഐ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, കേരള കോൺഗ്രസ് (ജെ) ബി.എസ്.പി. ഇന്ത്യൻ ദലിത് ഫെഡറേഷൻ എന്നീ രാഷ്ട്രീയ കക്ഷികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ മിക്കതിന്റെയും യുവജന-വിദ്യാർത്ഥി മഹിളാ സംഘടനകളും ട്രേഡ് യൂണിയനുകളും വിവിധ മതസംഘടനകളും വിവിധ ആശയങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തനം നടത്തുമ്പോഴും മൊത്തത്തിൽ സാംസ്കാരിക രംഗത്ത് തികഞ്ഞ സൗഹാർദ്ധവും ദേശീയ ബോധവും നിലനിൽക്കുന്നു.

ഗ്രാമ സഭാചർച്ചകളുടെ അടിസ്ഥാനത്തിൽ സാംസ്കാരിക മേഖല നേരിടുന്ന പ്രശ്നങ്ങളെ താഴെകൊടുക്കുന്ന രൂപത്തിൽ സംഗ്രഹിക്കാം.

1. ലൈബ്രറി, കലാ-കായിക സമിതി എന്നിവയുടെ പ്രവർത്തന മന്ദിപ്പിനുള്ള പ്രധാന കാരണം. സാമ്പത്തിക പ്രയാസങ്ങളും മറ്റ് ഭൗതിക സാഹചര്യങ്ങളുമാണ്.

2. ഗൗരവമായ വായനയുടെ അഭാവവും ഗ്രന്ഥശാലകളിലെയും വായനശാലകളിലെയും അസൗകര്യങ്ങളും.

3. വിദ്യാർത്ഥികളെ കായിക പ്രതിഭകളാകുന്നതിനാവശ്യമായ ഭൗതികവും നിർബ്ബന്ധവുമായ സാഹചര്യങ്ങളുടെ അഭാവം.

4. നാടേടിപ്പാട്ടുകൾ, തിരുവാതിരക്കളി, കോൽക്കളി, തെയ്യം, തിറ, ദഫ്മുട്ട്, കമ്പവലി, വട്ടക്കളി, പരിചമുട്ടുകളി, വായ്ത്താരികൾ, നാടൻ കലകൾ എന്നിവയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ശോഷണം.

5. വനിതകൾക്ക് കലാ-കായിക മേളകളിൽ അർഹമായ പ്രാതിനിധ്യം ലഭിക്കാതിരിക്കുന്ന അവസ്ഥ.

6. പഞ്ചായത്ത് തലത്തിൽ സാംസ്കാരിക പ്രവർത്തകർക്കൊത്തുചേരാനുള്ള സ്ഥാപനത്തിന്റെ അഭാവം.

7. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ടി.വി.സെറ്റുകളുടെ അഭാവവും ഉപഭോഗത്തിലെ പാളിച്ചകളും.

8. പൊതു റേഡിയോവിന്റെ നിശ്ചലാവസ്ഥ.

9. ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ ഗുണകരമല്ലാത്ത കടന്നുകയറ്റം വായനാശീലത്തിൽ വരുത്തിയ ഇടിവ്.

10. ലൈംഗീക സിനിമകളുടെ വേലിയേറ്റവും, സാമൂഹ്യവീക്ഷണവും സൗന്ദര്യാംശവും നഷ്ടപ്പെട്ട സിനിമകളുടെ അതിപ്രസരവും.

11. വിവാഹം പോലുള്ള ചടങ്ങുകളുടെ ആർഭാടം.

12. സാംസ്കാരിക സമീപനത്തിലെ സ്ത്രീവിരുദ്ധ അംശങ്ങളുടെ മേധാവിത്വം.

13. സിനിമയിലും സംഗീതത്തിലും കേരളീയവും മാനവികവുമായ തലങ്ങൾ നഷ്ടപ്പെട്ട് പകരം അധമവികാരങ്ങളെ തട്ടിയുണർത്തി വിഭ്രമജനകമായ മാനസികാവസ്ഥയിലേക്ക് നയിക്കുന്ന പാശ്ചാത്യരീതികളുടെ കടന്നുകയറ്റം.

സാധ്യതകൾ

1. കലാകായിക സമിതികൾക്കും വായനശാലകൾക്കും സർക്കാർ തലത്തിൽ സാമ്പത്തികാനുകൂല്യം ലഭ്യമാക്കുകയും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

2. വായനശാലകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും ഗുണനിലവാരമുള്ള പുസ്തകങ്ങൾ, പ്രാദേശിക പ്രാധാന്യത്തിനനുസരിച്ച് പത്രങ്ങൾ, ആഴ്ചപതിപ്പുകൾ, ആനുകാലികങ്ങൾ എന്നിവ വിതരണം ചെയ്യു

കയും വേണം.

3. സ്കൂൾ തലത്തിൽ കായിക വിദ്യാഭ്യാസം ഉറപ്പു വരുത്തുകയും കളിസ്ഥലങ്ങൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുക.

4. സ്ത്രീകൾക്കായി പ്രത്യേക വായനശാലാ നിർമ്മാണവും പ്രാദേശിക ക്ലബ്ബുകളിലെ വനിതാ പ്രാതിനിധ്യത്തിന്റെ വർദ്ധനവും.

5. നാടൻ കലകൾ, കളികൾ, വായ്ത്താരികൾ എന്നിവയുടെ സംരക്ഷണത്തിന് 'ഫോക്ലോർ' സൊസൈറ്റിയുടെ രൂപീകരണം.

6. ഗ്രാമ പഞ്ചായത്ത് സാംസ്കാരിക നിലയവും കളിസ്ഥലവും ഉണ്ടാക്കുക.

7. പ്രധാന കേന്ദ്രങ്ങളിൽ ടി.വി.സെറ്റ് വിതരണം ചെയ്യുക.

8. പൊതുറേഡിയോവിന്റെ പ്രവർത്തനം ഉറപ്പാക്കുകയും ഓപ്പറേറ്റിംങ്ങ് ചാർജ് വർദ്ധിപ്പിക്കുകയും ചെയ്യുക.

9. ഫിലിം സൊസൈറ്റി, വീഡിയോ ക്ലബ്ബ് എന്നിവ സ്ഥാപിക്കുക.

10. പഞ്ചായത്ത് തല കേന്ദ്ര കലാസമിതിയും കായിക സമിതിയും രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

11. സമൂഹ വിവാഹം ആർഭാടരഹിതമായ വിവാഹം എന്നിവ പ്രോത്സാഹിപ്പിക്കുകയും ആർഭാട വിവാഹത്തിന് നികുതി ഏർപ്പെടുത്തിക്കൊണ്ട് നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

12. ബസ് സ്റ്റോപ്പുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും സ്ത്രീകൾക്കുനേരെയുണ്ടാകുന്ന മോശമായ പെരുമാറ്റങ്ങൾ കർശനമായി ചെറുക്കുക.

13.. കേരളോത്സവം പോലുള്ള പരിപാടികൾ വേണ്ടത്ര സമയം നൽകി വാർഡ് തലത്തിൽ നടത്തുന്നതിനു കൂടി സംവിധാനമുണ്ടാക്കുക.

14. സന്നദ്ധ പ്രവർത്തനങ്ങൾക്ക് അർഹമായ പരിഗണന നൽകുക.



വനിതാക്ഷേമം

സ്വാതന്ത്ര്യലബ്ധിയോടെ തന്നെ സ്ത്രീപുരുഷ സമത്വം ഭരണഘടനയിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീപുരുഷ സമത്വം ആധുനിക ജനാധിപത്യ ഭരണ ക്രമത്തിന്റെ അവശ്യഘടകമാണെന്ന് ഭരണഘടനാ ശിൽപികൾ തിരിച്ചറിഞ്ഞിരുന്നു. പക്ഷേ, സാമൂഹിക ജീവിതത്തിൽ അര നൂറ്റാണ്ടിനു ശേഷവും സ്ത്രീ ഒരു രണ്ടാംകിട പൗരയായി പിന്തള്ളപ്പെട്ടിരിക്കുന്നു. രാഷ്ട്രീയവും സാമൂഹികവുമായ അസ്തിത്വം നിഷേധിക്കപ്പെട്ട് പുരുഷന്റെ ഒരനുബന്ധം മാത്രമായി സ്ത്രീ ഒതുങ്ങി നിൽക്കുന്ന അവസ്ഥ ഇന്നും നില നിൽക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ മുന്നിട്ടു നിൽക്കുന്ന പുരോഗമന ആശയങ്ങൾക്ക് നിർണ്ണായക സ്ഥാനമുള്ള കേരളീയ സമൂഹത്തിൽപോലും സ്ത്രീകളുടെ പദവി ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വേറിട്ടുനിൽക്കുന്നില്ല. മറ്റേതൊരു സമൂഹവുമെന്നപോലെ കേരളീയ സമൂഹവും തലോലിച്ചുവളർത്തിയെടുത്ത സാമൂഹികവും കുടുംബപരവുമായ നിയമങ്ങൾ പുരുഷമേധാവിത്വ മൂല്യങ്ങളിലധിഷ്ഠിതമാണ്. ഈ അസ്ഥിവാരത്തിന് കാര്യമായ ഇളക്കം തട്ടാതെ അതിനുമുകളിൽ പണിതുയർത്തിയതാണ് നമ്മുടെ പുരോഗമന ജനാധിപത്യമൂല്യസൗധങ്ങൾ. തൊഴിലാളി കർഷക പ്രസ്ഥാനങ്ങളുടെ മുന്നേറ്റവും തുടർന്നുണ്ടായ ഭൂപരിഷ്കരണ നടപടികളും കേരളത്തിലെ സാധാരണ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുകയും അവരുടെ ആവശ്യങ്ങളും ഉപഭോഗക്ഷമതയും വർദ്ധിപ്പിക്കുകയും ചെയ്തു. അതിനനുസൃതമായ വിധം വികസിതമായ ഒരു കാർഷിവ്യാവസായിക സമൂഹമായി കേരളം പരിണമിക്കുന്നതിനു പകരമം ആഗോള അഖിലേന്ത്യാവ്യവസായ ശക്തികളുടെ വെറുമൊരു കമ്പോളമായി മാറ്റപ്പെടുകയാണുണ്ടായത്. വിപണിയിലെ മറ്റേതൊരു വസ്തുവിനെയും പോലെ സ്ത്രീയും, ചിന്തയും വ്യക്തിത്വവും വെട്ടിമാറ്റപ്പെട്ട വിപണന സാധ്യതയുള്ള വെറുമൊരു ചരക്കായി മാറ്റപ്പെട്ടു. ഈ പൊള്ളുന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ തുടങ്ങുന്നതോടെ സ്വാതന്ത്ര്യത്തിന്റെ നൂതനമേഖലകളിലേക്ക് കാലെടുത്തുവെക്കാൻ അവൾ ശ്രമിക്കുകയാണ്. സ്ത്രീ വ്യക്തി എന്ന നിലയിലും സമൂഹമെന്ന നിലയിലും സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക മണ്ഡലങ്ങളിൽ തന്റെ വ്യക്തിത്വം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന ഒരു സവിശേഷചരിത്ര മുഹൂർത്തത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഈ പുതിയ പ്രവണതയുടെ അലയൊലികൾ ചെറിയ തോതിലെങ്കിലും നമ്മുടെ പഞ്ചായത്തിലും ദൃശ്യമാണ്.

കാൽ നൂറ്റാണ്ടിനു മുമ്പുതന്നെ, തങ്ങളുടെ പുരുഷന്മാർ വേട്ടയാടപ്പെട്ടപ്പോൾ ജനാധിപത്യ ധ്വംസനത്തിനും പോലീസ് ഭീകരതയ്കുമെതിരെ സ്ത്രീകളുടെ മാത്രമായ ചെറുത്തു നിൽപ്പിന്റെ പാരമ്പര്യം നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾക്കവകാശപ്പെട്ടതാണ്. അത്തരമൊരു ധീരമായ പാരമ്പര്യത്തിനുടമകളായ പുതിയ തലമുറ സ്ത്രീവിമോചനത്തിന്റെ പുതിയ മാനങ്ങളിലേക്കുയരേണ്ടതുണ്ട്. കേരളത്തിലെ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ പുരുഷന്മാരോടൊപ്പം സജീവമായ പങ്കാളിത്തം വഹിച്ചുകൊണ്ട് സമൂഹ്യ പ്രവർത്തനങ്ങളിൽ നിർണ്ണായകമായ സംഭാവന നൽകുവാൻ തങ്ങൾക്കു കഴിയുമെന്ന് നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ തെളിയിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമത്തിൽ സ്ത്രീകൾക്ക് അംഗത്വത്തിലും പ്രസിഡണ്ട് പദവിയിലും മുന്നിലൊന്നു ഭാഗം സംവരണം ചെയ്തോടെ സ്ത്രീ സമൂഹത്തിനനുകൂലമാം വിധം ഒട്ടേറെ പുതിയ സാധ്യതൾ തുറക്കപ്പെട്ടിരിക്കുന്നു. ഈ സാധ്യതകളെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താവാൻ കഴിയേണ്ടതുണ്ട്.

1991ലെ കാനേഷുമാരി പ്രകാരം ബാലുശ്ശേരി ഗ്രാമ

പഞ്ചായത്തിൽ 12141 സ്ത്രീകളും 11972 പുരുഷന്മാരും ഉണ്ട്. മൊത്തം ജനസംഖ്യയുടെ 50.35% സ്ത്രീകളാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ അൽപം കുറവാണ്. ആകെ സ്ത്രീകളുടെ 14% പട്ടികജാതിയിൽപെട്ടവരാണ്. സാമ്പത്തികമേഖലയിലും തൊഴിൽ മേഖലയിലും സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. പ്രസ്തുത മേഖലകളിലെ സ്ത്രീകളുടെ നിലവിലുള്ള അവസ്ഥ താഴെകൊടുക്കുന്ന പട്ടിക വ്യക്തമാക്കുന്നു

അവലംമ്പം 1991 സെൻസസ് റിപ്പോർട്ട്

തൊഴിൽ മേഖല	സ്ത്രീ	പുരുഷൻ
കർഷകർ	15	295
കർഷകത്തൊഴിലാളി	152	607
മൃഗസംരക്ഷണം	36	662
കാറി-ചെങ്കൽ തുടങ്ങിയവ	115	192
ചെറുകിട സംരംഭങ്ങൾ	135	488
നിർമ്മാണം	54	429
കച്ചവടം	25	934
ഗതാഗതം, വാർത്താവിനിമയം	33	549
മറ്റുമേഖല	706	1433

മുകളിൽ കാണിച്ച കണക്കുകളിൽ നിന്നും വ്യക്തമാക്കുന്നത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 6%ത്തിൽ താഴെയാണെന്നാണ്. കൃഷിഭൂമി കൈകാര്യം ചെയ്യൽ, കച്ചവടം തുടങ്ങിയ സാമ്പത്തിക മേഖലകളിൽ സ്തീകളുടെ ആദൃശ്യത വളരെ പ്രകടമാണ്. കർഷകതൊഴിൽ മേഖലകളിലും കാറികളിലെ കല്ലുടയ്ക്കൽ തൊഴിലുകളിലും നിർമ്മാണത്തൊഴിൽ മേഖലകളിലും ദരിദ്രജന വിഭാഗത്തിൽപെട്ട സ്ത്രീകൾ കൂടുതലായി ജോലിചെയ്യുന്നു. ഇടത്തരം ധനിക വീടുകളിലെ സാമ്പത്തിക വരുമാനത്തിൽ ആ വിഭാഗങ്ങളിലെ സ്ത്രീകൾ നിർണായകമായ പങ്കുവഹിക്കാതിരിക്കുമ്പോൾ ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകൾ അവരുടെ കുടുംബത്തിലെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിൽ മുഖ്യപങ്കുവഹിക്കുന്നു. മൃഗസംരക്ഷണത്തിലേർപ്പെട്ടിരിക്കുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളായിരിക്കേ ഗൃഹനാഥന്മാർ പുരുഷന്മാരായതിനാൽ ഈ ജോലിയിലേർപ്പെട്ടിരിക്കുന്നവരിൽ കൂടുതലും പുരുഷന്മാരാണെന്നാണ് സെൻസസ് റിപ്പോർട്ടുകളിൽ പറഞ്ഞിരിക്കുന്നത്. തൊഴിൽ രഹിതരെന്ന് പൊതുവെ പറയപ്പെടുന്ന സ്ത്രീകളും കുടംബത്തിൽ നിർവഹിക്കുന്ന ജോലി ഗണ്യമാണ്. പക്ഷെ, ഈ ജോലിയുടെ മൂല്യം സമൂഹത്തിൽ പരിഗണിക്കപ്പെടാതെ പോകുന്നു. ഇടത്തരം സമ്പന്ന കുടുംബങ്ങളിൽ സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ളവയുടെ എണ്ണം വളരെ പരിമിതമാണ്. സ്ത്രീകൾ കുടുംബ വരുമാനത്തിൽ മുഖ്യ പങ്കുവഹിക്കുന്ന കുടംബങ്ങളിൽ പോലും കുടുംബ നാഥന്മാർ പുരുഷന്മാരാണ്. ദൂരസ്ഥലങ്ങളിൽ ജോലി ചെയ്യുന്ന പുരുഷന്മാർ ഈ പഞ്ചായത്തിൽ നിരവധിയാണ്. അവരുടെ കുടുംബത്തിന്റെ സാമ്പത്തിക നടത്തിപ്പുകൾ നല്ല രീതിയിൽ നിർവഹിക്കുന്നത് സ്ത്രീകളാണ്. അനിവാര്യമായ ഘടകങ്ങളിൽ ജീവിതത്തിന്റെ സമസ്തമേഖലകളിലും നേതൃത്വപരമായ പങ്കുനിർവ്വഹിക്കുവാൻ സ്ത്രീകൾക്ക് കഴിയുമെന്നതിന് തെളിവാണിത്.

പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള 2058 കുടുംബങ്ങളിൽ 428 കുടുംബങ്ങളുടെ നേതൃത്വം സ്ത്രീകൾക്കാണ്. ഇവരിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും കാറി-നിർമ്മാണ തൊഴിൽ മേഖലകളിലേർപ്പെട്ടിരിക്കുന്നവരുമാണ്. പരമ്പരാഗത കൈത്തൊഴിൽ മേഖലകളിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് അനുദിനം തൊഴിൽ നഷ്ടപ്പെടുകൊണ്ടിരിക്കുന്ന അവസ്ഥയുണ്ട്. ഓട, കൈതയോല, തുടങ്ങിയ അസംസ്കൃത വസ്തുകളുടെ ക്ഷാമം, നിർമ്മിത വസ്തുകളുടെ വിപണിയുടെ പ്രശ്നം തുടങ്ങിയവ ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. തൊഴിലെടുക്കുന്ന സ്ത്രീകൾ ബഹുമുഖങ്ങളായ ചൂഷണങ്ങൾക്കു വിധേയരാകുന്നു. കൂലിയിലുള്ള സ്ത്രീപുരുഷ അന്തരം എല്ലാ മേഖലയിലും ദൃശ്യമാണ്. കാർഷിക മേഖലയിയും നിർമ്മാണത്തൊഴിൽ മേഖലയിലും സ്ത്രീ തൊഴിലാളികൾക്ക് കിട്ടുന്ന കൂലിയുടെ ഇരട്ടിയോളം പുരുഷന്മാർക്ക് ലഭിക്കുന്നുണ്ട്. കഠിനവും സാഹസികവുമായ ജോലികളിൽ പോലും ഈ അന്തരം നിലനിൽക്കുന്നു. കാർഷിക മേഖലയിലെ തകർച്ചകാരണം കഠിനമായ തൊഴിലുകളിലേക്ക് മാറേണ്ടിവരുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. പലരംഗങ്ങളിലും സംഘടിത സ്ത്രീതൊഴിലാളി യൂണിയൻ ഇല്ല എന്നത് ഒരു പ്രധാന പ്രശ്നമാണ്. കഴിഞ്ഞ 5 വർഷത്തിൽ 63 പേർക്കു വിധവാപെൻഷൻ ലഭിച്ചതായി കണക്കുകൾ കാണിക്കുന്നു. പെൻഷനു അർഹതയുണ്ടായിട്ടും സാങ്കേതിക കാരണങ്ങളാൽ പെൻഷൻ ലഭിക്കാതെ പോകുന്നവർ ധാരാളമുണ്ട്. പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ട് എന്ന ഒറ്റ കാരണത്താൽ (തൊഴിൽ രഹിതരായാൽ പോലും) പെൻഷൻ നിഷേധിക്കുന്ന സ്ഥിതി ഒഴിവാക്കപ്പെടേണ്ടതാണ്.

ആശുപത്രികളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ രോഗാതുരത സ്ത്രീകളിൽ പൊതുവെ കൂടുതലാണെന്ന് കാണുന്നു. പട്ടികജാതിക്കാരുടെ ഇടയിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരു

ടേതിനേക്കാൾ കുറവാണെന്നത് സ്ത്രീകൾക്കനുകൂലമല്ലാത്ത ഒരു സൂചനയാണ്. പുകവലി, മദ്യപാനം, മറ്റു ലഹരി വസ്തുകളുടെ ഉപയോഗം എന്നീ ശീലങ്ങൾക്ക് വിധേയരല്ലെങ്കിലും രോഗാതുരതാ നിരക്കിന്റെ വർദ്ധനവ് എന്തുകൊണ്ടാണ് എന്നത് ഗൗരവമായ പഠനത്തിനു വിധേയമാകേണ്ടതുണ്ട്. സാക്ഷരതാരംഗത്ത് പുരുഷന്മാരേക്കാൾ പിന്നോക്കമാണ്. സ്ത്രീകൾ 10174 പുരുഷന്മാർ സാക്ഷരരായിരിക്കുമ്പോൾ സ്ത്രീകളുടെ എണ്ണം 9557 ആണ് എൽ.പി, യു.പി. വിഭാഗങ്ങളിൽ പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ കുറവാണെങ്കിലും ഹൈസ്കൂളുകളിൽ പെൺകുട്ടികളാണ് കൂടുതൽ, കോളേജ് തലത്തിൽ പെൺക്കുട്ടികളുടെ എണ്ണം. ആൺകുട്ടികളേക്കാൾ കൂടുതലാണ്. പത്താം ക്ലാസ്സ് കഴിയുന്നതോടെ ആൺകുട്ടികൾ വൈവിധ്യമാർന്ന മേഖലകളിലേക്ക് തിരിയുമ്പോൾ ഇതര സാധ്യതകൾ കുറവായതിനാൽ പെൺകുട്ടികൾ പഠനം തുടരുന്നതാവാം ഇതിനു ഒരു കാരണം. വിവാഹം വരെ പഠനം തുടരുക എന്ന ഒരു പ്രവണത പൊതുവെ വളർന്നിട്ടുണ്ട്.

പഞ്ചായത്തിൽ 27 അങ്കണവാടികളുണ്ട്. അങ്കണവാടി ജീവനക്കാരുടെ വേതനം ജോലിഭാരവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ തുച്ഛമാണ്. മഹിളാ സമൃദ്ധിയോജന ദേശീയസമ്പാദ്യപദ്ധിതി തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനവും ഇവർ നിർവഹിക്കേണ്ടിവരുന്നു. ഭാരിച്ച ഉത്തരവാദിത്വമുള്ള പലവിധ സർവേകളും നടത്തേണ്ട ബാധ്യതയും ഇവർക്കാണ്. കുട്ടികളെ പരിചരിക്കേണ്ടുന്നതിനെക്കുറിച്ച് വേണ്ടത്ര ശാസ്ത്രീയമായ പരിശീലനം ലഭിച്ചിട്ടില്ലാത്തവരാണ് അങ്കണവാടികളിലെ ഹെൽപർമാർ, ജോലിഭാരം കൂടുതലായതുകൊണ്ട് അങ്കണവാടി ജീവനക്കാർക്ക് കുട്ടികളെ വേണ്ടപോലെ ശ്രദ്ധിക്കാൻ കഴിയുന്നില്ല.

സാംസ്കാരികരംഗത്ത് സ്ത്രീകളുടെ സജീവമായ ഇടപെടൽ പൊതുവെ നടക്കുന്നില്ല. അഭ്യസ്തവിദ്യരായ പെൺകുട്ടികൾ സാമൂഹ്യരാഷ്ട്രീയ മേഖലകളിലേക്ക് കടന്നുവരുന്നതിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. സാമൂഹ്യ രാഷ്ട്രീയ മേഖലകളിൽ താല്പര്യം കാണിക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗവും സെക്കണ്ടറി തലം വരെ വിദ്യാഭ്യാസം ചെയ്തവരാണ്. സ്ത്രീകൾക്കിടയിലുള്ള വായനാശീലം കുറവും ഉള്ള വായന തന്നെ താഴ്ന്ന നിലവാരത്തിലുള്ളതുമാണ്. ഗ്രന്ഥാലയങ്ങളെയും വായനശാലകളെയും സ്ത്രീകൾ വേണ്ടത്ര ഉപയോഗിക്കുന്നില്ല. പുതിയ തലമുറ വിദ്യാഭ്യാസ കാര്യങ്ങളിൽ കൂടുതൽ താല്പര്യം കാണിക്കുന്നുണ്ടെങ്കിലും അതിനനുസൃതമാം വിധം സാമൂഹ്യ സാംസ്കാരിക കാര്യങ്ങളിൽ ഇടപെടുന്നില്ല. നിലവിലുള്ള വിദ്യാഭ്യാസ വീക്ഷണത്തിൽപോലും സ്ത്രീവിരുദ്ധ ഉള്ളടക്കം നിലനില്ക്കുന്നു എന്ന യാഥാർത്ഥ്യം ഇതിനൊരു കാരണമാണ്. എങ്കിലും സ്ത്രീപുരുഷ സമത്വത്തിന്റെയും സ്ത്രീവിമോചനത്തിന്റെയും പുത്തൻ ആശയങ്ങൾ സ്വാംശീകരിക്കാനുള്ള പ്രവണത സ്ത്രീകൾക്കിടയിലുണ്ട്. ഇത്തരം ഉണർവ്വിന്റെ ലക്ഷണങ്ങൾ കാണിക്കുമ്പോൾ തന്നെ സ്ത്രീകൾക്കെതിരെയുള്ള കടന്നാക്രമണങ്ങൾ വർദ്ധിക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള കടന്നാക്രമണങ്ങളിൽ പൊലീസിന്റെ അനാസ്ഥ പൊതുവെ പ്രകടമാണ്. മദ്യപാനത്തിന്റെ ദുരിതം ഏറെ അനുഭവിക്കുന്നത് സ്ത്രീകളാണ്. ഗ്രാമസഭാ ചർച്ചകളിൽ സമ്പൂർണ മദ്യനിരോധനം സ്ത്രീകൾ പൊതുവെ ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ രാഷ്ട്രീയപാർട്ടി നേതൃത്വങ്ങളിൽ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങളിലേർപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീസംഘടനകൾ പഞ്ചായത്തിലുണ്ട്. സ്ത്രീകളുടെ വായനാശീലവും കൂട്ടായ്മയും വളർത്തിയെടുക്കുവാൻ സ്ത്രീകളുടെ സ്വന്തമായ വായനശാലകൾ വേണമെന്ന് ഗ്രാമസഭകളിൽ നിന്നും ആവശ്യങ്ങളുയർന്നിട്ടുണ്ട്.

പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിൽ സംരഭങ്ങൾ

ഗ്രാമീണ വനിതാ ശിശു വികസന പരിപാടി (DWCRA)യുടെ കീഴിൽ മൂന്നു യൂനിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 9-ാം വാർഡിലെ കുന്നഞ്ചേരി പ്രദേശത്തുള്ള സ്ത്രീകൾ താല്പര്യമെടുത്ത് രൂപീകരിച്ച് പ്രവർത്തിക്കുന്ന കുട നിർമ്മാണ യൂനിറ്റ് അവയിലൊന്നാണ്. ഈ യൂനിറ്റ് നേരിടുന്ന പ്രധാന പ്രശ്നം വിപണിയുടേതാണ്. കാഞ്ഞിക്കാവിൽ രജിസ്ട്രേഷനുള്ള ഭക്ഷ്യസംസ്കരണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസംസ്കരണ യൂനിറ്റാണ് രണ്ടാമത്തേത്. കരിങ്കല്ലുടയ്ക്കുന്ന മറ്റൊരു യൂനിറ്റുകൂടി പഞ്ചായത്തിലുണ്ട്. ഒരു വനിതാ സോപ്പുനിർമ്മാണ യൂനിറ്റ് ഒന്നാം വാർഡിലെ തുരുത്യാടിൽ ആരംഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതു പുനരാരംഭിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. കാഞ്ഞിക്കാവ്, കോക്കല്ലൂർ, മുതുവത്ത്, എരമംഗലം എന്നിവിടങ്ങളിൽ നാല് ഖാദി യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മുഴുവൻ തൊഴിലാളികളും സ്ത്രീകളാണ്. ഇവിടെ വേതനം വളരെ തുച്ഛമാണ്.

പ്രശ്നങ്ങൾ

1. സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകൾ നേതൃപദവിയിലേക്കെത്തുന്നില്ല.

2. സമൂഹത്തിൽ സ്ത്രീപക്ഷ വീക്ഷണമില്ലായ്മ.

3. വർദ്ധിക്കുന്ന സ്ത്രീപീഡനങ്ങൾ.

4. സ്ത്രീപീഡനപ്രശ്നങ്ങളിൽ പോലീസിന്റെ ജാഗ്രതയില്ലായ്മ.

5. നീലച്ചിത്രങ്ങളുടെ വ്യാപനം.

6. വായനാശീലത്തിന്റെ കുറവും നിലവാരമില്ലായ്മയും.

7. സ്ത്രീതൊഴിലാളുടെ പ്രശ്നങ്ങളോടുള്ള അവഗണന.

8. തൊഴിൽ മേഖലയിലെ ചൂഷണങ്ങൾ.

9. കൂലിയിലെ അന്തരം.

10. സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അധ്യാപികമാരുടെയും സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെയും വ്യാപാരസ്ഥാപനങ്ങളിലെ സ്ത്രീതൊഴിലാളികളുടെയും പ്രശ്നങ്ങൾ.

11. അങ്കണവാടികളുടെ പ്രവർത്തന വൈകല്യങ്ങൾ.

12. ഹൈസ്കൂൾ, പാരലൽ കോളേജ് എന്നിവിടങ്ങളിൽ മൂത്രപ്പുരകളുടെയും ജലലഭ്യതയുടെയും അപര്യാപ്തത.

13. അടുപ്പുകളുടെ അശാസ്ത്രീയത.

14. വ്യവസായം, വ്യാപാരം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കാനുള്ള വിമുഖത.

15. ഖാദി മേഖലയിലെ തൊഴിലാളികളുടെ വേതനക്കുറവ്.

16. പരമ്പരാഗത കൈത്തൊഴിലുകാർ നേരിടുന്ന അസംസ്കൃത വസ്തുക്കളുടെയും വിപണനത്തിന്റെ പ്രശ്നങ്ങൾ.

17. അങ്കണവാടി ജീവനക്കാരുടെ ജോലിഭാരം.

സാധ്യതകൾ

1. സ്ത്രീകളുടെ സാമൂഹ്യരാഷ്ട്രീയപദവി ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക.

2. സ്ത്രീപീഡനത്തിനെതിരെ വിപുലമായ ചെറുത്തുനില്പ് സംഘടിപ്പിക്കുക.

3. സാംസ്കാരിക മേഖലകളിൽ ഇടപെടുകയും സ്ത്രീകളുടെ സ്വന്തമായ വായനശാലകൾ ആരംഭിക്കുകയും ചെയ്യുക.

4. ഗ്രാമീണ ശിശുവികസനപരിപാടിയുമായി ബന്ധപ്പെട്ടും മറ്റു സാമൂഹ്യക്ഷേമപദ്ധതികളെ ഉപയോഗപ്പെടുത്തിയും പുതിയ വ്യവസായസംരഭങ്ങൾ ആരംഭിക്കുക. (കവർ, ബേഗ്, നോട്ടുപുസ്തകം, പലഹാരം, അച്ചാർ, റെഡിമെയ്ഡ് വസ്ത്രങ്ങൾ എന്നിവയുടെ നിർമാണം.)

5. കൈത, ഓട മുതലായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള തൊഴിൽ സാധ്യതകൾ കണ്ടെത്തുക.

6. സ്ത്രീകളുടെ വ്യാവസായിക സംരഭങ്ങൾക്ക് നേതൃത്വം കൊടുക്കാൻ വനിതാസഹകരണസംഘങ്ങൾ രൂപീകരിക്കുക.

7. പഞ്ചായത്ത് തലത്തിൽ വിവിധ പരിശീലന പരിപാടികൾ ആവിഷ്കരിക്കുക. (ഓട്ടോറിക്ഷാ ഡ്രൈവിംഗ്, സൈക്കിൾ റൈഡിംഗ്, ഡിസൈനിംഗ്, കരാട്ടെ തുടങ്ങിയവ)

8. പുക കുറഞ്ഞ അടുപ്പ് പ്രചരിപ്പിക്കുക.

9. സ്കൂളുകളിലും കോളേജുകളിലും സാനിറ്ററിങ് സൗകര്യം ഏർപ്പെടുത്തുക.

10. സ്ത്രീകൾക്ക് സർക്കാർ, അർദ്ധസർക്കാർ മേഖലകളിൽ സംവരണം ഏർപ്പെടുത്തുക.

11. സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തുക.

12. നിലവിലുള്ള സ്ത്രീകളുടെ വ്യവസായ യൂനിറ്റുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

13. പ്രസവാവധി വർദ്ധിപ്പിക്കുക.

14. പാർലമെന്റ്-നിയമസഭകളിൽ 33% സംവരണ മേർപ്പെടുത്തുക.

15. പഞ്ചായത്ത് തലത്തിൽ ലീഗൽ സെൽ രൂപീകരിക്കുക.

16. വിവിധ മഹിളാ സംഘടനകളെയും സമാജങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് തലത്തിൽ വനിതാഫോറം രൂപീകരിക്കുക.

17. ബഹുജനസംഘടനകളുടെ നിയമാവലി വനിതാപങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിൽ ഭേദഗതി വരുത്തുക.



എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടേയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലാതാനും

മഹാത്മാഗാന്ധി



സഹകരണമേഖല

നാടിന്റെ വികസനപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാന പങ്കുവഹിക്കാൻ കഴിയുന്ന ഒരു മേഖലയാണ് സഹകരണം. തൊഴിൽപരവും സാമ്പത്തികവുമായ ഉന്നമനത്തിനായി സമത്വത്തിന്റെ അടിസ്ഥാനത്തിൽ സ്വമേധയാ ജനങ്ങൾ ഒരുമിച്ച് ചേർന്നു പ്രവർത്തിക്കുന്ന സംഘടനകളാണ് സഹകരണ സംഘങ്ങൾ. ആസൂത്രിതമായ പുരോഗതിയിൽ ഈ സഹകരണസംഘങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്. മറ്റിന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം സഹകരണമേഖലയിൽ വൻമുന്നേറ്റം നടത്തിയിട്ടുണ്ട്. കാർഷിക-വ്യാവസായിക വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെല്ലാം സഹകരണമേഖലയുടെ സജീവ സാന്നിദ്ധ്യം ദൃശ്യമാണ്. തൊഴിൽ മേഖലയിൽ ഒരു വിസ്മയം പോലെ തലയുയർത്തി നിൽക്കുന്ന കേരളാ ദിനേശ് ബീഡി സഹകരണ സംഘവും സാഹിത്യപ്രസാധക രംഗത്ത് പ്രവർത്തിക്കുന്ന സാഹിത്യപ്രവർത്തക സഹകരണസ്ഥാപനവുമുൾപ്പടെ സവിശേഷതയാർന്ന നിരവധി സഹകരണസ്ഥാപനങ്ങൾ കൊണ്ട് സമ്പന്നമാണ് കേരളത്തിലെ സഹകരണമേഖല. നമ്മുടെ സംസ്ഥാനത്ത് സഹകരണമേഖലയിലുണ്ടായ വൻ മുന്നേറ്റത്തിനൊപ്പമെത്താൻ നമ്മുടെ പഞ്ചായത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. മോശമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന ഏതാനും സഹകരണസംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കാര്യക്ഷമമായ നേതൃത്വവും ജനപങ്കാളിത്തവും വ്യക്തമായ ദിശാബോധവുമുള്ള സംഘങ്ങൾ താരതമ്യേന നല്ല രീതിയിൽ തന്നെ പ്രവർത്തിച്ചു മുന്നോട്ടു പോകുന്നുണ്ട്. ആസൂത്രിതമായി സംഘടിപ്പിച്ചാൽ ഏറെ വിജയസാധ്യതയുള്ള ഒട്ടേറെ സഹകരണ സ്ഥാപനങ്ങൾക്ക് സാധ്യതയുള്ള ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്.

സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് തന്നെ ബാലുശ്ശേരി പഞ്ചായത്തിൽ ചില സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവന്നിരുന്നു. വിവിധോദ്ദേശ്യ ഐക്യനാണയ സംഘം എന്ന പേരിൽ കൃഷിക്കാരെ സഹായിക്കാനുള്ള ഒരു സംഘത്തിന്റെ രൂപത്തിലാണ് നമ്മുടെ പഞ്ചായത്തിൽ ഇതിനു വിത്തു പാകപ്പെട്ടത്. പിന്നീട് രണ്ടാം ലോകമഹായുദ്ധകാലത്ത് പി.സി. സൊസൈറ്റി എന്ന പേരിൽ (ഇപ്പോഴത്തെ റീജനൽ ബേങ്ക്) ഒരു സഹകരണസംഘം രൂപീകരിക്കുതമായി. ഇന്ന് നമ്മുടെ പഞ്ചായത്തിൽ 12 സഹകരണ സ്ഥാപനങ്ങളുണ്ട്. ഇതിൽ 4 വായ്പാ സഹകരണസംഘങ്ങളും 6 വായ്പേതരസംഘങ്ങളുമുൾപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

വായ്പാസഹകരണസംഘങ്ങൾ

1. കൊയിലാണ്ടി താലൂക്ക് കാർഷിക വികസന ബേങ്ക് - ബാലുശ്ശേരി
2. റീജനൽ കോ-ഓപ്പറേറ്റീവ് ബാങ്ക് - ബാലുശ്ശേരി
3. അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക് - ബാലുശ്ശേരി
4. കെ.ഡി.സി. ബേങ്ക് - ബാലുശ്ശേരി ബ്രാഞ്ച്

വായ്പേതര സഹകരണസംഘങ്ങൾ

1. എരമംഗലം ക്ഷീരോല്പാദകസഹകരണസംഘം
2. തുരുത്യാട് ക്ഷീരോല്പാദകസഹകരണസംഘം
3. ബാലുശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘം
4. ബാലുശ്ശേരി വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
5. ദേശബന്ധു പ്രിന്റിംഗ് ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്) കോ-ഓപ്പ് സൊസൈറ്റി ബാലുശ്ശേരി.
6. ബാലുശ്ശേരി പട്ടികജാതി സർവ്വീസ് സഹകരണ സംഘം.

ബാലുശ്ശേരി ടൗൺ കേന്ദ്രമായി പ്രവർത്തിക്കുന്ന 4

ബാങ്കുകളാണ് നമ്മുടെ പഞ്ചായത്തിലെ വായ്പാ സഹകരണസംഘങ്ങൾ. 1974-ൽ കൊയിലാണ്ടി താലൂക്ക് പരിധിയിൽ ആരംഭിച്ച ഭൂപണയബാങ്ക് ആണ് ഇപ്പോഴത്തെ കൊയിലാണ്ടി താലൂക്ക് കാർഷിക വികസനബാങ്ക്. വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന് ഈ ബേങ്കിന് പേരാമ്പ്രയിൽ ഒരു ശാഖയും കൊയിലാണ്ടിയിലും കൂരാച്ചുണ്ടിലും ഓരോ സബ് ഓഫീസുകളും ഉണ്ട്. ഏകദേശം ഒന്നരക്കോടി അംഗീകൃത ഓഹരി മൂലധനമുള്ള ബേങ്ക് ഉടനെത്തന്നെ കൂരാച്ചുണ്ടിൽ ഒരു ശാഖ ആരംഭിക്കാനുള്ള ശ്രമത്തിലാണ്. നമ്മുടെ പഞ്ചായത്തിലെ കർഷകർ കാർഷികാവശ്യങ്ങൾക്കുള്ള വായ്പയ്ക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ഈ ബേങ്കിനെയാണ്. 95-96 വർഷത്തിൽ നമ്മുടെ പഞ്ചായത്തിലെ കൃഷിക്കാർക്ക് ഏകദേശം 32 ലക്ഷത്തിൽ പരം രൂപ ഈ ബേങ്ക് വായ്പയായി നൽകിയിട്ടുണ്ട്.

1959-ൽ ആരംഭിച്ച ബാലുശ്ശേരി റീജനൽ കോ-ഓപ്പറേറ്റീവ് ബേങ്കിൽ ഇപ്പോൾ 4334 അംഗങ്ങളുണ്ട്. 30 ലക്ഷം രൂപയോളം അംഗീകൃത ഓഹരരിമൂലധനമുള്ള ബേങ്ക് കാർഷിക വായ്പകളും നിരവധി കാർഷികേതര വായ്പകളും നൽകുന്നുണ്ട്. 95-96 വർഷത്തിൽ ഈ ബേങ്ക് ഏകദേശം 7 ലക്ഷത്തിൽപ്പരം രൂപ കാർഷികവായ്പയായും 68 ലക്ഷത്തിലധികം രൂപ മറ്റ് വായ്പകളായും നൽകിയിട്ടുണ്ട്. വായ്പകൾ നൽകുന്നതിനുപുറമെ കൃഷിക്കാർക്കാവശ്യമായ രാസവളം കീടനാശിനി എന്നിവയും ഈ ബേങ്ക് വിതരണം ചെയ്യുന്നുണ്ട്. ഏതാനും ചിട്ടികളും ഈ ബേങ്കു നടത്തുന്നുണ്ട്. ബേങ്കിന്റെ ആഭിമുഖ്യത്തിൽ ഒരു സ്റ്റോറും (ജയന്തിസ്റ്റോർ) നടത്തുന്നുണ്ട്.

ഇപ്പോൾ 24950 അംഗങ്ങളുള്ള ബാലുശ്ശേരി അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക് 1952-ലാണ് ആരംഭിച്ചത്. 10 ലക്ഷം രൂപ അംഗീകൃതോഹരി മൂലധനമുള്ള ഈ ബാങ്ക് 114 ലക്ഷം രൂപയോളം വായ്പ നൽകിയിട്ടുണ്ട്. ഈ രണ്ടു ബാങ്കിനും പഞ്ചായത്തിനു പുറത്തും പ്രവർത്തനപരിധിയുണ്ട്. കോഴിക്കോട് ജില്ലാസഹകരണബാങ്കിന്റെ ഒരു ശാഖയും ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ബാങ്കിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നിരവധി ലോണുകൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാണ്.

പഞ്ചായത്തിൽ മൂന്ന് ക്ഷീരോൽപാദക സഹകരണസംഘങ്ങളുണ്ട്. മൂന്നിലും കൂടി 500 ലിറ്ററിലധികം പാൽ ശേഖരിക്കുന്നുണ്ട്. ഇതിൽ ഏകദേശം 75 ലിറ്റ റോളം പാൽ പ്രതിദിനം പഞ്ചായത്തിൽത്തന്നെ വിൽക്കപ്പെടുകയും ബാക്കി പുറത്തേക്കയക്കപ്പെടുകയുമാണ് ചെയ്യുന്നത്. ഏരമംഗലത്തും തുരുത്യാടുമുള്ള സംഘത്തിൽ നിന്ന് കാലിത്തീറ്റ നൽകുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ ക്ഷീരോൽപാദനത്തിന്റെ അളവും സാധ്യതയും പരിശോധിക്കുമ്പോൾ ഈ സംഘങ്ങളുടെ സംഭരണശേഷിയും എണ്ണവും വളരെ അപര്യാപ്തമാണ്.

ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘം 1979-ലാണ് ആരംഭിച്ചത്. 1372 അംഗങ്ങളുള്ള സംഘത്തിൽ സർക്കാർ ഓഹരിയായി 60100 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനമായി 2626 രൂപയുമാണുള്ളത്. സംഘം പട്ടികജാതി വിദ്യാർത്ഥികൾക്ക് ടൈപ്പ് റൈറ്റിംഗ് പരിശീലനം നൽകുന്നുണ്ട്. നേരത്തെ വിവിധങ്ങളായ വായ്പകൾ പട്ടികജാതിക്കാർക്കായി നൽകിയിരുന്നെങ്കിലും അവ തിരിച്ചടക്കപ്പെടാത്തതിനാൽ പിന്നീട് വായ്പ നൽകുന്നത് നിർത്തിയിരിക്കുകയാണ്. പട്ടികജാതി ക്ഷേമ വിഷയത്തിൽ കൂടുതൽ ശ്രദ്ധയാവശ്യമുള്ള ഒരു സഹകരണ സ്ഥാപനമാണിത്.

1974-ൽ ആരംഭിച്ച. ദേശബന്ധു പ്രിന്റിംഗ് ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയിൽ 125 അംഗങ്ങളുണ്ട്. 20900 രൂപ സർക്കാർ ഓഹരിയും 29100 രൂപ പിരിഞ്ഞു കിട്ടിയ ഓഹരമൂലധനത്തോടെയുമാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ഓഹരി ഉടമകളിൽ 6 പേർ സ്ഥാപനത്തിലെ തൊഴിലാളികളാണ്. 90% ഓഹരിക്കാർക്കും തൊഴിൽ നൽകുന്ന സംഘങ്ങൾക്കേ സർക്കാർ സഹായം ലഭിക്കൂ എന്ന നിലവിലുള്ള നിയമം കാരണം ഇപ്പോൾ സ്ഥാപനത്തിന് സർക്കാരിൽ നിന്ന് ഒരു സാമ്പത്തിക സഹായവും ലഭിക്കുന്നില്ല.

431 അംഗങ്ങൾ ഓഹരിക്കാരായിട്ടുള്ള ബാലുശ്ശേരി വീവേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി 1947-ലാണ് ആരംഭിച്ചത്. 15,62,600 രൂപയുടെ സർക്കാർ ഓഹരികളും 8,07,290 രൂപ പിരിഞ്ഞു കിട്ടിയ ഓഹരി. മൂലധനവുമുള്ള സ്ഥാപനം നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത കൈത്തറി മേഖലയിലുള്ള ഏക സഹകരണ സ്ഥാപനമാണ്. ഈ രംഗത്ത് തൊഴിൽ ചെയ്യാൻ സാധിക്കുന്നവരുടെ എണ്ണം കണക്കിലെടുത്താൽ ഇതുപോലുള്ള കൂടുതൽ സ്ഥാപനങ്ങൾക്കുള്ള സാധ്യത പരിശോധിക്കപ്പെടേണ്ടതാണ്. റിബേറ്റ് ഇനത്തിൽ 30 ലക്ഷം രൂപയോളം സർക്കാരിൽ നിന്ന് ലഭിക്കാൻ കുടിശ്ശികയുള്ളതിനാൽ സ്ഥാപനം ലോണിനുവേണ്ടി മറ്റു ധനകാര്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയുണ്ട്. ഇത്തരം പ്രശ്നങ്ങളെല്ലാമുണ്ടെങ്കിലും താരതമ്യേന മോശമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണിത്.

പ്രശ്നങ്ങൾ

1. വായ്പാസഹകരണസംഘങ്ങളിൽ നിന്നുള്ള വായ്പകൾ യഥാസമയം തിരിച്ചടയ്ക്കപ്പെടാതെ വൻകുടിശ്ശിക വരുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനം പ്രതിസന്ധിയിലാക്കുന്നു.

2. തെറ്റായ മാനേജ്മെന്റ് കാരണം ചില സംഘങ്ങൾ തകർന്നു പോകുന്നു.

3. പുതിയ പ്രവർത്തനങ്ങളിലേർപ്പെടാനുള്ള ധൈര്യമില്ലായ്മ.

4. നാടൻ പലിശക്കാർ വ്യാപകമാവുന്നത് സഹകരണസ്ഥാപനങ്ങളെ ബാധിക്കുന്നു.

5. ക്ഷീരസഹകരണസംഘങ്ങൽ നമ്മുടെ പഞ്ചായത്തിലെ പാലുല്പാദനത്തിന്റെ അളവ് വർദ്ധിപ്പിക്കാനും ഉള്ളവ സംഭരിക്കാനും പര്യാപ്തമല്ല.

സാധ്യതകൾ

1. ക്ഷീര സഹകരണണ സംഘങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ ആരംഭിക്കാം.

2. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ ഏതാനും കൺസ്യൂമർ സഹകരണ സ്റ്റോറുകൾ ആരംഭിക്കുക.

തൊഴിലാളികളുടെ ഒരു സഹകരണസംഘം രൂപീകരിച്ച് അംഗങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി വിവിധ ജോലികൾ ഏറ്റെടുത്തു നടത്താൻ കഴിയുന്ന ഒരു ലേബർ-കോൺട്രാക്റ്റ് സൊസൈറ്റി ആരംഭിക്കാം.

പാലുല്പന്നങ്ങൾ ഉണ്ടാക്കുന്നതിൽ പരിശീലനം നേടിയ കുറേ യുവതികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരൊന്നിച്ച് ഒരു സംഘം രൂപീകരിച്ച് പാലുല്പന്നങ്ങൾ നിർമിക്കുന്ന ഒരു സ്ഥാപനം തുടങ്ങാം.

കാർഷികരംഗത്തുള്ള ഉല്പന്നങ്ങളുടെ വിപണനത്തിന് ഒരു മാർക്കറ്റിംഗ് സൊസൈറ്റി തുടങ്ങാം.

ആരോഗ്യരംഗത്ത് ബാലുശ്ശേരി CHC ഒഴികെ കാര്യമായ ആശുപത്രികളൊന്നും ബാലുശ്ശേരിയിലില്ല. ഒരു സഹകരണാശുപത്രി ബാലുശ്ശേരിയിൽ തുടങ്ങുന്നതിന് എല്ലാ സാധ്യതകളുമുണ്ട്.

വനിതാസഹകരണ സംഘങ്ങൾ രൂപീകരിച്ച് ചെറുകിട വ്യവസായ സംരഭങ്ങൾ ഹോട്ടൽ, സ്റ്റേഷനറി എന്നിവ തുടങ്ങാം.

നമ്മുടെ പരമ്പരാഗത കൈത്തൊഴിൽ മേഖലകളായ കൈത്തറി, കയർ, പായ നെയ്ത്ത്, തുടങ്ങിയ സഹകരണസംരഭങ്ങൾ തുടങ്ങാം.

സഹകരണമേഖലയിൽ ഒരു കോളേജും പ്രീ-എക്സാമിനേഷൻ കോച്ചിംഗ് സെന്ററും ആരംഭിക്കാം.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

സാമൂഹ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും വളർന്നു കൊണ്ടിരിക്കുന്ന ഉപഭോഗ സംസ്കാരത്തിന്റെയും വികസനത്തിലെ അസന്തുലിതാവസ്ഥയുടെയും സമസ്തഭാരവും താങ്ങേണ്ടിവരുന്നത് ദരിദ്രരും ദുർബ്ബലരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗമാണ്. ജോലി ചെയ്യുവാൻ മാത്രമറിയുന്നതും നടത്തിപ്പിന്റെ ബാലപാഠങ്ങൾ അഭ്യസിച്ചിട്ടില്ലാത്തവരുമാണ് ഈ വിഭാഗത്തിലെ ഭൂരിപക്ഷം ജനങ്ങളും. അതുകൊണ്ടു തന്നെ, വികസന-ക്ഷേമ പ്രവർത്തനങ്ങളുടെ വലിയ ഒരു പങ്ക് ഇവരുടെ ഉന്നമനത്തിനായി ഈ ഗ്രാമപഞ്ചായത്തിലും നീക്കി വെക്കേണ്ടിയിരിക്കുന്നു. ഏകദേശം 25% പദ്ധതി വിഹിതമെങ്കിലും ഇതിനായി നീക്കിവെക്കേണ്ടി വരും. അങ്ങനെ ചെയ്യുന്നത് സാമൂഹ്യനീതി എല്ലാ തുറകളിലും ഉറപ്പുവരുത്താനുള്ള ഒരു കാൽവെപ്പായിരിക്കും.

പട്ടിവർഗ്ഗവിഭാഗത്തിൽപ്പെട്ട ജനങ്ങൾ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലില്ല. പുലയൻ, കള്ളാടി, പറയൻ, കരിമ്പാലൻ, പാണർ, പരവൻ, മണ്ണാൻ, പെരുമണ്ണാൻ, വണ്ണാൻ എന്നീ ജാതികളിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങളാണ് ഈ പഞ്ചായത്തിലുള്ളത് 1991-ലെ സെൻസസ് പ്രകാരം ഇവരുടെ ജനസംഖ്യ 3472 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 14.39% വരും. ഇവരിൽ മിക്കവരും ദാരിദ്ര്യരേഖയ്ക്കു ചുവടെയുള്ളവരാണ്. 1992- ലെ ഐ.ആർ.ഡി.പി. സർവ്വെപ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ അർഹരെന്നു കണ്ടെത്തിയ 225 പട്ടികജാതി കുടുംബങ്ങളിൽ 186 പേർക്ക് ഇതുവരെയായി ഐ.ആർ.ഡി.പി. വായ്പ നൽകുവാൻ സാധിച്ചിട്ടുണ്ട്. പക്ഷെ, അങ്ങനെ ലഭിച്ച തൊഴിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുതകിയില്ല എന്നു തന്നെ പറയാം. 1996-ൽ വീണ്ടും നടന്ന സർവ്വെയിൽ ദാരിദ്ര്യരേഖയ്ക്കു താഴെ പുതുതായി 176 കുടുംബങ്ങൾ കൂടി ഉള്ളതായി കണ്ടെത്തി.

1992-ൽ നടന്ന ഭവന സർവ്വെ പ്രകാരം 127 പട്ടികജാതി കുടുംബങ്ങൾ ഭവനരഹിതരാണ്. യഥാർത്ഥ കണക്ക് ഇതിന്റെ ഇരട്ടിയായിരിക്കും.

വിദ്യാഭ്യാസനിലവാരത്തിലും ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർ മറ്റു സമുദായങ്ങളുടെ പിന്നിലാണ്. 1996 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ പഞ്ചായത്തിലെ പൊതു വിജയശതമാനം 36 ആയിരുന്നു. പട്ടികജാതി വിദ്യാർത്ഥികളുടെ ഇടയിൽ വെറും 22ഉം. ഈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്നു സ്വകാര്യ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലും പട്ടികജാതിക്കാർ പഠിക്കുന്നില്ല. ഉന്നത വിദ്യാഭ്യാസരംഗം പരിശോധിച്ചാൽ സ്ഥിതി കൂടുതൽ പരിതാപകരമാണെന്നു കാണാം. അപൂർവ്വമെങ്കിലും, ചില പ്രദേശങ്ങളിൽ ചില പട്ടികജാതി വിദ്യാർത്ഥികൾ എൽ.പി./യു.പി. തലം കഴിഞ്ഞാൽ ഗാർഹിക സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം തുടർന്നു പഠിക്കാത്ത സ്ഥിതിയുമുണ്ട്.

സാമൂഹ്യമായ ഉച്ചനീചത്വങ്ങളൊന്നും ഈ പഞ്ചായത്തിൽ പ്രകടമല്ല. ചായക്കട നടത്തുന്ന രണ്ടു പേർ, അങ്കണവാടി വർക്കർമാർ, മോട്ടോർ തൊഴിലാളികൾ, മുതലായ വിവിധ മേഖലകളിൽ പട്ടികജാതിക്കാരുടെ പ്രാതിനിദ്ധ്യമുണ്ട്. പൊതുവെ, കെട്ടിനിർമ്മാണം, കാർഷികവൃത്തി എന്നിവയിൽത്തന്നെയാണ് കൂടുതൽ പേരും വ്യാപരിക്കുന്നത്. ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മെറ്റൽ യൂനിറ്റ് എന്നിവ നടത്തുന്ന ഒരു പട്ടികജാതി സഹകരണസംഘവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സർവ്വാദരണീയരായ കലാകാരന്മാരും ഇവർക്കിടയിലുണ്ട്. ഡൽഹി ഏഷ്യാഡിൽ തെയ്യം അവതരിപ്പിച്ച കലാകാരന്മാർ ഈ പഞ്ചായത്തിന്റെ അഭിമാനമാണ്. ഇന്നും ചാരുതയോടെ നിലനിൽക്കുന്ന നിരവധി ആദികലാരൂപങ്ങളും ശ്രദ്ധേയമാണ്.

സവിശേഷമായ ശ്രദ്ധ പതിയേണ്ട മറ്റൊരു രംഗമാണ് പട്ടികജാതിക്കാരുടെ ആരോഗ്യപരിരക്ഷ. ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പുരുഷസ്ത്രീ അനുപാതം

മൊത്തത്തിൽ 1000:1014 ആണെങ്കിലും പട്ടികജാതിക്കാരുടെ ഇടയിൽ ഇത് 1000:977 ആണ്. ഈ വൈപരീത്യം നൽകുന്ന സൂചനകൾ കൂടുതൽ പഠനം അർഹിക്കുന്നു. ഈ മേഖലയിൽ ഊന്നൽ നൽകേണ്ടതിന്റെ ആവശ്യത്തെ ഇത് അടിവരയിടുകയും ചെയ്യുന്നു.

പട്ടികജാതിക്കാർ കൂട്ടമായി താമസിക്കുന്ന 17 അംഗീകൃത കോളനികൾ ഈ പഞ്ചായത്തിലുണ്ട്. പ്രസ്തുത കോളനികളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതുണ്ട്. 70 ശതമാനം കോളനികളിലും ശുദ്ധജലം ലഭ്യമല്ല. മലമുകളിലാണ് മിക്ക കോളനികളും സ്ഥിതിചെയ്യുന്നത് എന്നത് സമസ്ത മേഖലകളിലുമുള്ള അവരുടെ പ്രശ്നങ്ങൾ രൂക്ഷതരമാക്കുന്നു. ഒരു കി.മീ. ദൂരം വരെ ചെങ്കുത്തായ വഴികളിലൂടെ നടന്ന് വെള്ളം എത്തിക്കേണ്ട അവസ്ഥയാണ് വേനൽക്കാലത്ത് പല കോളനികളിലുമുള്ളത്. സമീപകാലത്തൊന്നും വൈദ്യുതീകരിക്കപ്പെടാൻ സാധിക്കാത്ത വിധം ഒറ്റപ്പെട്ടവയാണ് ചില കോളനികൾ. അംഗീകൃത കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളെ കാണിക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

കോളനിയുടെ പേര്	വെള്ളം	വൈദ്യുതി	റോഡ്
1. ചെകിടൻ മല	ഇല്ല	ഇല്ല	ഇല്ല
2. ചുള്ളിയുള്ള മല	ഇല്ല	ഇല്ല	ഇല്ല
3. എടക്കുടി	ഇല്ല	ഭാഗികം	ഇല്ല
4. കോട്ടുക്കുന്നുമ്മൽ IHDP 92-93	ഇല്ല	ഭാഗികം	ഉണ്ട്
5. ഒറക്കുനിമല	ഇല്ല	ഇല്ല	ഇല്ല
6. വെള്ളച്ചാൽ	ഇല്ല	ഭാഗികം	ഉണ്ട്
7. കൂവ്വക്കാട്ടുമ്മൽ IHDP 95-96	ഇല്ല	ഇല്ല	ഉണ്ട്
8. തിയ്യച്ചാൽ	ഇല്ല	ഉണ്ട്	ഭാഗികം
9. കോണങ്കോട്ടുമല	ഭാഗികം	ഉണ്ട്	ഇല്ല.
10. തഞ്ചാലക്കുന്നുമ്മൽ	ഇല്ല	ഉണ്ട്	ഉണ്ട്
11. പാണ്ടിക്കോത്തുമീത്തൽ	ഭാഗികം	ഇല്ല	ഇല്ല
12. നമ്പിടിപറമ്പത്ത്	ഭാഗികം	ഉണ്ട്	ഉണ്ട്
13. ഞാട്ടിപ്പാറക്കൽ	ഭാഗികം	ഉണ്ട്	ഉണ്ട്
14. മുല്ലൊളിത്തറമ്മൽ	ഉണ്ട്	ഉണ്ട്	ഉണ്ട്
15. എരമംഗലം കോളനി	ഉണ്ട്	ഉണ്ട്	ഉണ്ട്
16. തരിപ്പാക്കുനിമല	ഇല്ല	ഇല്ല	ഇല്ല
17. ചന്ദനം കണ്ടിത്താഴ	ഭാഗികം	ഉണ്ട്	ഉണ്ട്.

നടപ്പു പദ്ധതികളുടെ അവലോകനം

1991-96 കാലയളവിൽ വിവിധ സർക്കാർ വകുപ്പുകൾ മുഖാന്തരം താഴെ പറയുന്ന സഹായങ്ങൾ അനുവദിച്ചിട്ടുണ്ട്.

1. വീടുകൾക്കുള്ള ധനസഹായം	: 76 പേർക്ക്
2. ജലസേചനകിണറുകൾ	: 8 പേർക്ക്
3. ഓടുമേയന്നതിനുള്ള സഹായം	: 11 പേർക്ക്
4. കക്കൂസ് നിർമ്മാണത്തിന്	: 50 പേർക്ക്
5. ഐ.ആർ.ഡി.പി. വായ്പ	: 186 പേർക്ക്
6. ഡി.ഡബ്ല്യൂ.സി.ആർ.എ. (വനിതാ യൂനിറ്റുകളിൽ)	: 23 പേർക്ക്

7. ഐ.എച്ച്.ഡി.പി. (വിവിധ ഡിപ്പാർട്ടുമെന്റുകളിലൂടെ നടപ്പിലാക്കിയ പദ്ധതികളുടെ പൂർണ്ണവിവരം ലഭ്യമല്ല.)

പദ്ധതികളുടെ നടത്തിപ്പും ലക്ഷ്യപ്രാപ്തിയും പരിശോധിക്കുമ്പോൾ വ്യക്തിഗത ഗ്രാന്റുകൾ മാത്രമാണ് ഒരു പരിധിവരെ നിർദ്ദിഷ്ട രീതിയാൽ ഉപയോഗിക്കാൻ കഴിയുന്നുള്ളൂ എന്നു കാണുന്നു. അതേസമയം ഐ.എച്ച്.ഡി.പി. കോളനികളിൽ നൽകുന്ന വീടുകൾ പല കാരണങ്ങളാലും കൃത്യസമയത്തു പൂർത്തിയാക്കാൻ പറ്റുന്നില്ല. നിശ്ചിതത്തുക ഓരോ വകുപ്പും ഐ.എച്ച്.ഡി.പിയിൽ ചെലവഴിക്കണമെന്നതിനാൽ പദ്ധതികൾ ചിലത് അനാവശ്യവും ചിലത് വികലവുമാവുകയാണ്. പല വകുപ്പുകളും പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നില്ല എന്നും കാണുന്നു. വിവിധ വകുപ്പുകൾ ഒരേ ആവശ്യത്തിനു നൽകുന്ന ധനസഹായം വ്യത്യസ്ത തോതിലും നിബന്ധനകളിലുമുള്ളതാണെന്ന കാര്യം ഗുണഭോക്താക്കൾക്ക് ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. പട്ടികജാതിക്കാർ സാമൂഹ്യസാമ്പത്തിക മേഖലകളിൽ ഇതരവിഭാഗക്കാരേക്കാൾ പിന്നിലാണ്.

2. പട്ടികജാതിക്കോളനികളിൽ പലതിലും വേനലിൽ ജലക്ഷാമം രൂക്ഷമാണ്. മറ്റു അടിസ്ഥാന സൗകര്യങ്ങളുമില്ല.

3. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 200ഓളം കുടുംബങ്ങൾക്കു വീടില്ല. അത്രയും തന്നെ പേർക്ക് സ്വന്തം സ്ഥലവുമില്ല.

4. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളെ സംബന്ധിച്ച ഉപദേശം നൽകുന്നതിനും പദ്ധതി നടത്തിപ്പിൽ സഹായിക്കാനുമുള്ള സൗകര്യങ്ങൾ കുറവാണ്.

5. പഠനനിലവാരം മോശമാണ്.

6. 8,9 വാർഡുകളിൽ എൽ.പി./യു.പി. കഴിഞ്ഞാൽ ഗാർഹികപ്രശ്നങ്ങൾ കാരണം പഠിപ്പവസാനിപ്പിക്കുന്ന വിദ്യാർത്ഥികളുണ്ട്.

7. മിച്ചഭൂമി (എരമംഗലം) കോളനിയിൽ ആരും

താമസിക്കാത്തതും കൃഷി ചെയ്യാത്തതുമായ സ്ഥലം തരിശായിക്കിടക്കുന്നുണ്ട്.

8. എരമംഗലം ഭാഗത്തെ പട്ടികജാതി കോളനികളിലുള്ള നീരുറവ സംരക്ഷിക്കാൻ പദ്ധതികളില്ല.

9. പൊതുശ്മശാനം ഇല്ല.

സാധ്യതകൾ

1. പട്ടികജാതിക്കാരുടെ സാമൂഹ്യ-സാമ്പത്തിക രാഷ്ട്രീയ പിന്നോക്കാവസ്ഥയെ പരിഹരിക്കാൻ തീവ്ര ശ്രമം നടത്തുക.

2. എല്ലാ പട്ടികജാതി കോളനികളിലേയും കുടുംബങ്ങൾക്ക് 200 മീറ്ററിനകത്ത് ശുദ്ധജലം എത്തിക്കുവാൻ പദ്ധതിയുണ്ടാക്കുക.

3. കോളനികളിലെ എല്ലാ പൊതു കിണറുകളും ടേപ്പുകളും നന്നാക്കുക.

4. ചെലവുകുറഞ്ഞ ഭവനനിർമ്മാണ സാമഗ്രികളും, നിർമ്മാണ രീതികളും പ്രോത്സാഹിപ്പിക്കുക.

5. ഭവനനിർമ്മാണ ധനസഹായം ഏറ്റവും ദരിദ്രർക്കായി നൽകുകയും മറ്റുള്ളവർക്ക് സബ്സിഡിയോടു കൂടിയ വായ്പ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുയും ചെയ്യുക.

6. 3-4 മീറ്റർ വീതിയുള്ള വാഹനഗതാഗത സൗകര്യമുള്ള വഴികൾ എല്ലാ കോളനികളിലേക്കുമുണ്ടാക്കുക.

7. ലക്ഷംവീടുകൾ അറ്റകുറ്റപണി നടത്തുക.

8. വായ്പാപദ്ധതികൾ, ക്ഷേമപദ്ധതികൾ എന്നിവയെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നതിന് ഒരു ഏജൻസിയുണ്ടാക്കുക.

9. കല്ലുടക്കൽ മുതലായ ജോലികൾ കൂട്ടമായി ചെയ്യുന്ന പ്രദേശങ്ങളിൽ 'ക്രഷ്' മാതിരിയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. കൊഴിഞ്ഞുപോക്ക് തടയുവാൻ സ്കൂൾ കോംപ്ലക്സ് പരിപാടിയുടെ കീഴിൽ ശക്തമായ നടപടികൾ കൈക്കൊള്ളുക.

11. പട്ടികജാതി വികസന ക്ഷേമപ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു സ്ഥിരം സമിതിയുണ്ടാക്കുക.

12. പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് 25% എങ്കിലും പട്ടികജാതി വികസനത്തിനായി ചെലവഴിക്കുക. അതിലൂടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക.

13. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് സാധനങ്ങൾ വാങ്ങുന്നതിനും വിറ്റഴിക്കുന്നതിനും അനുബന്ധസൗകര്യങ്ങളേർപ്പെടുത്തുന്നതിനും ശ്രദ്ധിക്കുക.

14. സമീപകാലത്തൊന്നും വൈദ്യുതി എത്താൻ സാധ്യതയില്ലാത്ത കോളനികളിൽ IREP വഴി സൂര്യറാന്തലുകൾ വിതരണം ചെയ്യുക.

15. മത്സരപരീക്ഷകൾക്ക് പട്ടികജാതി വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിന് ഒരു പരിശീലന കേന്ദ്രം തുടങ്ങുക.

16. ശ്മശാന സൗകര്യം ഏർപ്പെടുത്തുക.

വിഭവ

സമാഹരണം

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ധാരാളം നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിന് സ്വരൂപിക്കാൻ കഴിയുന്ന വിഭവത്തെ ആശ്രയിച്ചാണ് ഈ നിർദ്ദേശങ്ങൾ പ്രസക്തമാവുന്നത്. പദ്ധതി വിഹിതം എത്രതന്നെ വലിയാതയാലും സമഗ്രവികസനത്തിന് പര്യാപ്തമാവില്ല. മുഴുവൻ ഗ്രാമസഭകളും ഇക്കാര്യത്തിൽ ഏകാഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഇതൊരു പുതിയ തിരിച്ചറിവും കാഴ്ചപ്പാടുമാണ്. പ്രയോജനകരമായ ഗുണഫലങ്ങളിലേക്ക് ഈ തിരിച്ചറിവ് നമ്മെ നയിക്കുമെന്ന് പ്രത്യാശിക്കാം.

ജനങ്ങളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ എല്ലാ വികസന പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തേണ്ടത് പഞ്ചായത്തിന്റെ ബാധ്യതയാണ്. റോഡുകൾ, ശുദ്ധജലം, കക്കൂസുകൾ മൂത്രപുരകൾ, അഴുക്കുചാലുകൾ, ആരോഗ്യസംരക്ഷണ നടപടികൾ, കൃഷി, മൃഗസംരക്ഷണം എന്നിവയുടെ പ്രോത്സാഹനം, പൊതു ഗ്രന്ഥാലയങ്ങൾ, വായനശാലകൾ, സാമൂഹ്യ വിജ്ഞാന വിനോദ കേന്ദ്രങ്ങൾ, കുടുംബക്ഷേമം ശിശുപരിപാലനം, നിരക്ഷരതാ നിർമ്മാർജനം സാമൂഹ്യ വനവൽക്കരണം, പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കാനുള്ള ആദായകരമായ ഉദ്യമങ്ങൾ തുടങ്ങിയവ ഇവയിൽപെടും. ഇവയുടെയെല്ലാം നടത്തിപ്പിനാവശ്യമായ വിഭവശേഷി പഞ്ചായത്ത് തന്നെ കണ്ടെത്തേണ്ടതായിട്ടുണ്ട്.

വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ തരംതിരിച്ചിട്ടുണ്ട്. ബാലുശ്ശേരി ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്.

പഞ്ചായത്തുകളുടെ ദൈനം ദിന ഭരണചെലവുകൾക്കും വികസന പ്രവർത്തനങ്ങൾക്കും മറ്റുമാവശ്യമായ പണം എങ്ങനെ, എവിടെനിന്ന്, എപ്പോഴെല്ലാം സമാഹരിക്കുന്നു, ഇങ്ങനെ സമാഹരിക്കുന്ന തുക എന്തിനൊക്കെ എങ്ങനെ ചെലവഴിക്കുന്നു, പഞ്ചായത്തുകൾക്ക് സ്വന്തം നിലയ്ക്ക് ചെലവഴിക്കാനുള്ള പരിധി, കൂടുതൽ സംഖ്യ ആവശ്യമുള്ള ചെലവുകൾക്ക് ആരുടെയെല്ലാം അനുമതി ആവശ്യമാണ് തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുന്നത് വിഭവസമാഹരണവുമായി ബന്ധപ്പെട്ട ചർച്ച നടത്തുമ്പോൾ ആവശ്യമാണ്.

പ്രതിമാസം 1000 ക വരെയുള്ള അംഗീകൃത ആവർത്തന ചെലവുകളും 10,000 ക വരെയുള്ള അനാവർത്തന ചെലവുകളും അംഗീകൃതമായ മാനദണ്ഡങ്ങൾക്ക് വിധേയമായി പഞ്ചായത്ത് ഭരണ സമിതിക്ക് വിനിയോഗിക്കാൻ അധികാരമുണ്ട്.

കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദ നികുതി തുടങ്ങിയ വിവിധ നികുതികൾ, പഞ്ചായത്ത് വക കെട്ടിടങ്ങൾ, ബസ്റ്റാന്റ് പുറമ്പോക്ക് മുതലായവയിൽ നിന്ന് ലഭിക്കുന്ന ആദായം, വസ്തു കൈമാറ്റ നികുതി- അടിസ്ഥാന നികുതി ഗ്രാന്റ് ഗവർമെണ്ടിൽ നിന്ന് പൊതു ആവശ്യങ്ങൾക്കും, പ്രത്യേക ആവശ്യങ്ങൾക്കായും ലഭിക്കുന്ന ഗ്രാന്റ്, നിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന പലിശ തുടങ്ങിയവയാണ്. പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ.

കൂടാതെ ജവഹർ തൊഴിൽ ദാന പദ്ധതി ഉപാധി രഹിത ഫണ്ട്. പട്ടികജാതി- പട്ടികവർഗകാർക്കായുള്ള പ്രത്യേക ഫണ്ട് എന്നിവയും പഞ്ചായത്തുകൾക്ക് ലഭിച്ചു വരുന്നു.

കെട്ടിടനികുതി

കെട്ടിട നികുതിയാണ് പഞ്ചായത്തിന്റെ വരുമാന മാർഗങ്ങളിൽ പ്രധാനമായത്. 1962 ലെ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണ് കെട്ടിട നികുതി ചുമത്തുന്നതും പിരിച്ചെടുക്കുന്നതും. ഒരു കെട്ടിടത്തിന് ലഭിക്കുന്ന യഥാർത്ഥ വാർഷിക വാടകയുടെയോ, അല്ലെങ്കിൽ ലഭിക്കാവുന്ന വാർഷിക വാടകയുടെയോ 10% സംരക്ഷണ ചിലവിലേക്ക് നീക്കിവെച്ച് ബാക്കി തുകയുടെ 6% മുതൽ 10% വരെ

യാണ് നികുതി ചുമത്തുന്നത്. ബാലുശ്ശേരി പഞ്ചായത്തിൽ ഇപ്പോൾ 6% മാണ് ഈടാക്കുന്നത്. ഇതിനോടൊപ്പം ലൈബ്രറി സെസ്സും ഉണ്ട്.

ബാലുശ്ശേരി പഞ്ചായത്തിൽ നിലവിലുള്ള 7195 കെട്ടിടങ്ങളിൽ 5000ത്തോളം കെട്ടിടങ്ങൾക്ക് ഇപ്രകാരം നികുതി ചുമത്തിയിട്ടുണ്ട്. കുടിലുകൾക്കും മറ്റും നികുതി ഒഴിവ് അനുവദിച്ചിട്ടുണ്ട്. കെട്ടിട നികുതി ഇനത്തിൽ പഞ്ചായത്തിന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയിലധികമാണ്. പുതിയ കെട്ടടങ്ങൾ വരുന്നതു മൂലം വർഷം തോറും ശരാശരി 15000 രൂപയുടെ വർദ്ധന ലഭിക്കുന്നുണ്ട്.

1984ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും,വികസിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങണം. കെട്ടിട നിർമ്മാണാനുമതിക്കുള്ള ഫീസിനിത്തിൽ 1995-96ൽ ഏതാണ്ട് 27000 രൂപയോളം വാർഷിക വരുമാനമുണ്ട്.

തൊഴിൽ നികുതി

ശമ്പളം പറ്റി തൊഴിലെടുക്കുന്നവർ, കച്ചവടം, കൃഷി, വ്യവസായം തുടങ്ങിയവയിൽ നിന്നും സ്ഥിരമായി വരുമാനം ലഭിക്കുന്നവർ എന്നിവരിൽ നിന്നും മറ്റും ഗവർമെണ്ട് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിവരുന്നു. അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാത്തകാലം പഞ്ചായത്ത് പ്രദേശത്ത് തൊഴിലെടുക്കുന്നവരെല്ലാം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഇനത്തിൽ 1995-96ൽ പഞ്ചായത്തിന്റെ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ അധികം വരും.

വിനോദ നികുതി

പഞ്ചായത്ത് പ്രദേശങ്ങളിൽ വെച്ച് നടത്തുന്ന സിനിമ, നാടകം, സർക്കസ് തുടങ്ങിയ വിവിധ വിനോദ പരിപാടികൾക്ക് ടിക്കറ്റ് വഴി പ്രവേശന ഫീസ് ഈടാക്കി കാണികളെ പ്രവേശിപ്പിക്കുന്ന പക്ഷം കാഴ്ച നികുതി, വിനോദ നികുതി എന്നിവ നൽകേണ്ടതുണ്ട്. സിനിമാ പ്രദർശനങ്ങൾക്ക് ടിക്കറ്റ് നിരക്കിന്റെ 18% വിനോദ നികുതിയും വിനോദനികുതിയുടെ 60% അധിക വിനോദ നികുതിയും ഒരു പ്രദർശനത്തിന് 3 രൂപ നിരക്കിൽ കാഴ്ച നികുതിയും ഈടാക്കി വരുന്നു. വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് 4 ലക്ഷത്തോളം രൂപയും, അധിക വിനോദ നികുതി ഇനത്തിൽ 2.5 ലക്ഷത്തോളം രൂപയും ലഭിക്കുന്നുണ്ട്.

മറ്റിനങ്ങൾ

ആപൽക്കരവും അസഹ്യവുമായ വ്യവസായങ്ങൾക്കുള്ള ലൈസൻസ് ചട്ടങ്ങളും മായം ചേർക്കൽ നിരോധന നിയമ പ്രകാരമുള്ള ചട്ടങ്ങളും പ്രകാരം മുൻകൂർ അനുമതി ലഭിച്ചശേഷം മാത്രമെ പഞ്ചായത്ത് പ്രദേശത്ത് കച്ചവടം, വ്യവസായം തൊഴിൽ ശാലകൾ എന്നിവ ആരംഭിക്കാൻ പാടുള്ളൂ. ഇങ്ങനെയുള്ള അനുമതി നൽകുന്നത് വഴി 95-96 വർഷത്തിൽ 20000 രൂപയോളം വരുമാനം ലഭിച്ചിട്ടുണ്ട്.

പഞ്ചായത്ത് ബസ്റ്റാന്റിൽ ഫീസ് പിരിക്കാനുള്ള അവകാളം ലേലം ചെയ്ത് കൊടുക്കുന്നതുവഴി 321900 രൂപയും വ്യാപാര കേന്ദ്രത്തിലെ മുറികളുടെ വാടകയിനത്തിൽ ഏതാണ്ട് 60,000 രൂപയും വർഷത്തിൽ ലഭിച്ചുവരുന്നു.

പഞ്ചായത്ത് പ്രദേശത്ത് നടക്കുന്ന വസ്തു വഹകളുടെ ക്രയവിക്രയ ഫീസിന്റെ വിഹിതമായി കഴിഞ്ഞ വർഷം 125000 രൂപയോളം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് പ്രദേശത്ത് നിന്നും പിരിച്ചെടുക്കുന്ന അടിസ്ഥാന നികുതി വിഹിതമായി 40000 രൂപയോളം പഞ്ചായത്തിന് ലഭിക്കും. ഇത് സമയാസമയങ്ങളിൽ ലഭിക്കാറില്ല.

പഞ്ചായത്ത് റോഡുകൾ, ചെറുകിട ജല സേചനപദ്ധതികൾ എന്നിവയുടെ അറ്റകുറ്റ പണികൾ, ശുദ്ധജല വിതരണം, അഴുക്കുചാലുകൾ, തെരുവുവിളക്കുകൾ തുടങ്ങിയവയുടെ ആവശ്യങ്ങൾക്കും മറ്റുമായി ഗവർമെണ്ടിൽ നിന്നും വർഷം തോറും ഗ്രാന്റുകൾ ലഭിക്കുന്നുണ്ട്. പൊതു ആവശ്യങ്ങൾക്കും, പ്രത്യേകാവശ്യങ്ങൾക്കും ഒരു ലക്ഷത്തോളം രൂപ ഗ്രാന്റായി വർഷത്തിൽ അനുവദിക്കുന്നുണ്ട്. പ്രത്യേക ഘടകപദ്ധതിയനുസരിച്ചുള്ള പ്രവർത്തികൾക്കും പട്ടികജാതിക്കാർക്കുമാത്രമായുള്ള വികസന പ്രവർത്തനങ്ങൾക്കും 1.75 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ജവാഹർ തൊഴിൽ ദാന പദ്ധതി അനുസരിച്ചുള്ള പ്രവർത്തികൾക്ക് 6 ലക്ഷത്തോളം രൂപയാണ് ലഭിച്ചത്. പഞ്ചായത്തിന്റെ വാർഷിക വരുമാനത്തിൽ 8 ലക്ഷത്തോളം രൂപ ഭരണ നിർവ്വഹണത്തിനായി ചെലവഴിക്കുന്നു. ജീവനക്കാരുടെ വേതനം, ലീവ് പെൻഷൻ ആനുകൂല്യങ്ങൾ, ഭരണ സമിതി അംഗങ്ങളുടെയും പ്രസിഡണ്ടിന്റെയും അലവൻസുകൾ തപാൽ ചെലവ്, ടെലഫോൺ, സ്റ്റേഷനറി എന്നിവയാണ് പ്രധാനമായും ഈ ഇനത്തിൽ പെടുന്നത്.

2 ലക്ഷത്തോളം രൂപ ശുദ്ധ ജല വിതരണത്തിനും ശുചീകരണത്തിനും പൊതുജനാരോഗ്യപ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കുന്നു. തെരുവുവിളക്കുകൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 60000 ത്തിലധികം രൂപ ചെലവഴിച്ചു പഞ്ചായത്ത് വായനശാലയിലേക്കും മറ്റ് സന്നദ്ധസംഘടനകൾ നടത്തുന്ന വായന

ശാലകളിലേക്കും പത്രമാസികകൾ വിതരണം ചെയ്യുന്ന വകയിലും വിദ്യാർത്ഥികൾക്ക പ്രോത്സാഹന സമ്മാനം നൽകുന്നതിനും വർഷത്തിൽ അരലക്ഷത്തോളും രൂപ ചെലവഴിക്കുന്നു.

കാർഷിക -വ്യാവസായിക മേഖലകളിൽ അനുഭവപ്പെടുന്ന നിശ്ചലത നമ്മുടെ പ്രധാന പ്രതിസന്ധിയാണ്. വലിയ വ്യവസായ സ്ഥാപനങ്ങൾ ഒന്നും ബാലുശ്ശേരിയിലില്ല. ചെറുകിട വ്യവസായ യൂനിറ്റുകളാവട്ടെ നിലനിന്നുപോകുന്നുവെന്നുമാത്രം. കാർഷിക രംഗത്തും വ്യാവസായിക രംഗത്തും മുന്നേറ്റം നടത്തികൊണ്ടു മാത്രമെ വിഭവസമാഹരണത്തിന് പുതിയ മാർഗങ്ങൾ കണ്ടെത്താൻ കഴിയൂ.

അതിനാൽ പ്രധാനപ്പെട്ട ഇത്തരം മേഖലകളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

വിവേചന രഹിതമായി ഗ്രാന്റുകൾ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യണം. അതാത് സമയത്ത്, പിരിച്ചെടുക്കുന്ന മേഖലയിൽ നിന്നുതന്നെ നേരിട്ട് ഗ്രാന്റ് നൽകാൻ തയ്യാറാവണം. പലപ്പോഴും ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് പല ഗ്രാന്റുകളും ലഭിക്കുന്നത്. ഇത് ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നു. ഗ്രാന്റുകളുടെ നീതിപൂർവ്വമായ വിതരണത്തിന് മാനദണ്ഡം ഉറപ്പുവരുത്തുന്നത് അനുപേക്ഷണീയമാണ്.

നികുതി പിരിവിൽ കഴിഞ്ഞ സാമ്പത്തിക വർഷം 95% ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടുണ്ട്. പിരിഞ്ഞുകിട്ടിയ നികുതിയുടെ 60% ഭരണ നിർവ്വഹണത്തിനും കറന്റ് ചാർജ്, വാട്ടർ ചാർജ്ജ്, വാടക, എന്നിവയ്ക്കുമായി ഉപയോഗിക്കേണ്ടി വന്നതിനാൽ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് തികയാതെ ബുദ്ധിമുട്ടുന്ന സ്ഥിതിയാണുള്ളത് (പട്ടിക കാണുക)

ഏതെല്ലാം ഇനങ്ങളിൽ വരുമാനം വർദ്ധിപ്പിക്കാം, ഏതെല്ലാം മേഖലകളിൽ നിന്നും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്താം എന്നിവയെക്കുറിച്ച് വിശദമായ പരിശോധന നടത്തേണ്ടതാണ്. ഇതൊടൊപ്പം ഏതെല്ലാം മേഖലകളിൽ കൂടുതൽ തുക ചെലവഴിക്കപ്പെടുന്നു എന്നതും ചർച്ച ചെയ്യപ്പെടണം. ഭരണ ചെലവുകൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തുക ചെലവിട്ടിരിക്കുന്നത് പൊതുമരാമത്ത് രംഗത്താണെന്ന് കാണാം (പട്ടിക കാണുക)

ജനപങ്കാളിത്തത്തോടു കൂടിയ വികസനമാണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം. ഭരണക്രമത്തിൽ ജനപങ്കാളിത്തമുണ്ടായാൽ മാത്രമെ ജനാധിപത്യം യാഥാർത്ഥ്യമാവുകയുള്ളൂ. ജനപങ്കാളിത്തം രാഷ്ട്രീയ പ്രക്രിയയെ ആരോഗ്യകരമാക്കുന്നതു കൂടാതെ വിഭവസമാഹരണത്തിനുള്ള പുതിയ സ്രോതസ്സുകളും തന്ത്രങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നു.

ജനപങ്കാളിത്തവും വിഭവസമാഹരണവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ പരസ്പര പൂരകങ്ങളാണ്.

ജനകീയ ആസൂത്രണ പ്രസ്ഥാനം ശക്തിപ്പെട്ടതോടുകൂടി ജനങ്ങളുടെ പ്രതീക്ഷ വളരെ വർദ്ധിച്ചിരിക്കുകയാണ്. ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനുവേണ്ടി പഞ്ചായത്തുകളിലൂടെ കൂടുതൽ തുക ലഭ്യമാക്കുക എന്നതാണ് പരക്കെയുള്ള ധാരണ.

വിഭവ സമാഹരണം എന്നാൽ മുകളിൽ നിന്ന് കൂടുതൽ തുക ലഭ്യമാക്കുകയാണെന്ന ധാരണ തിരുത്തുവാൻ ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്. സംസ്ഥാന സർക്കാരുകൾക്കും പഞ്ചായത്തുകൾക്കും ജനങ്ങളിൽ നിന്നും പിരിച്ചെടുക്കാവുന്ന തുകയ്ക്ക് ഒരു പരിധിയുണ്ടെന്നും ഈ പരിധി എത്രതന്നെ ഉയർത്തിയാലും ആവശ്യങ്ങളുടെ ഒരു ഭാഗം പോലും നിറവേറ്റുവാൻ പര്യാപ്തമാവുകയില്ലെന്നും ഉള്ള വസ്തുത മനസ്സിലാക്കേണ്ടതുണ്ട്. ഇക്കാര്യം അംഗീകരിച്ചുകൊണ്ട് പണമായിട്ടല്ലാതെ മറ്റു രൂപത്തിലുള്ള വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുകയാണ് വേണ്ടത്. അതൊടൊപ്പം പരമ്പരാഗതമായി ചെലവു ചെയ്തുകൊണ്ടിരിക്കുന്ന ചിലതരം പ്രവർത്തനങ്ങൾ നടത്തുവാൻ ബദൽ രീതികൾ കണ്ടെത്തിക്കൊണ്ട് ആ തുക പുതിയ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് തിരിച്ചു വിടുകയും ചെയ്യണം.

ഈ സമീപനങ്ങളിലൂടെ ഒരു പുതിയ വികസന സംസ്കാരം ഉരുത്തിരിയുമ്പോഴാണ് ജനപങ്കാളിത്തവും വിഭവ സമാഹരണവും യാഥാർത്ഥ്യമാവുന്നത്.

പഞ്ചായത്തുകൾ ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്നത് റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമാണെന്ന് നാം കണ്ടു കഴിഞ്ഞു. ഗ്രാമങ്ങളിൽ ലഭ്യമായ മനുഷ്യ പ്രയത്നം റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനും ഉപയോഗിക്കുവാൻ ഫലവത്തായ പരിപാടികൾ ആവിഷ്കരിച്ചാൽ ഇതിനു വേണ്ടി ഇന്നു മുടക്കുന്ന തുകയുടെ ഗണ്യമായ ഒരു ഭാഗം ലാഭിക്കുവാൻ നമുക്ക കഴിയും.

ഇതൊടൊപ്പം ടാർ റോഡുകളുടെ നിർമ്മാണത്തിന്റെ മുൻഗണ ഉപഭോക്താക്കളിൽ നിന്നും ഒരു നിശ്ചിത ശതമാനം സംഭാവന ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായി വന്നാൽ റോഡുകളുടെ വികസനത്തിന്റെ കാര്യത്തിൽ അധിക വിഭവ സമാഹരണം നടത്തി മുന്നേറ്റം നടത്താൻ സാധിക്കും.

1995-96 പഞ്ചായത്ത വരവ് സംബന്ധമായ പട്ടിക

പട്ടിക 1

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
കെട്ടടനികുതി	315654.00	303389.00	12265.00
തൊഴിൽ നികുതി	270850.00	268950.00	1900.00
വിനോദ നികുതി	397065.00	397065.00	-
അഡി. വിനോദ നികുതി	240331.00	240331.00	-
ലൈസൻസ് ഫീ	191818.00	19181.00	-

95-95 പഞ്ചായത്ത് വരവ് സംബന്ധിച്ച പട്ടിക

പട്ടിക 2

ഇനം	തുക
JRY	6,06,446.00
ഉപാധിരഹിത ഫണ്ട്	2,52,480.00
ഗ്രാമീണ റോഡ് പരിപാലനം	1,77,290.00
ലൈബ്രറി ഗ്രാന്റ്	17,492.00
സാമൂഹ്യക്ഷേമ വകുപ്പ്	24,570.00

പട്ടിക-3

1995-96ൽ പഞ്ചായത്ത ചെലവ് സംബന്ധിച്ച പട്ടിക

ഇനം	ചെലവഴിച്ച തുക	ശതമാനം
ഭരണ നിർവ്വഹണം	8,00,697	29
പൊതുമരാമത്ത്	10,17,137	36
വിദ്യാഭ്യാസം	66,252	2
ജലവിതരണം ആരോഗ്യം	1,95,577	7
തെരുവുവിളക്ക്	66,675	2
മറ്റുള്ളവ	654978	24
ആകെ	2801316	-

പട്ടിക 4 JRY പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ

പണിചെയ്ത വർഷം	ജനറൽ		SC/ST	
	എസ്റ്റിമേറ്റ് തുക	നൽകിയത്	എസ്റ്റിമേറ്റ് തുക	നൽകിയത്
1992-93	582550.00	436000.00	72500.00	115000.00
1993-94	551000.00	262400.00	162000.00	84200.00
1994-95	638600.00	298600.00	235200.00	165200.00
1996-97	491794.00	-	106050.00	-

സ്വന്തമായി കാറും ഇരുചക്രവാഹനങ്ങളും ഉള്ളവരുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാൽ റോഡ് ടാർ ചെയ്ത് പരിപാലിക്കുവാൻ പണം നൽകി പങ്കാളിത്തം വഹിക്കുവാൻ കഴിവും ബാധ്യതയുമുള്ളവരുടെ എണ്ണം കൂടിവരികയാണ്. നേരിട്ട് ഗുണം ചെയ്യുന്ന കാര്യങ്ങൾക്കുവേണ്ടി സംഭാവന ചെയ്യുവാൻ ജനങ്ങൾക്ക് താല്പര്യമുള്ളതിനാൽ അധ്വാനശേഷിയും പണവും സമഹരിക്കാവുന്ന മേഖലയാണിത്.

പഞ്ചായത്ത് സംവിധാനത്തിന്റെ പുറത്തു നിന്നുകൊണ്ട് ജനങ്ങളുടെ കൂട്ടായ സംരംഭങ്ങളിലൂടെയാണ് നടപ്പാതകൾ ഗതാഗത യോഗ്യമായ റോഡുകളാക്കി മാറ്റിയിട്ടുള്ളത്.ജനങ്ങൾ സംഘടിക്കുമ്പോൾ അദ്ധ്വാന ശേഷി സമാഹരിക്കുകയും റോഡിനു വീതി കൂട്ടുവാൻ വേണ്ട സ്ഥലം വസ്തു ഉടമകൾ വിട്ടുതരാൻ തയ്യാറാവുകയും ചെയ്യുന്നു.

ഇത്തരം സംരംഭങ്ങൾക്ക് പ്രേരണയും സഹായവും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ പഞ്ചായത്തുകൾ നൽകാൻ തയ്യാറായാൽ ജനകീയ പങ്കാളിത്തത്തോടുകൂടി ലക്ഷക്കണക്കിന് രൂപാ വിലമതിക്കുന്ന നിർമ്മാണപ്രവർത്തനം പഞ്ചായത്തിന്റെ പണം മുടക്കാതെ ചെയ്യാൻ സാധിക്കും.

നിലവിലുള്ള ഗ്രാമീണറോഡുകളുടെ പരിപാലനമാണ് ജനപങ്കാളിത്തത്തിലൂടെ വിഭവസമാഹരണം നടത്താൻ കഴിയുന്ന മറ്റൊരു നിർമ്മാണ മേഖല. ഗ്രാമീണ റോഡുകളുടെ പരിപാലനത്തിനായി 5000 രൂപ വീതം ചെലവാക്കുന്ന ഇന്നത്തെ രീതി വിഭവങ്ങളുടെ ചോർച്ചയെ മാത്രമാണ് പലപ്പോഴും സഹായിക്കുന്നത്. 5000 രൂപ ചെലവഴിക്കുമ്പോൾ കഷ്ടിച്ച് 2000 രൂപ വിലമതിക്കുന്ന ജോലിയാണ് നടക്കുക. ഇത് റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്താൻ അപര്യാപ്തമാണ്. ഇവിടെ ഒരു ബദൽ സംവിധാനം വളർത്തിക്കൊണ്ടുവരണം.

ശ്രമദാനത്തിലൂടെ റോഡ് പരിപാലനം നടത്താൻ തയ്യാറാവുന്ന ഗ്രാമസഭകളെ 2000 രൂപ വീതം ഏല്പിച്ചാൽ കുറഞ്ഞത് 5000 രൂപാ വിലമതിക്കുന്ന ജോലി നിർവ്വഹിക്കപ്പെടും.

പൊതുകിണറുകളുടെ വാർഷിക പരിപാലനമാണ് ഇതു പോലെ ചെയ്യാൻ പറ്റുന്ന മറ്റൊരുജോലി. പഞ്ചായത്ത് പൊതുകിണറുകൾ കുഴിച്ചുകൊടുക്കേണ്ടത് ആവശ്യമാണ്.ഒരു കിണർ അഞ്ചോ, പത്തോ വീടുകൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ അത് വൃത്തിയായി പരിപാലിക്കാനുള്ള ഉത്തരവാദിത്വം അവരുടേതാണ്.ഇക്കാര്യം അവരെ ബോദ്ധ്യപ്പെടുത്തണം.

പണംമുടക്കാതെ മനുഷ്യപ്രയത്നം കൊണ്ട് ചെയ്യാവുന്ന ജോലിയാണ് ഇത്. ഈ സമീപനം കൈക്കൊള്ളാത്ത പക്ഷം കിണറുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് പഞ്ചായത്തുകളുടെ സാമ്പത്തിക ബാദ്ധ്യതയും വർദ്ധിച്ചുകൊണ്ടിരിക്കും. കുളങ്ങൾ വൃത്തിയാക്കുന്ന കാര്യത്തിലും ഈ സംവിധാനം ഏർപ്പെടുത്തണം.

ജലവിതരണ സംവിധാനത്തിനായി പഞ്ചായത്ത് നല്ലൊരു തുക ചിലവഴിക്കുന്നുണ്ട്. പ്രതിമാസം ഒരു നിശ്ചിത തുക വീതം പഞ്ചായത്തിലെ അടക്കാൻ തയ്യാറാവുന്ന സംഘങ്ങളുള്ള സ്ഥലങ്ങളിൽ മാത്രം പൊതുടാപ്പുകൾ നൽകുന്ന രീതി പ്രാവർത്തികമാക്കിയാൽ ജലവിതരണ സംവിധാനം പരിപാലിക്കുവാൻ വേണ്ടതിന്റെ ഒരുഭാഗം തുക കണ്ടെത്താൻ കഴിയും. അതോടൊപ്പം പൊതുടാപ്പുകളുടെ എണ്ണവും സ്ഥാനവും ആവശ്യത്തിന്റെ അടിസ്ഥാനത്തിൽനിശ്ചയിക്കാനും അതുവഴി ആവലാതികൾ പരമാവധി കുറക്കാനും കഴിയും. കൂടാതെ പൊതുടാപ്പുകളുടെ അറ്റകുറ്റപ്പണിയും ഇങ്ങനെ ഏൽപിക്കാൻ കഴിയണം.

പ്രശ്നങ്ങൾ

*വികസന പ്രവർത്തനങ്ങൾക്ക് പണം തികയുന്നില്ല.

*പഞ്ചായത്തിനു ലഭിക്കേണ്ട വിഹിതം സമയാസമയങ്ങളിൽ ലഭിക്കുന്നില്ല.

*ഭരണനിർവ്വഹണം, പൊതുമരാമത്ത് രംഗങ്ങളിൽ വരവിന്റെ വലിയഭാഗം ചിലവഴിക്കപ്പെടുന്നു.

*കുടിവെള്ളം,വൈദ്യുതി എന്നിവക്ക് നൽകുന്ന പണത്തിനനുസരിച്ച സേവനം ലഭ്യമല്ല.

*കാർഷിക-വ്യാവസായിക രംഗത്തെ നിശ്ചലാവസ്ഥ.

*വികസന പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തം വേണ്ടവിധം ഉണ്ടാവുന്നില്ല.

*പണം ചെലവു ചെയ്യുന്നതിലെ പരമ്പരാഗതമായരീതി.

സാദ്ധ്യതകൾ.

*വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി പരിച്ചെടുക്കാൻ കഴിയണം. നികുതി വലിയൊരു ഭാരമാവരുത്.. വരുമാനത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ നികുതിയായി പിരിച്ചെടുക്കാവൂ.

*നികുതി കൃത്യമായി പിരിച്ചെടുക്കാൻ വാർഡ് പ്രതിനിധികളും വികസന സമിതിയും സഹായിക്കണം.

*റോഡ്, കുളം, കിണർ തുടങ്ങിയവയുടെ നിർമ്മാണത്തിന് ആവശ്യമായി വരുന്ന സാധന സാമഗ്രികളുടെ ചെലവുമാത്രം പഞ്ചായത്ത് വഹിക്കുകയും പ്രവൃത്തി സന്നദ്ധപ്രവർത്തനം വഴി നടത്തുകയും ചെയ്യണം. ഗ്രാമ സഭ വഴി ചിലവ് ക്രമപ്പെടുത്താൻ കഴിയും.

*തെരുവു വിളക്കുകൾക്ക് ആവശ്യമായ വൈദ്യുതി ഉപഭോഗം തിട്ടപ്പെടുത്തി വൈദ്യുതിച്ചിലവിനനുസരിച്ച് ചാർജ് നൽകാൻ സംവിധാനം ഏർപ്പെടുത്തണം.

*പുറമ്പോക്കുകളിലും മറ്റും കെട്ടിടം പണിഞ്ഞും വാടകയ്ക്ക് നൽകിയും വരുമാനം വർദ്ധിപ്പിക്കാം.

*ഗൾഫ് മലയാളികളുടെ വരുമാനം ഫലപ്രദമായി ഉപയോപ്പെടുത്തണം. വിവിധ വികസന സംരംഭങ്ങൾക്ക് പ്രേരണനൽകണം.

ബാങ്കുകളെക്കൊണ്ട് വാർഡുകൾ ദത്തെടുപ്പിക്കുക. വികസന പ്രവർത്തനങ്ങൾക്ക് വായ്പ സംഘടിപ്പിക്കുക.

*PAD(K) പോലുള്ള ഏജൻസികളിൽനിന്ന് ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പ്രൊജക്ട് അംഗീകരിപ്പിച്ച് ധന സഹായം നേടുക.

*വ്യാപാരികളിൽനിന്ന് ഓടകളുടേയും റോഡുകളുടേയും സംരക്ഷണത്തിന് സഹായം തേടുക.

*നിശ്ചിത പരിധിയിൽ കവിഞ്ഞ ചിലവിൽ പണിയുന്ന വീടുകൾക്ക് അധിക നിരക്കിൽ നികുതി ഈടാക്കുക.

*ഭരണച്ചിലവുകൾ പരമാവധികുറച്ചുകൊണ്ടുവരിക.

*ആഡംബര വസ്തുക്കൾക്ക് ചെറിയ തോതിൽ നികുതി ചുമത്തുക.

*കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഭേദഗതി വരുത്തി പഞ്ചായത്തിന് അധിക വരുമാനത്തിന് അവസരമുണ്ടാക്കുക.

*കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം പൂർത്തീകരിച്ചാൽ വിവാഹാവശ്യങ്ങൾക്കും മറ്റും ഉപയോഗപ്പെടുത്താം.ഇതുവഴി പഞ്ചായത്തിന് വരുമാനമുണ്ടാക്കാൻ കഴിയും.

*ചെങ്കല്ല് വ്യാപാരാടിസ്ഥാനത്തിൽ കൊത്തിയെടുക്കുന്നതിനും കരിങ്കൽ ക്വാറികൾക്കും ഫീസ് ഏർപ്പെടുത്താവുന്നതാണ്.

*കൂടുതൽ സ്ഥലസൗകര്യംലഭ്യമാക്കുന്ന വിധത്തിൽ ബസ്സ് സ്റ്റാന്റ് ആസൂത്രണം ചെയ്യുന്ന പക്ഷം ഷോപ്പിങ് കോംപ്ലക്സ്,പുതിയ കെട്ടിടങ്ങൾ മുതലായവയിൽ നിന്നും സ്ഥിര വരുമാനം ഉണ്ടാക്കാം.

*പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സ്ഥിരം മാർക്കറ്റ് സ്ഥാപിക്കുന്നതായാൽ വാടക ഇനത്തിലും ആഴ്ചച്ചന്ത വകയിലും വരുമാനം വർദ്ധിക്കും.

*ആഡംബരപൂർണ്ണമായ വിവാഹങ്ങൾ തുടങ്ങിയവക്ക് രജിസ്ട്രേഷൻ വകയിലോ, അല്ലാതെയോ ഫീസ് ചുമത്താവുന്നതാണ്.

*മഞ്ഞപ്പുഴയുടെ സാദ്ധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് കളിപ്പൊയ്ക മാതൃകയിൽടൂറിസ്റ്റുകളെ ആകർഷിക്കത്തക്കവിധം പരീപാടികൾ പരിഗണിക്കാവുന്നതാണ്.

KERALA INSTITUTE OF LOCAL ADMINISTRATION

A 320

അധികാരം ജനങ്ങളിലേക്ക്